# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 18 | No. 6
JUNE 2021





## നമ്മൾ അതിജീവിക്കും

www.malankaralibrary.com




# യേശു നിങ്ങളെ വിളിക്കുന്നു!

വചനപ്രഘോഷണം, കുടുംബ പ്രേഷിതത്വം, ആതുരസേവനം,
വിദ്യാഭ്യാസപ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ
യേശുവിന്റെ രക്ഷാകരസ്നേഹം ലോകത്തിന് പകർന്നുകൊടുക്കാൻ
ആഗ്രഹിക്കുന്ന കുഞ്ഞനുജത്തിമാർക്ക് സ്വാഗതം.

## MSMI GENERALATE

Vimalalayam, Kulathuvayal, Kayanna P.O
Perambra, Kozhikode Dt- 673 526
Ph: 9495 443 805, 6282 502 044


www.malankaralibrary.com

# എഡിറ്റോറിയൽ

ഒരു കഥപറഞ്ഞുകൊണ്ടു തുടങ്ങട്ടെ. ഒരു രാജാവിന് ധാരാളം ആനകൾ ഉണ്ടായിരുന്നു. അതിലൊന്ന് അസാമാന്യ ശക്തിയും മിടുക്കും ഉള്ളതായിരുന്നു. പല യുദ്ധങ്ങളിലും മുൻനിരയിൽനിന്ന് വിജയം നൽകിയ ഗജവീരൻ. കാലം കുതിച്ചു. ആനയ്ക്ക് പ്രായാധിക്യമായി. അവൻ യുദ്ധഭൂമിയിൽ തഴയപ്പെട്ടു. ഒരുനാൾ അത് വെള്ളം കുടിക്കാനായി തടാകത്തിലിറങ്ങി. നിർഭാഗ്യമെന്നു പറയട്ടെ, ചെളിയിൽ താഴാൻ തുടങ്ങി. അടവുകൾ പലതുനോക്കിയിട്ടും അവനു കരകയറാനായില്ല. നിസ്സഹായതയിലെ നിലവിളി നാടിനെ പ്രകമ്പനം കൊള്ളിച്ചു; രാജസന്നിധിയിലും അതെത്തി. രാജാവ് തന്റെ പ്രിയനെ കാണാനെത്തി. നാട്ടുകാരെല്ലാം കിണഞ്ഞുപരിശ്രമിക്കുകയാണ് അതിനെ കരകയറ്റാൻ. അപ്പൊഴാണ് രാജസേനയെ മുമ്പ് നയിച്ചിരുന്ന ഒരു മുതിർന്ന പട്ടാളക്കാരൻ ആ വഴി വന്നത്. പ്രതിസന്ധി മനസ്സിലാക്കി അദ്ദേഹം രാജാവിനോട് പറഞ്ഞു: 'നമ്മൾ യുദ്ധഭൂമിയിൽ മുഴക്കുന്ന കാഹളം മുഴക്കുക.' രാജകല്പനപ്രകാരം പടനായകർ കാഹളം മുഴക്കി. നിരവധി യുദ്ധങ്ങൾക്ക് വീര്യം പകർന്ന ആ ഗജകേസരിയുടെ കർണപുടങ്ങളിൽ കാഹളധ്വനി പതിച്ചപ്പോൾ, ആന അതിന്റെ ഉൾക്കരുത്ത് തിരിച്ചറിഞ്ഞ് താൻ കിടക്കുന്ന ചെളിയിൽനിന്ന് താനേ പുറത്തുവന്നു. കഥ പഴയതെങ്കിലും പുതിയ ലോകത്തിന് ആവശ്യമായ ചില പാഠങ്ങളുണ്ടിതിൽ.

സാധ്യതകളുടെയും സാങ്കേതികതയുടെയും വിഹായസ്സിൽ അഭിരമിച്ച മാനവരാശി ഇന്ന് ഒരു സൂക്ഷ്മവൈറസിന്റെ പിടിയിലാണ്, അതിന്റെ അമിതാകുലതകളിലാണ്. അതിനെ അതിജീവിക്കാൻ വാക്സിനും പ്രതിരോധമരുന്നുകൾക്കുമൊപ്പം ഇന്ന് മനുഷ്യനിലേക്ക് നിർലോഭം പകരേണ്ടത് പോസിറ്റീവ് എനർജി കൂടിയാണ്. "പുതുജീവിതശൈലികളിലേക്കാണ് കോവിഡ് നമ്മെ ക്ഷണിക്കുന്നത് " (ഫ്രാൻസിസ് പാപ്പ).

കാണുന്നതും കേൾക്കുന്നതുമെല്ലാം നെഗറ്റിവിറ്റിയാണ്. രോഗത്തിനു പുറമേ, അത് നൽകുന്ന മാനസിക ഭാരത്തിന്റെ പ്രത്യാഘാതങ്ങൾ എണ്ണമറ്റവയാണ്. മനുഷ്യനിൽ മയങ്ങിക്കിടക്കുന്ന ഊർജവും സാധ്യകളും തിരിച്ചറിഞ്ഞ്, അസ്ഥിയിൽ അഗ്നിയുമായി (fire in the belly) കുതിച്ചു മുന്നേറാനുള്ള മാനവശേഷിയെ രൂപപ്പെടുത്താനുള്ള പ്രയത്നങ്ങളാണ് ഇന്നുണ്ടാകേണ്ടത്. സർഗാത്മതകൾ സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു സംയോഗകർമശൈലി (synergy) ക്കാണ്, ക്ഷീണിതവും ശോഷിതവുമായ ഇന്നത്തെ സമൂഹത്തിന്റെ അതിജീവനത്തെക്കുറിച്ച് ചിന്തിക്കുന്ന മതവും രാഷ്ട്രവും സാമൂഹികപ്രസ്ഥാനങ്ങളുമൊക്കെ വിചാരപ്പെടേണ്ടത്. മനുഷ്യനിൽ അന്തർലീനമായ സഞ്ചിതബോധ (collective consciousness) ത്തിലേക്ക് അവനെ ഉണർത്തണം. ഇവിടെ പ്രതീക്ഷയും സ്നേഹവും സാഹോദര്യവും സഹകരണവും സഹായവും സൗഹൃദവും ദൈവവിചാരവും ചേരുന്ന സിംഫണി ഉയർന്നാൽ, നമ്മൾ ഏതു കുഴിയിൽ നിന്നും പുറത്തുവരും. നമ്മൾ അതിജീവിക്കും! തളരരുത്. ആരെയും


www.malankaralibrary.com

തളർത്തുകയുമരുത്. നമുക്കൊരുമിച്ചു നേരിടാം. 'ഒപ്പമുണ്ട്' എന്നൊരു വാക്കുമതി പലർക്കും പലതിൽനിന്നും കരേറാൻ. അതുപറയാനുള്ള മനസിനുടമയെന്നതിനെക്കാൾ മികച്ചതൊന്നും മിച്ചംവയ്ക്കാനില്ല ഇക്കാലത്ത്. മതിലുകളുടയ്ക്കുന്ന ഒരു മാനവികത ഇവിടെ വളർന്നുകഴിഞ്ഞു എന്നത് ശുഭോദർക്കമാണ്.

എത്ര സജീവമായാണ് നമ്മുടെ സാമൂഹിക- ആരോഗ്യ- ക്ഷേമപ്രവർത്തനങ്ങൾ സംരക്ഷണത്തിന്റെ വലയംതീർക്കുന്നത്. പൊതുനന്മയെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും പങ്കുവയ്ക്കലിനെക്കുറിച്ചുമൊക്കെ എത്രയെത്ര ഗുണപാഠങ്ങൾ ഈ നാളുകളിൽ നമ്മൾ സ്വന്തമാക്കി. അതിവേഗഓട്ടങ്ങളും അമിതകൂട്ടങ്ങളും എന്നതിനെക്കാൾ അവനവന് ഉത്തരവാദിത്വത്തോടെ ജീവിക്കാനുള്ള ആത്മജ്ഞാനം കൈവന്നില്ലേ? പരവിചാരത്തിന്റെ പാഠഭേദങ്ങൾ നാമറിഞ്ഞു. തീരദേശത്തിലടിക്കുന്ന ഓരോ തിരയും നമ്മുടെ നെഞ്ചിടങ്ങളിലും പതിഞ്ഞിരുന്നെങ്കിൽ! ഓൺലൈൻ വിദ്യാഭ്യാസത്തിനു ഒരു മൊബൈൽ ഫോൺ പോലുമില്ലാത്ത നമ്മുടെ കുഞ്ഞുങ്ങളിലേക്ക് കരങ്ങൾ നീട്ടുന്നതിനേക്കാൾ മഹത്തരം മറ്റെന്തുണ്ട്? രോഗവും ദുരിതവും വേർപാടും സാമ്പത്തിക പ്രാരാബ്ധവും അനുഭവിക്കുന്ന ഓരോരോ വ്യക്തികളും നമ്മുടെ സഹോദരങ്ങൾത്തന്നെയെന്ന തിരിച്ചറിവല്ലേ നമുക്കുവേണ്ടത്? സ്ത്രീധനപീഡനത്തിനും ആത്മഹത്യകൾക്കും വിട്ടുകൊടുക്കാതെ നമ്മുടെ പെൺമക്കളെ ചേർത്തുനിർത്തുമ്പോളല്ലേ നമ്മുടെ സംസ്കാരം സമ്പന്നമാകുന്നത്? മണ്ണും മരവും നോവിക്കാത്ത ഒരു മാനവികത നമ്മിലുണർന്നാൽ മതി എല്ലാം നേരെയാകും. പ്രത്യാശയുടെ രാവുകൾ കൊഴിയുമ്പോൾ, അപരന്റെ ജീവിതത്തിന്റെ കൊഴിയാത്ത 'അവസാന ഇലകൾ' (The Last Leaf) ഈ ജിവിതം അർത്ഥ പൂർണമാക്കാം. എത്ര നിസ്സാരരാണു നാം! ഒന്നും നമ്മുടേതോ നമ്മുടെ കരങ്ങളിലോ അല്ല. അതിനാൽ അഹംഭാവം വെടിഞ്ഞ് മിഴികളുയർത്താൻ കഴിഞ്ഞെങ്കിൽ!

പ്രകാശിതമനുഷ്യൻ പ്രതിസന്ധികളെ അതിജീവിക്കാൻ അറിയുന്നവനായിരിക്കും (Paulo Coelho). ഉത്തരവാദിത്വത്തോടെ, നിരാശകൂടാതെ ഒരു ജീവിതശൈലീമാറ്റത്തിനു നമുക്കു കൈകോർക്കാം. വീട്ടകവും നാട്ടുഭക്ഷണവും നന്മയുള്ള മനസുമൊക്കെ നമുക്കു തിരിച്ചുകൊണ്ടുവരാം. തൊടികളിൽ കായ്കനികൾ നിറയ്ക്കാം. സാമൂഹിക അകലത്തിലും ഹൃദയങ്ങൾ അടുപ്പിക്കാം, കൈകഴുകുംപോലെ ഹൃദയവും വെടിപ്പാക്കാം. മുഖാവരണംപോലെ ത്യാജ്യഗ്രാഹ്യ വിവേചന നമ്മിലുണ്ടാകട്ടെ. നമ്മൾ അതിജീവിക്കുകതന്നെ ചെയ്യും.

ചീഫ് എഡിറ്റർ


www.malankaralibrary.com

# ഉള്ളടക്കം





പുസ്തകം 18 ലക്കം 6 2021 ജൂൺ

രക്ഷാധികാരി
ഫാ. ഡൊമിനിക് മുണ്ടാട്ട് MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

സഹരക്ഷാധികാരി
ഡോ. ജി. കടൂപ്പാറയിൽ MCBS

പത്രാധിപർ
ഫാ. ജോയി ചേഞ്ചേരിൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

മാർക്കറ്റിംഗ് മാനേജർ
ഫാ. സ്റ്റെബിൻ വിതയത്തിൽ MCBS

സർക്കുലേഷൻ മാനേജർ
ഫാ. ചാക്കോ വടക്കേത്തലക്കൽ MCBS

മുഖചിത്രം
വർഗീസ് ജോർജ്

അക്ഷരവിന്യാസം
നിഷ ബിനു

രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം - 682 015
ഫോൺ : 0484 - 2663933, 2664733,
9995802006
e-mail : mail@karunikan.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
എമ്മാവൂസ് പ്രസിദ്ധീകരണം


**BANK DETAILS**

| | | |
|---|---|---|
| A/c Name | : | Director Karunikan |
| A/c No. | : | 17530100030870 |
| IFSC Code | : | FDRL0001753 |
| Bank | : | Federal Bank, Thevara |

## സംവാദം


08 കോവിഡ് കേരളത്തിനു നൽകിയ പാഠങ്ങൾ

15 കോവിഡ് പ്രതിരോധം കേരള സഭയുടെ കരുതൽ

18 മഹാമാരികൾ മുൻകരുതലും ജാഗ്രതയും

21 കോവിഡ് വാക്സിനും ആശങ്കകളും

24 'അക്യൂട്ട് ഓൺ ക്രോണിക്' അഥവാ കുനിന്മേൽ കുരു

27 കൊറോണക്കെതിരേ ഒരു സൈക്കോളജിക്കൽ മൂവ്

29 കോവിഡനന്തര വിദ്യാഭ്യാസം പരിമിതിയും സാധ്യതയും




## ക്രൈസ്തവം


33 | ജ്യോതിർഭവനിലെ ജ്യോതിസ് ഹാപ്പിയാണ്

37 | കവിതയുടെ വർണവസ്ത്രധാരി ജെറർഡ് മാൻലി ഹോപ്കിൻസ്

39 | തലതൊടുന്നവരും ആത്മീയബന്ധവും വിവാഹവും


www.karunikan.com

## സാമൂഹികം




42 | വർഗീയ രാഷ്ട്രീയവും മതരാഷ്ട്രവാദവും

45 | ഒരു തുള്ളിജീവിതം

48 | ആർക്കറിയാം

51 | അക്ഷരരവം

03 എഡിറ്റോറിയൽ

06 പ്രതികരണം



www.malankaralibrary.com



# പ്രതികരണം

വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് പ്രതികരണ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയ പ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. പൂർണമായ പ്രതിപക്ഷ ബഹുമാനത്തോടുകൂടി സഭ്യ മായരീതിയിൽ അവയെ ഉൾപ്പെടുത്തുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

*– പത്രാധിപർ*

## മുറിയപ്പെടണം; മുറിച്ചുകൊടുക്കണം

ഏപ്രിൽലക്കം കാരുണികനിലെ ഇടയശബ്ദത്തിൽ ഏതാണ്ട് ഒൻപതോളം പിതാക്കന്മാർ ജീവന്റെ സമൃദ്ധിക്കുവേണ്ടി പ്രതികരിച്ചു.കൊള്ളാം നന്നായിരിക്കുന്നു. എന്നാൽ സ്വന്തം അനുഭവത്തിലൂടെ ലാർജ് ഫാമിലിയുടെ സംതൃപ്തിദായകമായ ഒരുമയുടെയും കൂട്ടായ്മയുടെയും മാധുര്യം ഹൃദ്യമായി. മാർ റാഫേൽ തട്ടിൽപിതാവ് പങ്കുവച്ചപ്പോൾ ആ വാക്കുകൾക്ക് കൂടുതൽ ആധികാരികതയും വിലയുമുള്ളതായി തോന്നി. ഞാൻ എന്റെ കുടുംബത്തിലെ പത്താമത്തെ ആളാണ്. എനിക്ക് താഴെ മൂന്നുപേർകൂടിയുണ്ട്. ഒരുമയുടേയും പങ്കുവയ്ക്കലിന്റെയും ഈ മാധുര്യം അനുഭവിക്കാൻ ഇന്നും എനിക്ക് കഴിയുന്നുണ്ട്. സഭയുടെ ഭാഗത്തുനിന്ന് എപ്പോഴും ലാർജ് ഫാമിലി വേണം എന്നുപറയുന്നതല്ലാതെ ലാർജ് ഫാമിലിയെ സഭ എങ്ങനെ പ്രോത്സാഹിപ്പിക്കുന്നുണ്ട് എന്ന പിതാവിന്റെ ചോദ്യം ഏവരും ആത്മാർത്ഥമായി ഏറ്റെടുക്കേണ്ടതുണ്ട്. അഞ്ചാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകാൻ മെത്രാൻ വന്നതുകൊണ്ടുമാത്രം പ്രോത്സാഹിപ്പിക്കാനാവില്ല. ആ കുഞ്ഞും കുടുംബവും എങ്ങനെ ജീവിക്കുന്നു എന്നുള്ളത് അന്വേഷിക്കണം. വാചകക്കസർത്തുപോലെ അത്ര എളുപ്പമല്ല മുറിയപ്പെടലും മുറിച്ചുകൊടുക്കലും; അത് ത്യാഗം ആവശ്യപ്പെടുന്നു.

ജീവന്റെ സമൃദ്ധി സംവാദത്തിൽ എന്നെ കൂടുതൽ ആകർഷിച്ചത് ഡോക്ടർ സുമ ഗിൽസൺ നടത്തിയ 'വലിയ കുടുംബാംഗങ്ങളുടെ നിറവും കുറവും' എന്ന ലേഖനംതന്നെയാണ്. ഡോക്ടർ സ്വന്തം അനുഭവങ്ങളും ഈ മേഖലയിലുള്ള അറിവും വലിയ കുടുംബങ്ങൾ സമൂഹത്തിൽനിന്നും വിശ്വാസികൾ എന്ന് വിശേഷിപ്പിക്കുന്നവരിൽനിന്നും അനുഭവിക്കേണ്ടിവരുന്ന അവഗണനയും പരിഹാസവും അതുപോലെതന്നെ അണുകുടുംബങ്ങൾക്ക് സമൂഹം കൽപ്പിച്ചുനൽകുന്ന സ്വീകാര്യതയും എല്ലാം സത്യസന്ധമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. നമ്മുടെ നേതൃത്വങ്ങൾ ഇങ്ങനെയുള്ള ലേഖനങ്ങളിലെ സത്യസന്ധതയും ആത്മാർത്ഥതയും മനസ്സിലാക്കി പ്രതികരിക്കേണ്ട സമയം അതിക്രമിച്ചോ? ഈ സംവാദത്തിന്റെ വെളിച്ചത്തിൽ എനിക്ക് തോന്നിയത് പൂർണമായ ദൈവസ്നേഹത്തിൽ ജീവിക്കുന്ന സഭാമക്കൾക്കുമാത്രമേ ഈ കാലഘട്ടത്തിൽ സ്ഥിരമായ ഒരു തീരുമാനം 'ലാർജ് ഫാമിലി' നടപ്പാക്കാൻ സാധിക്കൂ. ജീവന്റെ സമൃദ്ധിക്കുവേണ്ടി പ്രോലൈഫും ജീസസ് യൂത്ത് മൂവ്മെന്റും മറ്റ് സഭാസംവിധാനങ്ങളും നൽകുന്ന മുന്നേറ്റങ്ങൾ നമ്മുടെ സഭയെ കൂടുതൽ സമ്പന്നമാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അവസാനമായി കാരുണികനോട് ഒരു അഭ്യർത്ഥന: ജീവിതത്തിലും സഭാമണ്ഡലത്തിലും ആനുകാലികമായ പ്രവണതകളെ നോക്കികാണുകയും വിലയിരുത്തുകയും ചെയ്യുന്ന ഒരു മാധ്യമം എന്ന നിലയിൽ നമ്മുടെ പൊതുബോധനിർമിതിയിൽ ഈ കാലഘട്ടത്തിൽ വായനയെക്കാൾ കൂടുതലായി സോഷ്യൽ മീഡിയ പങ്കുവഹിക്കുന്നുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇപ്പോൾ കാരുണികൻ, പുസ്തകങ്ങളെയും സിനിമയെയും മറ്റും വിലയിരുത്തുന്നതുപോലെ സോഷ്യൽ മീഡിയയിൽ എത്തുന്ന കാര്യമാത്രപ്രസക്തമായ വിഷ്വലുകളെയും ജീവിതത്തിൽ നിരൂപണവിധേയമാക്കാൻ സാധിക്കുമോ? ഞാൻ ഉദ്ദേശിച്ചത് നമ്മുടെ *ഫിയാത്ത് മിഷൻ* അവതരിപ്പിക്കുന്ന പുണ്യാളൻപോലുള്ള സീരിയലുകൾ വേദികളിൽ ചർച്ചചെയ്തു വരുന്നത് കാണുന്നില്ല. ഒരു ചിന്ത പങ്കുവച്ചുവെന്നേയുള്ളൂ.

**റെമിജിയാസ് മാച്ചിനാനിക്കൽ**
*തോമാപുരം , 9447394305*

# സംവാദം

കോവിഡ് – 19
കേരളത്തിന്റെ ആരോഗ്യമേഖലയെ മാത്രമല്ല സാമൂഹിക–സാമ്പത്തിക–വിദ്യാഭ്യാസ–ആധ്യാത്മിക മേഖലകളെയും അടിമുടി ഉടച്ചുവാർത്ത മഹാമാരിയാണ്. രണ്ട് അതിതീവ്രവ്യാപനങ്ങളെ നേരിട്ട് കിതച്ചുനിൽക്കുന്ന കേരളസമൂഹത്തിന്റെ തുടർപ്രയാണങ്ങളെയും ആരോഗ്യമേഖല സ്വീകരിക്കേണ്ട നവചുവടുവയ്പുകളെയും അതിജീവനത്തെയും പ്രതിരോധകാഴ്ചകൾ കൊണ്ട് വിലയിരുത്തുകയാണ് ഈ ലക്കം കാരുണികൻ.



# നമ്മൾ അതിജീവിക്കും

- കോവിഡ് കേരളത്തിനു നൽകിയ പാഠങ്ങൾ
- കോവിഡ് പ്രതിരോധം കേരള സഭയുടെ കരുതൽ
- മഹാമാരികൾ മുൻകരുതലും ജാഗ്രതയും
- കോവിഡ് വാക്സിനും ആശങ്കകളും
- 'അക്യൂട്ട് ഓൺ ക്രോണിക്' അഥവാ കൂനിന്മേൽ കുരു
- കൊറോണക്കെതിരേ ഒരു സൈക്കോളജിക്കൽ മൂവ്
- കോവിഡനന്തര വിദ്യാഭ്യാസം പരിമിതിയും സാധ്യതയും

ഷൈലജടീച്ചർ MLA / ഫാ. ജോയി ചെഞ്ചേരിൽ MCBS
ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡോ. സി. എം. ജോയി
ഡോ. ബെന്നറ്റ് സൈലം
ഡോ. റിനറ്റ് സെബാസ്റ്റ്യൻ
റവ. ഡോ. ഡേവ് അഗസ്റ്റിൻ അക്കര കപ്പൂച്ചിൻ
ഡോ. പി.കെ. പത്മകുമാർ


www.malankaralibrary.com

# കോവിഡ് കേരളത്തിനു നൽകിയ പാഠങ്ങൾ

**ആഗോളവ്യാപകമായി പെയ്തിറങ്ങിയ കോവിഡ് മഹാമാരി കേരളത്തെയും പിടിച്ചുലച്ചപ്പോൾ ആരോഗ്യരംഗത്തെ കരുതലോടെ നയിക്കുകയും ജനജീവിതത്തെയും ആരോഗ്യനിലവാരത്തെയും സംരക്ഷിക്കാൻ രാപകൽ അക്ഷീണം പരിശ്രമിക്കുകയും ചെയ്ത സംസ്ഥാനത്തിന്റെ മുൻ ആരോഗ്യമന്ത്രി ഷൈലജടീച്ചറുമായി കാരുണികൻ ചീഫ് എഡിറ്റർ ഫാ. ജോയി ചെഞ്ചേരിൽ നടത്തിയ അഭിമുഖത്തിൽനിന്ന് തയ്യാറാക്കിയ ലേഖനം.**



കോവിഡ് കേരളത്തിനു മാത്രമല്ല ലോകത്തിനുതന്നെ വലിയ പാഠമാണ് നൽകിയിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ലോകരാജ്യങ്ങളൊക്കെ ഭാവിയിൽ നിക്ഷേപം ചെയ്യേണ്ടത് പൊതുജനാരോഗ്യമേഖലയിലാണെന്നുള്ളതാണ്. ഭൂമിയിൽ പലതവണകളായി സൂക്ഷ്മവൈറസുകളുടെ വലിയ തോതിലുള്ള ആക്രമണം ഉണ്ടായിട്ടുണ്ട്, തത്ഫലമായി പലതരം രോഗങ്ങളും. സ്പാനിഷ് ഫ്ളൂ, ഏഷ്യൻ ഫ്ളൂ, വസൂരി എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. അതിനെയെല്ലാം ചെറുക്കാൻ മനുഷ്യൻ കാലാകാലങ്ങളിൽ പരിശ്രമിച്ചിട്ടുണ്ട്. ശാസ്ത്രത്തിന്റെ സഹായത്തോടെ അതിനു പ്രതിരോധവും പ്രതിവിധികളും കണ്ടെത്തിയുമിരുന്നു. കാലംകടന്നുപോകുന്തോറും നൂതനവൈറസുകളുടെ ആക്രമണങ്ങളുണ്ടാകുമ്പോൾ ശാസ്ത്രീയമായ മുന്നേറ്റങ്ങളും പ്രതിരോധനടപടികളും നാം നടത്തിക്കൊണ്ടിരിക്കുന്നു എന്നതും വിസ്മരിക്കാനാവില്ല. ഇതിന്റെയൊക്കെ പരിണതഫലമായാണ് പ്രതിരോധകുത്തിവയ്പ് കണ്ടെത്തിയതും അതുവഴി വസൂരിയെ പൂർണമായും മാറ്റിനിർത്താൻ നമുക്ക് കഴിഞ്ഞതും. എന്നാൽ അതിന്റെ ചില വകഭേദങ്ങൾ ചിക്കൻ പോക്സ് പോലുള്ളവ ഇപ്പോഴും



www.malankaralibrary.com

ലോകത്തിൽ ഉണ്ടാകുന്നുണ്ട്. അതുപോലെ, ഈ കൊറോണ വൈറസിന്റെ ആക്രമണംതന്നെ രണ്ടോ മൂന്നോ തവണയുണ്ടായിട്ടുണ്ട്.

## സാർസ്മുതൽ കോവിഡുവരെ

കൊറോണ കുടുംബത്തിൽപെട്ട വൈറസുകളുടെ വകഭേദമായിരുന്നു സാർസ് (SARS-Severe Acute Respiratory Syndrome). ഇതിന്റെ വകഭേദമാണ് കോവിഡ് 19 എന്ന പേരിൽ ഇപ്പോൾ പകർച്ചവ്യാധിയായി വ്യാപിച്ചിരിക്കുന്നത്. കോവിഡ് 19 എന്ന ഈ വൈറസിന്റെ ഉറവിടം 2019 ഡിസംബറിൽ ചൈനയിലെ വുഹാനാണ്. ഇതുപോലെതന്നെ ഉണ്ടായതാണ് H1 N1 എന്ന പന്നിപ്പനിയും പക്ഷിപ്പനിയുമൊക്കെ. മനുഷ്യശരീരത്തെ ബുദ്ധിമുട്ടിക്കുന്ന, ബുദ്ധിമുട്ടിച്ച ഒരു വൈറസാണ് നിപ്പാ (Nipha Virus). ഭൂമിയിൽ നിലവിലുള്ള ഇത്തരം സൂക്ഷ്മ വൈറസുകളുടെ ആക്രമണം എപ്പോൾ ഉണ്ടാകുമെന്ന് നമുക്ക് മുൻകൂട്ടി പറയാനാകില്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ ഇവ പെരുകുകയും മനുഷ്യശരീരത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഇവയെല്ലാം ജന്തുക്കളിൽനിന്നും മനുഷ്യരിലേക്ക് പകരുന്നവയാണ്. നിപ്പയുടെ ഉറവിടം വവ്വാലായിരുന്നു. വവ്വാലിന്റെ ശരീരത്തിൽ ഈ വൈറസുകൾ എപ്പോഴും ഉണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ ഇവ അപകടകാരികളാകും. വവ്വാലുകളുടെ ശരീരത്തിൽ ഇതിന്റെ അളവ് കൂടുമ്പോൾ അവ പുറത്തേക്കുവന്ന് മനുഷ്യശരീരത്തിൽ പ്രവേശിച്ച് വ്യാപനം ശക്തമാകും.

കൊറോണ വൈറസിന്റെ കാര്യത്തിലും ഇത്തരത്തിലുള്ള സംശയങ്ങൾ ബലപ്പെട്ടിട്ടുണ്ട്. വവ്വാലുകളിലൂടെതന്നെയാണോ ഇവ പുറത്തേക്കുവന്നതെന്ന സൂചനകളിലേക്കാണ് ഗവേഷണ നിരീക്ഷണങ്ങൾ മുന്നേറുന്നത്. അതായത്, നമ്മുടെ പരിസ്ഥിതിയിൽ വൈറസിന്റെ സാന്നിധ്യമുണ്ട്. അതിനാൽ നമ്മുടെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തി വൈറസുകളെയൊക്കെ അകറ്റിനിർത്താനുള്ള ശ്രമമാണ് നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്.

## ഉറവിടത്തിൽത്തന്നെ അമർച്ചചെയ്യണം

വൈറസുകൾ ലോകത്തിൽ ഉണ്ടാകുമ്പോൾ ഏറ്റവും പ്രധാനമായി ചെയ്യേണ്ടത് അതിന്റെ ഉറവിടത്തിൽ വച്ചുതന്നെ അവയെ അമർച്ചചെയ്യാൻ ശ്രമിക്കുക എന്നതാണ്. അത് ലോകത്താകെ പടർന്നുപരക്കാതെ അതിനെ നിർവീര്യമാക്കണം. അതിനു കഴിയേണ്ടത് നമ്മുടെ മുൻകൂട്ടിയുള്ള തയ്യാറെടുപ്പുകളിലൂടെയും സുസ്ഥിരമായ ഇടപെടലുകളിലൂടെയുമാണ്. പടർന്നുപിടിക്കാതിരിക്കാൻ ശ്രദ്ധിക്കുക എന്നതാണ് പ്രഥമമായി ചെയ്യേണ്ടത്. നിപ്പയുടെ കാര്യത്തിൽ സംസ്ഥാനത്ത് ചെയ്തത് അതാണ്. അതുപടർന്നു വ്യാപിക്കാതെ പിടിച്ചു നിർത്താൻ നമുക്ക് സാധിക്കുകയും ചെയ്തു.

നിപ്പ വൈറസിന്റെ തുടക്കം കോഴിക്കോടുള്ള ഒരു ഗ്രാമത്തിലായിരുന്നു. അത് കണ്ടെത്തി, ആ ഗ്രാമത്തിലുള്ള ആളുകളെ പ്രസ്തുതഗ്രാമം വിട്ട് പുറത്ത് പോകാൻ അനുവദിക്കാതെ എല്ലാകാര്യങ്ങളും അവിടെ ഒരുക്കിക്കൊടുത്തുകൊണ്ട് അവരെ സുരക്ഷിതരാക്കി. പ്രാദേശികമായി അവിടെ ഉടൻ ഒരു ലോക്ഡൗൺ ക്രമീകരണം ഉണ്ടാക്കി. എല്ലാവരെയും ഗൗരവപൂർവം നിരീക്ഷണവിധേയമാക്കി. ഫലമോ അതൊരു വ്യാപന വ്യാധിയാകാതെ അവിടെത്തന്നെ പര്യവസാനിപ്പിക്കാൻ കഴിഞ്ഞു. ഇതുപോലെ കൊറോണ വൈറസിന്റെ ഉത്ഭവസ്ഥാനമായ വുഹാനിലും ചെയ്തിരുന്നെങ്കിൽ ലോകവ്യാപകമായി ഇത്രയ്ക്ക് ഗുരുതരാവസ്ഥയും പ്രതിസന്ധിയും ഉണ്ടാകുമായിരുന്നില്ല. നിയന്ത്രണങ്ങളും പ്രതിരോധങ്ങളുമില്ലാതെ വന്നപ്പോൾ ഈ രോഗം കൈവിട്ടുപോകുകയും വിമാനയാത്രികരിലൂടെ ആഗോളവ്യാപനത്തിന് ഇടയാക്കുകയും ചെയ്തു. കേരളത്തിൽ രോഗവ്യാപന ലക്ഷണങ്ങൾ കണ്ടെത്തിയ ഉടൻതന്നെ, വിമാനത്തിൽ വരുന്ന മുഴുവൻ ആളുകളെയും പരിശോധിച്ച് ഐസൊലേറ്റ് ചെയ്തു. ബാക്കിയുള്ളവരെ ക്വാറന്റൈൻ ചെയ്തു. നല്ലൊരു ഹോംവർക്ക് നടത്തിക്കൊണ്ടുള്ള നീക്കങ്ങളിലാണ് ശ്രദ്ധപതിപ്പിച്ചത്. റാപ്പിഡ് ഫോഴ്സ് രൂപീകരിച്ചുകൊണ്ട് അവർക്ക് കാര്യക്ഷമമായ പരിശീലനങ്ങൾ നൽകുകയും സംസ്ഥാന- ജില്ലാതലങ്ങളിൽ കൺട്രോൾ റൂമുകൾ തുറക്കുകയും ചെയ്തു. തുടർന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലാകെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. ഇത്തരത്തിൽ ത്വരിതഗതിയിൽ നടപടികൾ എടുത്തതുകൊണ്ടുമാത്രമാണ് ഒന്നാം ഘട്ടത്തിൽ ഇവിടെ വലിയതോതിൽ വൈറസ് വ്യാപനം ഉണ്ടാകാതിരുന്നത്. മനുഷ്യർക്ക് യാത്രചെയ്യുന്ന ശീലമുള്ളതുകൊണ്ട് ലക്ഷണമില്ലാത്ത ആളുകൾ എവിടെയെങ്കിലും യാത്രചെയ്യുമ്പോൾ പ്രകടമായ ലക്ഷണമില്ലാത്തതുകൊണ്ട് നിരീക്ഷിക്കാനും കണ്ടുപിടിക്കാനും കഴിഞ്ഞിരുന്നില്ല.

## പാളിച്ചകളും പിഴവുകളും

ഇതിനിടയിൽ സംസ്ഥാനംനേരിട്ട തിരഞ്ഞെടുപ്പ് വലിയ പ്രത്യാഘാത


www.malankaralibrary.com

ങ്ങൾ സൃഷ്ടിച്ചു. സ്വാഭാവികമായും എല്ലാ രാഷ്ട്രീയപാർട്ടികളും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിയന്ത്രണരേഖകൾ മറികടന്ന്, സാമൂഹിക അകലം പാലിക്കാതെ, കൂട്ടംകൂടുകയും ഒത്തുചേരുകയുമൊക്കെ ചെയ്തു. മാത്രമല്ല സർക്കാർ ഉദ്യോഗസ്ഥന്മാർ തിരഞ്ഞെടുപ്പ് പ്രക്രിയകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചതോടുകൂടി നാം നടപ്പിലാക്കിയതും ഏർപ്പെടുത്തിയതുമായ ഐസലോഷനും ക്വാറന്റൈനുമൊക്കെ ലംഘിക്കപ്പെടുകയും നിലനിർത്തിക്കൊണ്ടുവന്ന സുരക്ഷിതസ്ഥിതി തുടരാൻ സാധിക്കാതെ വരുകയും ചെയ്തു. അത് വേണ്ടത്ര കാര്യക്ഷമമാക്കാൻ കഴിഞ്ഞില്ലെന്നുള്ളത് വലിയ പിഴവാണ്. പൊലിസ്സേനയടക്കം തിരഞ്ഞെടുപ്പ് പ്രക്രിയകളിലേക്ക് ശ്രദ്ധ തിരിക്കുകയും അതുമായി ബന്ധപ്പെട്ട ക്രമസമാധാനപാലനത്തിൽ വ്യാപൃതരാകുകയും ചെയ്തതോടെ നിരീക്ഷണങ്ങളിലും പരിശോധനകളിലും പാളിച്ചകൾ ഉണ്ടായി. ഇതോടെ നാം ആദ്യം തുടർന്ന ജാഗ്രതയ്ക്ക് അയവുവന്നു. അപ്പോൾ സമൂഹത്തിലേക്ക് വൈറസ് വ്യാപനം അതിവേഗത്തിലുണ്ടായി. ആ സമയത്ത് വെളിയിൽനിന്ന് വരുന്നവരെയും വോട്ട് ചെയ്യാൻ ആഗതരായവരെയുമൊക്കെ നിരീക്ഷിക്കാൻ പറ്റാതെയായി. അയൽസംസ്ഥാനങ്ങളിൽ നിന്നെല്ലാം നിരവധിപേരാണ് വോട്ട് രേഖപ്പെടുത്താനായി റോഡ്, റെയിൽ, ആകാശമാർഗങ്ങളിലൂടെ ഇവിടെയെത്തിയത്.

തിരഞ്ഞെടുപ്പ് കഴിഞ്ഞ് രണ്ട് ആഴ്ചകൾ പിന്നിട്ടപ്പോൾ സ്ഥിതിഗതികൾ ആകെ മാറി. അങ്ങനെ വന്നപ്പോൾ നമ്മുടെ ആരോഗ്യ വിഭാഗം കടുത്ത സമ്മർദ്ദത്തിലായി. എങ്കിലും മറ്റ് സംസ്ഥാനങ്ങളിലുള്ളതുപോലെ തെരുവിൽകിടന്ന് മനുഷ്യർ മരിക്കേണ്ടി വരാതിരുന്നത് നമ്മൾ ദീർഘവീക്ഷണത്തോടെ കണ്ടറിഞ്ഞ് നടത്തിയ ക്രമീകരണങ്ങൾ മൂലമാണ്. നിലവിലുള്ള കേസിന്റെ എത്ര ഇരട്ടി ഭാവിയിലുണ്ടാകുമെന്ന് വിലയിരുത്തി ആരോഗ്യശൃംഖല വികസിപ്പിക്കാൻ നാം ശ്രദ്ധിച്ചു. കൂടുതൽ ബെഡുകൾ, ഐസിയു ബെഡുകൾ, വെന്റിലേറ്ററുകൾ, ഓക്സിജൻ ഉത്പാദന വർധന എന്നിവ പ്ലാൻചെയ്തത് ഗുണപ്രദമായി. അതിനാൽ, ആദ്യഘട്ടത്തിൽ മരണനിരക്ക് വളരെ കുറവായിരുന്നു. പ്രത്യേകിച്ച് ചെറുപ്പക്കാർ മരിക്കുന്നത് വളരെ അപൂർവമായിരുന്നു.

## മരണനിരക്കിലെ കുറവ്

പക്ഷേ രണ്ടാമത്തെ ഘട്ടമാകുമ്പോൾ പ്രശ്നത്തിന്റെ തീവ്രത വർധിച്ചു. ഇതിന് ഒന്നാമതായി ചൂ




www.malankaralibrary.com

ണ്ടിക്കാണിക്കാനാവുന്നത്, 60 വയസിന് മേൽപ്പോട്ടുള്ളവർക്ക് ആദ്യമേ വാക്സിനേഷൻ കൊടുക്കാൻ നമുക്ക് സാധിച്ചു എന്നതാണ്. അപ്പോൾ ആ പ്രായക്കാരിലേക്ക് വൈറസിന് പ്രവേശിക്കാൻ കഴിയാതെയായി. ഈ സമയം, വാക്സിൻ എടുക്കാത്ത ആളുകളിലേക്ക് പ്രത്യേകിച്ച് മധ്യ പ്രായക്കാരിലേക്ക് കോവിഡ് 19 വ്യാപിക്കാൻ തുടങ്ങി. അതോടെ വൈറസിന് മ്യൂട്ടേഷൻ സംഭവിക്കുകയും ജനിതകഘടനയിൽ മാറ്റങ്ങളുണ്ടാകുകയും ചെയ്തു. മരണനിരക്കും കൂടി. ഇപ്പോഴും മരണനിരക്ക് വർധിച്ചതോതിൽതന്നെ തുടരുന്നു.

എന്നിരുന്നാലും ലോകരാജ്യങ്ങളുടെ മുന്നിൽ മരണനിരക്ക് കുറഞ്ഞ സംസ്ഥാനമാണ് നമ്മൾ ഇപ്പോഴും. ഇത്രയും ജനസംഖ്യയും ജനസാന്ദ്രതയുമുള്ള ഒരു സംസ്ഥാനത്ത് എങ്ങനെ മരണനിരക്ക് കുറഞ്ഞു എന്നതിൽ ലോകം നമ്മളെ പ്രശംസിക്കുകയാണ്. സർക്കാർ ആശുപത്രികളിൽ മാത്രമല്ല, സ്വകാര്യ ആശുപത്രികളിലും രോഗികൾക്കായി പരമാവധി ബെഡുകൾ ക്രമീകരിക്കാൻ സാധിച്ചു. അപൂർവം ചിലയിടങ്ങളിലേ വെന്റിലേറ്റർ ലഭ്യത കുറവുണ്ടായിട്ടുള്ളൂ. എന്തൊക്കെ പരിമിതികൾ ചൂണ്ടിക്കാട്ടിയാലും കൂട്ടത്തോടെ ഇവിടെ മരണം ഉണ്ടായിട്ടില്ലായെന്ന പരമാർത്ഥം അംഗീകരിക്കേണ്ടതാണ്. പല ജില്ലകളിലും 100 ശതമാനം വെന്റിലേറ്ററുകളും ഉപയോഗിക്കേണ്ടിവന്നിട്ടില്ല. സർക്കാർ-സ്വകാര്യ ആശുപത്രികളുടെ കലവറയില്ലാത്ത സഹകരണവും ആത്മാർത്ഥമായ അർപ്പണ മനോഭാവവും ഉണ്ടായതിനാൽ വൻവിപത്തിൽ നിന്നും സംസ്ഥാനത്തെ മോചിപ്പിച്ചു നിർത്താനായി. എന്നിരുന്നാലും നമ്മൾ ഒരു പാഠം കൂടി ഈ കൊറോണകാലത്ത് പഠിക്കുകയുണ്ടായി. ഭാവിയിൽ ഇനിയും ഇത്തരത്തിലുള്ള വൈറസുകളും മറ്റും ഉണ്ടാകാം. അതിനാൽ ഇപ്പോഴേ എല്ലാതലങ്ങളിലുമുള്ള ആശുപത്രികളും ഏതൊരുപ്രതിസന്ധിഘട്ടത്തെയും അഭിമുഖീകരിക്കാൻ തക്കവിധം സജ്ജമാക്കപ്പെടേണ്ടതാണ്. ഇത്തവണത്തെ സംസ്ഥാന ബഡ്ജറ്റിൽ ഇതു മുൻകൂട്ടി കണ്ടുകൊണ്ടുള്ള പദ്ധതികളാണ് അവതരിപ്പിച്ചിട്ടുള്ളത്. ഹെൽത്ത്സെന്ററുകളിലടക്കം ഐസൊലേഷൻ വാർഡുകൾ സജ്ജീകൃതമാക്കണം. ഡെങ്കു, എലിപ്പനി തുടങ്ങിയ രോഗങ്ങൾ പിടിപെട്ടാൽപോലും ചികിത്സാസാധ്യതകൾ ഇവിടെയുണ്ട്. അതിനാൽ ഉന്നത ആശുപത്രികൾ തേടിപ്പോകാതെ കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകളിൽപോലും കിടത്തി ചികിത്സ നൽകാനാകണം. ഇപ്പോൾ താലൂക്ക് ഹോസ്പിറ്റലുകളിലാണ് കിടത്തി ചികിത്സിക്കുന്നത്. അതുപോലെ സ്വകാര്യ ആശുപത്രികളിലും ഇതുപോലുള്ള ഐസൊലേഷൻ റൂമുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

## സംവിധാനങ്ങളിലെ മികവ്

മറ്റൊരു പാഠമുൾക്കൊള്ളേണ്ടത്, ആധുനിക സാങ്കേതിക സംവിധാനമുള്ള ഒരു രാജ്യമാണ് അമേരിക്ക. ഹൈടെക് ചികിത്സാ സൗകര്യങ്ങൾ ഇവിടെ ഏറെയാണ്. ഇപ്പോഴും അത്തരം ആശുപത്രികളെ വെല്ലാനൊന്നും നമ്മൾ ആയിട്ടില്ല. കാരണം, അവിടത്തെ ആശുപത്രികളും ചികിത്സാരീതികളും സാഹചര്യങ്ങളുമൊക്കെ ലോകോത്തര നിലവാരമുള്ളവയാണ്. അല്പം ജീവനെങ്കിലും മനുഷ്യശരീരത്തിൽ ശേഷിച്ചിട്ടുണ്ടെങ്കിൽ ജീവനിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള നൂതന സാങ്കേതിക സൗകര്യങ്ങൾ അവർക്കുണ്ട്. പക്ഷെ, സമയബന്ധിതമായി ഇടപെടാനുള്ള നമ്മുടേതുപോലുള്ള പൊതുജനാരോഗ്യശൃംഖല അവിടെയില്ലാതെപോയതിനാലാണ് അവർക്ക് പരാജയം നേരിടേണ്ടിവന്നത്. അവിടെ ഇൻഷുറൻസ് ചെയ്തു മുൻകൂട്ടി ബുക്ക് ചെയ്തവർക്കുമാത്രമേ ആശുപത്രികളിൽ പ്രവേശനമുള്ളൂ. ശാരീരിക അസ്വസ്ഥതകളോ രോഗമോ ഉണ്ടാകുമ്പോൾ ഉടനടി ആശുപത്രിയിലെത്തി ചികിത്സതേടാൻ പറ്റുന്ന അവസ്ഥ അവിടെയില്ല. അതുകൊണ്ടുതന്നെ പലർക്കും പകർച്ചവ്യാധി വന്നപ്പോൾ ആശുപത്രികളിൽ പ്രവേശനം ലഭിച്ചില്ല. അസുഖബാധിതരൊക്കെ സ്വന്തം വീട്ടിൽതന്നെ കഴിയേണ്ടിവന്നു. അങ്ങനെയാണ് പല മലയാളികളും രോദനത്തോടെ അവിടെനിന്ന് വിളിച്ചുപറഞ്ഞത്: 'ഇവിടെ ആശുപത്രിയിൽ പ്രവേശനം ലഭിക്കുന്നില്ല; ശ്വാസം മുട്ടുന്നു' എന്നൊക്കെ. അങ്ങനെയൊക്കെ വന്നപ്പോൾ മരണസംഖ്യ അവിടെ കാര്യമായി വർധിച്ചു. അതുകൊണ്ട് അമേരിക്കയും ബ്രിട്ടനുമൊക്കെ ഇപ്പോൾ ചർച്ച ചെയ്യുന്നത് പൊതുആരോഗ്യ സംവിധാനത്തെക്കുറിച്ചാണ്. ഇതിൽനിന്നും നമ്മൾ പഠിച്ച മറ്റൊരുപാഠം ഇതാണ്; താഴെതലത്തിലടക്കം നല്ല ആശുപത്രി സംവിധാനങ്ങൾ നമുക്കുണ്ടായിരിക്കണം. ഓരോരോ വ്യക്തികളുടെയും ആരോഗ്യത്തെക്കുറിച്ചും ആരോഗ്യരംഗത്തെക്കുറിച്ചും നല്ല ധാരണയും സംവിധാനങ്ങളിൽ മികവുമുണ്ടായിരിക്കണം.

## പ്രതിരോധം പരമപ്രധാനം

കോവിഡിന്റെ ആദ്യതരംഗ സമയത്ത് ഞാൻ അവിടെയുണ്ടായിരുന്നപ്പോൾ എല്ലാ മലയാളികളുടെയും ഷുഗറും പ്രഷറും പരിശോധിക്കണമെന്നാണ് ഞാൻ ആഗ്രഹിച്ചത്. അത് തുടങ്ങിവയ്ക്കുകയും ചെയ്


www.malankaralibrary.com

തു. ഏകദേശം ഒന്നര കോടിയിലേറെ ആളുകൾ അത് ചെയ്തുകഴിഞ്ഞിട്ടുമുണ്ട്. ആരോഗ്യം ക്ഷയിച്ചവരെയാണ് പകർച്ചവ്യാധികൾ എളുപ്പത്തിൽ ബാധിക്കുക. കേരളത്തിൽ പലകാര്യത്തിലും നാം മെച്ചപ്പെട്ടവരാണെങ്കിലും നമുക്ക് ചില മോശം ഒന്നാം സ്ഥാനങ്ങൾ കൂടിയുണ്ടെന്നുള്ളത് സമ്മതിക്കേണ്ടിയിരിക്കുന്നു. ശുചിത്വം, കൃത്യനിഷ്ഠ, ഭക്ഷണക്രമം എന്നിവയിൽ ഇന്നും നാം പിൻനിരയിലാണ്. നാടൻ ഭക്ഷണരീതികളൊക്കെ മാറി ജംഗ്ഫുഡ് സംസ്കാരത്തിലാണ് നാമിന്ന്. ഈ പ്രവണത നമ്മുടെ ആരോഗ്യരംഗത്തെ ഹനിക്കുന്നുണ്ട്. ആയുർവേദ പാരമ്പര്യമുള്ളവരാണ് നാം. എല്ലാ സമുദായത്തിലും പാരമ്പര്യ വൈദ്യന്മാർ നമുക്ക് സ്വന്തമായുണ്ട്. തലമുറകളായി പകർന്നുകിട്ടിയ ചില ഒറ്റമൂലികൾ അവരുടെ മാത്രം പ്രത്യേകതയാണ്. എല്ലാ രോഗങ്ങളും ഭേദമാക്കാമെന്ന ഒരവകാശവാദങ്ങളും അവർക്കുണ്ടാകില്ല. അവർ ഒരു അസുഖത്തെ മാത്രമേ ചികിത്സിക്കുകയുള്ളൂ. കണ്ണൂർ ഇരിട്ടി പേരാവൂർ ടൗണിനടുത്ത് മഞ്ഞപ്പിത്തത്തിന് ചികിത്സിക്കുന്ന ഒരു ക്രിസ്ത്യൻ കുടുംബമുണ്ട്. അവിടെ പച്ചമരുന്ന് ചികിത്സ മാത്രമേയുള്ളൂ. അങ്ങനെയുള്ള ആയുർവേദവും പാരമ്പര്യ വൈദ്യചികിത്സകളും സംബന്ധിച്ച അറിവുകൾ നാം ഉൾക്കൊള്ളണമെന്ന ഒരു പാഠവും ഇതിനകത്തുണ്ട്. രോഗപ്രതിരോധശേഷി വർധിപ്പിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. അതിന് നമ്മുടെ ഭക്ഷണരീതികൾ ക്രമീകരിക്കണം. കിട്ടുന്ന എന്തും കഴിക്കുക എന്ന ശീലം മാറ്റി; എങ്ങനെ കഴിക്കണം എന്നതിനെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കണം. അങ്ങനെ രോഗപ്രതിരോധശേഷി വർധിപ്പിച്ച് ഇത്തരം രോഗങ്ങളോട് ഫൈറ്റ് ചെയ്യാനാകണം. ഇതൊക്കെയാണ് ഈ കോവിഡ്കാലം കേരളജനതയ്ക്ക് നൽകിയ വലിയ പാഠം.



**സ്വയം പ്രതിരോധം ഉണ്ടെങ്കിൽ ഒരു വാക്സിന്റെയും ആവശ്യമില്ല. പക്ഷെ മനുഷ്യശരീരത്തിന് സ്വന്തമായി പ്രതിരോധമില്ല. വാക്സിൻ ഇല്ലാതെ നമുക്ക് പ്രതിരോധിച്ച് നിൽക്കാൻ സാധിക്കില്ല ഈ വാക്സിനൊക്കെ ഫലപ്രദമാകണമെങ്കിൽ വർഷങ്ങളെടുക്കും. കാരണം, ഇത് മനുഷ്യശരീരത്തിൽ പ്രയോഗിച്ച് അതിന്റെ ഗുണദോഷങ്ങൾ വിലയിരുത്തി, ഫലപ്രദമായൊരു വാക്സിൻ നിർമിച്ചെടുക്കാൻ കാലവിളംബം ഉണ്ടാകും.**

## എന്താണ് വാക്സിൻ?

സ്വയം പ്രതിരോധം ഉണ്ടെങ്കിൽ ഒരു വാക്സിന്റെയും ആവശ്യമില്ല. പക്ഷെ മനുഷ്യശരീരത്തിന് സ്വന്തമായി പ്രതിരോധമില്ല. വാക്സിൻ ഇല്ലാതെ നമുക്ക് പ്രതിരോധിച്ച് നിൽക്കാൻ സാധിക്കില്ല. ഈ വാക്സിനൊക്കെ ഫലപ്രദമാകണമെങ്കിൽ വർഷങ്ങളുടെ സമയം പിടിക്കും. കാരണം, ഇത് മനുഷ്യശരീരത്തിൽ പ്രയോഗിച്ച് അതിന്റെ ഗുണദോഷങ്ങൾ വിലയിരുത്തി, ഏറ്റവും നല്ലൊരുവാക്സിൻ നിർമിച്ചെടുക്കാൻ കാലവിളംബം ഉണ്ടാകും. ഇപ്പോൾ ഈ പ്രത്യേക സാഹചര്യത്തിൽ നമുക്ക് കോവിഡ് പ്രതിരോധത്തിനായി പെട്ടെന്നുതന്നെ കുറേ വാക്സിനുകൾ കണ്ടുപിടിക്കാൻ കഴിഞ്ഞു എന്നത് ശുഭോദർക്കമാണ്. മുമ്പ്, പകർച്ചവ്യാധികൾ പടരുമ്പോൾ എണ്ണമറ്റ മനുഷ്യരുടെ ജീവൻ പൊലിഞ്ഞതിനുശേഷമാണ് പ്രതിരോധത്തിനുള്ള ഏതെങ്കിലും വാക്സിനുകൾ കണ്ടുപിടിച്ചിരുന്നത്. എന്നാൽ, ശാസ്ത്രപുരോഗതിമൂലം ഇപ്പോൾ കോവിഡിന്റെ വാക്സിൻ താരതമ്യേന വേഗത്തിൽ കണ്ടെത്താനും അത് ഉത്പാദിപ്പിക്കാനും കഴിഞ്ഞു.

കൊറോണ വൈറസിനെ RNA വൈറസെന്നാണ് വിളിക്കുന്നത്. കാരണം RNA അതിന്റെ ജനിതക ഘടകമാണ്. ഈ RNA യുടെ ചുറ്റും ഒരു സ്പൈക് പ്രോട്ടീൻ (Spike Protein) ഉണ്ട്. ഇതിലൂടെയാണ് വൈറസ് മനുഷ്യശരീരത്തിലേക്ക് പ്രവേശിക്കുന്നത്. ഇതിന് പ്രതിരോധമായി നിർമ്മിക്കപ്പെട്ടിരിക്കുന്ന വാ


www.malankaralibrary.com

ക്സിനുകൾ രണ്ട് തരമാണ്. അതിലൊന്ന്, ഈ പ്രോട്ടീൻ സ്പൈകുകളെ പ്രതിരോധിക്കാനുള്ള ആന്റിജൻ ഉത്പാദിപ്പിക്കുന്നതും രണ്ടാമത്തെ വാക്സിൻ, അതിന്റെ RNA യെതന്നെ പ്രതിരോധിക്കാനുള്ള ആന്റിബോഡി ശരീരത്തിൽ ഉത്പാദിപ്പിക്കുന്നതുമാണ്. ഇങ്ങനെയുള്ള വാക്സിനുകൾ പലപേരിൽ ലോകത്തിന്റെ പലഭാഗത്ത് കണ്ടുപിടിക്കപ്പെടുന്നുണ്ട്.

## വാക്സിൻ ആശങ്കകൾ

വാക്സിനുകൾ 100 ശതമാനം ഫലപ്രദമാണോ എന്ന് ചോദിച്ചാൽ ഒന്നും തന്നെ 100 ശതമാനം ഫലപ്രദമല്ല. അതായത് 100 പേർക്ക് വാക്സിൻ എടുത്താൽ അതിൽ 80 പേർക്ക് പ്രതിരോധ ശേഷികിട്ടും. ശേഷിക്കുന്ന 20 പേർക്ക് ഈ വാക്സിൻകൊണ്ടും പ്രതിരോധശേഷി കിട്ടിയെന്നിരിക്കില്ല. അങ്ങനെയുള്ളവർക്ക് വീണ്ടും വൈറസ് ബാധയുണ്ടാകാൻ ഇടവരുന്നു. വാക്സിൻ എടുത്തവർക്കും വീണ്ടും രോഗബാധ വരുന്നതെന്തുകൊണ്ടാണ് എന്നു ചോദിച്ചാൽ അവരുടെ ശരീരത്തിൽ പ്രതിരോധ ശേഷി വളരെ കുറവാണെന്നതാണ് പ്രഥമകാരണം. അതിന് പലവിധ കാരണങ്ങളുണ്ടാവും. നമ്മുടെ ശരീരം ഒന്നിനോടും പ്രതികരിക്കുന്നില്ല. അല്ലെങ്കിൽ എടുത്ത വാക്സിന്റെ ഡോസ് ഫലപ്രദമായിട്ടുണ്ടാവില്ല. എന്താണെങ്കിലും നമ്മൾ എടുക്കുന്ന വാക്സിന് ഏതാണ്ട് 60 ശതമാനമാണ് ഫലപ്രാപ്തി; കോവിഷീൽഡ് ആയാലും കോവാക്സിനായാലും. പക്ഷേ സമ്പൂർണ ഫലപ്രദമല്ലെന്നു വച്ച് നമ്മൾ വാക്സിൻ എടുക്കാതിരുന്നാൽ സമൂഹത്തിൽ എല്ലാവരും പ്രതിരോധശേഷി ഇല്ലാത്തവരായി നിലനിൽക്കും. ഈ വൈറസിനെ കീഴടക്കണമെങ്കിൽ വലിയ പ്രതിരോധശേഷിവികസിപ്പിച്ചെടുക്കണം. അതിന് മുഴുവൻ ആളുകളും വാക്സിൻ എടുക്കുക എന്നതാണ് മുഖ്യം. മുഴുവൻ ആളുകളും വാക്സിനെടുത്തു കഴിഞ്ഞാൽ വൈറസിന് വ്യാപനത്തിനുള്ള ശേഷികുറയും. വാക്സിൻ എടുത്തയാളും എടുക്കാത്തയാളും ഉണ്ടെങ്കിൽ, വൈറസ് ആക്രമണമുണ്ടായാൽ വാക്സിൻ എടുത്തയാളുടെ ശരീരത്തിൽ അധികനേരം നിൽക്കാനാകാതെ വൈറസ്, എടുക്കാത്തയാളിലേക്ക് ചാടിവീഴും. അത് വാക്സിനെടുക്കാത്ത വ്യക്തിയാണെങ്കിൽ അയാളുടെ ശരീരത്തിൽ ഈ വൈറസ് വീണ്ടും പെരുകും. ഇത്തരത്തിൽ പടർന്ന് വീണ്ടും സമൂഹവ്യാപനം വർധിപ്പിക്കും. അതുകൊണ്ടാണ് സമ്പൂർണ പ്രതിരോധശേഷി ആവശ്യമാണെന്നും അതിനായി സംസ്ഥാനത്തെ മുഴുവൻ ആളുകളും വാക്സിനെടുത്തേ മതിയാകൂ എന്ന് നിർബന്ധിക്കുകയും ചെയ്യുന്നത്. 60 വയസ്സിനു മേലുള്ളവർക്ക് പ്രാരംഭഘട്ടത്തിൽത്തന്നെ വാക്സിൻ എടുത്തതുകൊണ്ട് അവരിൽ മരണനിരക്ക് നന്നേ കുറയ്ക്കാൻ നമുക്ക് സാധിച്ചു. ഇപ്പോൾ ചെറുപ്പക്കാരിലാണ് മരണനിരക്ക് കൂടിവരുന്നത്. അതിനാൽ, ഇനി ചെറുപ്രായത്തിലുള്ളവരിൽ വാക്സിൻ പൂർണമാക്കിയാൽ ചെറിയ പ്രായത്തിലുള്ളവരുടെ മരണനിരക്കും കുറയ്ക്കാൻ സാധിക്കും. വാക്സിൻ സയൻസാണ്, ശാസ്ത്രമാണ്. അത് പരീക്ഷണശാലകളിൽ തെളിയിക്കപ്പെട്ടതാണ്. അതിനെപ്പറ്റി യാതൊരു തെറ്റുധാരണയും ആവശ്യമില്ല.

## പബ്ലിക് റിലേഷൻ സ്റ്റാറ്റർജി

സംസ്ഥാനത്തെ ആരോഗ്യ മന്ത്രിയായിരിക്കെ ഞാൻ എന്റെ ഡിപ്പാർട്ടുമെന്റിനെതന്നെയാണ് കാര്യമായി ഉപയോഗപ്പെടുത്തിയത്. എല്ലാവരും വാക്സിൻ എടുക്കണം എന്ന പ്രചരണം വിപുലമായി നടത്തി. നവമാധ്യമങ്ങളിലൂടെ ഷോർട്ട് ഫിലിം മാതൃകയിൽ ബോധവൽക്കരണം നടത്തി. കൂടാതെ സംസ്ഥാനത്തെ ഓരോരോ ജില്ലകളിലും ഡിഎംഒ, ഡിപിഎം, മെഡിക്കൽ ഓഫീസേഴ്സ് തുടങ്ങിയവർ മുഖേനയും പ്രചരണങ്ങൾ നടത്തുകയുണ്ടായി. ഇതിനും പുറമേ, ഏറ്റവും താഴെ ആശാവർക്കർമാർവഴി ഓരോരോ വീടുകളിലും ലഘുലേഖകളും അതുപോലെതന്നെ വാക്സിനെക്കുറിച്ചുള്ള ആശങ്കകളും സംശയങ്ങളുമൊക്കെ ദുരീകരിക്കുന്ന ബോധവൽക്കരണ പ്രചരണങ്ങളും നടത്തി. അങ്ങനെ സംസ്ഥാനവ്യാപകമായി വാക്സിനെക്കുറിച്ചുള്ള വലിയ പ്രചരണയത്നംതന്നെ നിർവഹിക്കാനായി. അതിനാൽ, ഇന്ന് കേരളത്തിൽ അപൂർവംപേരേ വാക്സിൻ എടുക്കാൻ മടിക്കുന്നവരുള്ളൂ. വാക്സിൻ കിട്ടാത്തതിനാൽ പരാതി പറയുന്നവരാണ് ഏറെയും. കൊടുക്കാൻ നമ്മുടെ കൈയിൽ വാക്സിൻ ഇല്ലാതെപോയതാണ് ഒരു പോരായ്മ. കേന്ദ്രസർക്കാരിന് ഇക്കാര്യത്തിൽ പാളിച്ചപറ്റിയത് ഒരു പ്രതിസന്ധിയായി. കാരണം, രണ്ട് വാക്സിനുകളും കോവിഷീൽഡും കോവാക്സിനും ആദ്യമേ ഉത്പാദിപ്പിച്ചത് ഇന്ത്യയിലാണ്. തുടക്കത്തിൽത്തന്നെ ധാരാളം വാക്സിൻ ഉത്പാദിപ്പിച്ചു വയ്ക്കണമായിരുന്നു. പക്ഷേ അത്തരം സമീപനങ്ങൾ ഉണ്ടായില്ല. ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ ഉണ്ടാകാതെ പോയത് വലിയ വീഴ്ചയായി. എന്നാൽ കേരളനയം ദീർഘവീക്ഷണത്തോടുകൂടിയുള്ളതായിരുന്നു. നമുക്ക് വാക്സിൻ ഉത്പാദിപ്പിക്കാൻ അധികാരമില്ലെന്നിരിക്കേ നാം മറ്റുകാര്യങ്ങൾക്ക് മുൻഗണനകൾ നൽകി ക്രിയാത്മകമായി പ്രവർത്തിച്ചു.



www.malankaralibrary.com

അതിനായി മൂന്ന് പദ്ധതികളാണ് ആരോഗ്യവിഭാഗം ആവിഷ്‌ക്കരിച്ചത്.

## എ,ബി,സി പ്ലാനുകൾ

പ്ലാൻ എ, പ്ലാൻ ബി, പ്ലാൻ സി പദ്ധതികളാണ് നാം ആദ്യംതന്നെ ആവിഷ്‌ക്കരിച്ചത്. അതായത്, 5000 പേർക്ക് കോവിഡുവന്നാൽ നാം എന്തു ചെയ്യും? അവരെ എവിടെ അഡ്മിറ്റുചെയ്യും? എങ്ങനെ ചികിത്സിക്കും? അതിനായി എത്ര സ്ഥലത്ത് എത്ര ബെഡുകൾ നിലവിലുണ്ട്, എത്ര ഐസൊലേഷൻ ക്രമീകരിക്കാം? ഇതേ സമയത്തുതന്നെ ആരോഗ്യ വിഭാഗത്തിലെ പ്രവർത്തകരെ വീണ്ടും ഉണർന്നുചിന്തിക്കാൻ പ്രേരിപ്പിച്ചത് 10000 പേരായി വർധിക്കുകയാണെങ്കിൽ അപ്പോൾ എന്തു ചെയ്യാനാകുമെന്നായിരുന്നു. ഇതു മുൻകൂട്ടികണ്ട് അത്തരത്തിലുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും സജ്ജീകരണങ്ങൾ നടത്തുകയും ചെയ്തു. വീണ്ടും രോഗബാധിതരുടെ സംഖ്യ 50000 ലേക്ക് ഉയർത്തി ചിന്തിപ്പിച്ചു. അപ്പോൾ താഴേതട്ടിലേക്കു വന്ന് പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാധിച്ചു. അങ്ങനെ പഞ്ചായത്തു തലത്തിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ (CFLTC) ഉണ്ടാക്കാൻവേണ്ടി പരിപാടികൾ ആസൂത്രണം ചെയ്തു. അങ്ങനെ മുൻകൂട്ടി ചിന്തിച്ചില്ലായിരുന്നുവെങ്കിൽ പെട്ടെന്ന് രോഗബാധിതരുടെ സംഖ്യ 50000 ലേക്ക് ഉയർന്നപ്പോൾ നമ്മൾ എവിടെ കൊണ്ടുപോകുമായിരുന്നു? അതിനായി ഓഡിറ്റോറിയങ്ങളും പാരിഷ്ഹാളുകളും ഒഴിഞ്ഞുകിടന്ന പ്രൈവറ്റ് ഹോസ്പിറ്റലുകളും ഏറ്റെടുത്തു. ഹോട്ടലുകളും കൺവെൻഷൻ സെന്ററുകളൊക്കെ കൺവർട്ടുചെയ്ത് ഇതിനായി ഉപയോഗപ്പെടുത്തി. എറണാകുളത്ത് പ്രവർത്തനം നിലച്ചിരുന്ന പിവിഎസ് ഹോസ്പിറ്റൽ ഏറ്റെടുത്ത് കോവിഡ് സെന്ററാക്കി. അതുപോലെതന്നെ എറണാകുളം ജില്ലയിലെ അഡ്‌ലക്സ് സെന്ററും സ്റ്റേഡിയവുമൊക്കെ 100 കണക്കിന് ബെഡുകൾ ഇട്ട് കോവിഡ് സെന്ററുകളാക്കി. ഇങ്ങനെ ദീർഘവീക്ഷണത്തോടെ ആസൂത്രണം ചെയ്ത് പ്രവർത്തിച്ചില്ലായിരുന്നെങ്കിൽ മുംബൈയിലെയും ഡൽഹിയിലെയും സ്ഥിതി കേരളത്തിലും വരുമായിരുന്നു. നാം സ്വീകരിച്ച എ,ബി,സി പ്ലാനുകൾ വളരെ വിജയപ്രദമായിരുന്നു.

ഓക്സിജന്റെ കാര്യത്തിലും ഇതേ ആസൂത്രണമികവ് നാം ചെയ്തു. പാലക്കാടുള്ള കഞ്ചിക്കോട് ഓക്സിജൻ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ നേരത്തെതന്നെ തീരുമാനിച്ചു. വാക്സിന്റെകാര്യത്തിൽ കേന്ദ്രവും അങ്ങനെ ഒരു തീരുമാനം മുൻകൂട്ടി എടുക്കണമായിരുന്നു. സിറം ഇൻസ്റ്റിറ്റ്യൂട്ട് അവരുടെ ഭാഗമായിത്തന്നെ റീജിയൺ ആയി വാക്സിൻ ഉത്പാദിപ്പിക്കാൻ നമുക്ക് അനുവാദം തന്നിരുന്നെങ്കിൽ ആലപ്പുഴ KSDP (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്) യിൽ നമുക്ക് വാക്സിൻ ഉത്പാദിപ്പിക്കാമായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ വാക്സിൻ ക്ഷാമവും കാര്യമായി നമുക്ക് നേരിടേണ്ടി വരുമായിരുന്നില്ല.

## കോവിഡുകാല വിദ്യാഭ്യാസം

ഈയൊരു പ്രതിസന്ധിഘട്ടത്തിൽ നാം യാഥാർത്ഥ്യം ഉൾക്കൊണ്ടേമതിയാവൂ. സ്കൂളിൽ പോയി വിദ്യാർത്ഥികളും അധ്യാപകരുമൊക്കെ ഒരുമിച്ചുചേർന്ന് പഠിക്കണം പഠിപ്പിക്കണം എന്നൊക്കെ എല്ലാവർക്കും ആഗ്രഹമുണ്ട്. പക്ഷെ അത്തരമൊരു സാഹചര്യമല്ല ഇപ്പോൾ നിലവിലുള്ളത്. ഓൺലൈൻ ക്ലാസ്സ് അതത്ര തൃപ്തിയാവില്ലെന്ന് നല്ല ബോധ്യമുണ്ട്. റെഗുലർ അധ്യയനം പോലെ ഓൺലൈൻ പഠനം ഫലപ്രദമാകാനിടയില്ല. പക്ഷെ നമുക്ക് ഇപ്പോൾ പ്രഥമപരിഗണന ജീവൻ നിലനിർത്തുക എന്നതാണ്. കാരണം ജീവനുണ്ടെങ്കിലേ വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കേണ്ട കാര്യമുള്ളൂ. അതിനാൽ ഒരുഘട്ടംവരെ ഇനിയും നമുക്ക് ഈ ഓൺലൈൻ ക്ലാസ്സുകൾതന്നെ നടത്തിയേ മതിയാവൂ. ഇക്കാര്യത്തിൽ വിദ്യാർത്ഥികളും അധ്യാപകരും ശുഷ്‌ക്കാന്തി കാണിക്കുന്നതോടൊപ്പം രക്ഷിതാക്കളും ശ്രദ്ധിക്കണം. കാരണം സ്മാർട്ട് ഫോണുകൾ കുട്ടികളെ ഏൽപ്പിക്കുമ്പോൾ ഓൺലൈൻ ദുരുപയോഗം വരാൻ സാധ്യതയുണ്ട്. രക്ഷിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടത് കുട്ടികൾക്ക് പഠിക്കാൻ കൊടുക്കുന്ന സ്മാർട്ട് ഫോൺ ആ ക്ലാസ്സിനുവേണ്ടിമാത്രമാണോ ഉപയോഗിക്കുന്നത് എന്നാണ്. പഠനസമയം കഴിഞ്ഞ് തിരിച്ചുവാങ്ങിവയ്ക്കണം. പഠനം എന്നപേരിൽ കുട്ടികൾ അയയ്ക്കുന്ന സന്ദേശങ്ങൾ എവിടേക്കാണെന്നും എന്താണെന്നും ശ്രദ്ധിക്കേണ്ടതാണ്. അത് കുട്ടികളെ ശാസിച്ചുകൊണ്ടോ വഴക്കുപറഞ്ഞുകൊണ്ടോ ആയിരിക്കരുത്. നയപരമായി അവരെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തണം. കാരണം കുട്ടികളുടെ മനസ്സ് പെട്ടെന്ന് പ്രക്ഷുബ്ധമാകും. അവർ അവിവേകമായി ഒന്നും ചെയ്യാതിരിക്കാനും അവരുടെ ജീവിതക്രമത്തിൽ താളപ്പിഴകൾ കാണുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാലും ആവശ്യമെങ്കിൽ കുട്ടികൾക്ക് കൗൺസിലിംഗ് നൽകാനും ശ്രദ്ധിക്കേണ്ടതാണ്. ചില മാതാപിതാക്കളെങ്കിലും നവമാധ്യമ ഉപയോഗത്തിൽ അജ്ഞരാകാം. അവർ കബളിപ്പിക്കപ്പെടാതിരിക്കാൻ സന്നദ്ധപ്രവർത്തകരുടെയും അറിവുള്ളവരുടെയും സഹായം തേടാനും ഉപേക്ഷ കാണിക്കരുത്. ■


www.malankaralibrary.com

# കോവിഡ് പ്രതിരോധം
# കേരള സഭയുടെ കരുതൽ

**ഈ നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ മഹാമാരിക്ക് ലോകം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. കേരളവും അതിന്റെ സംഹാരതാണ്ഡവത്തിൽ നിന്നും മുക്തമല്ല. സർക്കാരും സർക്കാരിതര ഏജൻസികളും പ്രതിരോധത്തിനായി കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം കേരളത്തിലെ മൂന്ന് വ്യക്തിസഭകളും അവരുടെ സാമൂഹ്യ സേവന വിഭാഗങ്ങൾ വഴിയും ഇടവകകൾ, സന്നദ്ധസംഘടനകൾ, അല്മായ-യുവജന പ്രസ്ഥാനങ്ങൾ എന്നിവ വഴിയും സജീവമായ സഹായ സഹകരണങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. അതിനെപ്പറ്റി കേരളസഭാവക്താവിന്റെ വിശദീകരണം.**



ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
*ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, K.C.B.C.*

കോവിഡ്-19 പകർച്ചവ്യാധി അതിന്റെ സംഹാരതാണ്ഡവം അതിശക്തമാക്കി രണ്ടാം തരംഗത്തിൽ മുന്നേറുകയാണ്. ഇതേത്തുടർന്ന്, മൂന്നാം തരംഗം ഉണ്ടാകുമെന്നും അത് പ്രധാനമായും കുട്ടികളെയായിരിക്കും ബാധിക്കുകയെന്നും കേൾക്കുമ്പോൾ സമൂഹത്തിൽ ഭയാശങ്കകൾ ഏറുകയാണ്. വിവിധ ഏജൻസികളും സന്നദ്ധപ്രവർത്തകരും സർക്കാരിനൊപ്പം ഈ പകർച്ചവ്യാധിയുടെ വ്യാപനം തടയുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. കേരള സർക്കാർ വളരെ ജാഗ്രതയോടും താത്പര്യത്തോടും കൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ വിവിധ സഭകളും അവയുടെ സാമൂഹിക സേവന വിഭാഗങ്ങളും ഈ അവസരത്തിൽ സംയോജിതമായ ഇടപെടലുകൾ നടത്തുന്നുണ്ടെന്നുള്ളതും ശ്ലാഘനീയമാണ്. കേരളത്തിലെയും ഭാരതത്തിലെയും കത്തോലിക്കാസഭ, സുസംഘടിതമായ ഭരണ ശൃംഖലയിലൂടെ ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ എപ്രകാരമാണ് ഇടപെടുന്നതെന്ന് അറിയുന്നത് കൂടുതൽ പ്രതീക്ഷ നൽകും.

കത്തോലിക്കാസഭ, കേരളത്തിലെ 32 രൂപതകളിലായി പ്രവർത്തിക്കുന്ന രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾ വഴിയാണ് പ്രധാനമായും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത്. കൂടാതെ വിവിധ സംഘടനകളും മറ്റ് ഏജൻസികളും തനതായും സോഷ്യൽ സർവീസ് സൊസൈറ്റികളോടും ചേർന്നും പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. കഴിഞ്ഞ മാർച്ച് അവസാനം വരെ 23,90,322 കുടുംബങ്ങളിലേക്കും 1,07,029 അതിഥി തൊഴിലാളികളിലേക്കും സഭയുടെ സേവനം എത്തിക്കാൻ സാധിച്ചു. വ്യക്തിഗത കണക്കെടുത്താൽ 71,99,046 പേരിലേക്ക് സഭയുടെ സേവനം എത്തുകയുണ്ടായി. ഇതിനായി കേരള സോഷ്യൽ സർവീസ് ഫോറവും രൂപതാ സർവീസ് സൊസൈറ്റികളും സംഘടനകളും ചേർന്ന് ചിലവഴിച്ച തുക 65,43,68,363 രൂപയാണ്. കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ വൈദികരും സിസ്റ്റേഴ്സും യുവജനങ്ങളും സന്നദ്ധപ്രവർത്തകരും ഉൾപ്പെടെ 6294 പേർ അടങ്ങുന്ന സമരിറ്റൻ വോളന്റീയേഴ്സാണ് ഈ പ്രവർത്തനങ്ങളിൽ കർമനിരതരായിട്ടുള്ളത്. 1861 മൃതസംസ്കാര ശുശ്രൂഷകളും ഇവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.



www.malankaralibrary.com



*വരാപ്പുഴ അതിരൂപത സാമൂഹ്യ സേവന വിഭാഗം എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി (ഇ.എസ്.എസ്.എസ്) പിയർലെസ് ബയോടെക് കമ്പനിയുടെ സഹകരണത്തോടെ 5000 ആന്റിജൻ ടെസ്റ്റ് കിറ്റുകൾ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നു.*

അന്താരാഷ്ട്ര ഏജൻസിയായ കാത്തലിക് റിലീഫ് സർവീസസിന്റെ സഹകരണത്തോടെ തെരഞ്ഞെടുക്കപ്പെട്ട 960 സമരിറ്റൻസ് വോളന്റിയർമാർക്ക് പരിശീലനം നല്കി വരുന്നു. ഇതിനായി 23,38,600 രൂപ അവർ സഹായധനമായി നല്കുകയുണ്ടായി. ഓരോരോ രൂപതയിൽ നിന്നും 30 പേർ വീതമുള്ള സംഘാംഗങ്ങൾക്ക് കോവിഡ് രോഗത്തെയും അതിനുള്ള പ്രതിരോധ സംവിധാനങ്ങൾ, കോവിഡ് രോഗീപരിചരണം, മൃതസംസ്കാരശുശ്രൂഷകളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ, പാലിക്കേണ്ട പ്രോട്ടോക്കോളുകൾ എന്നിവയെ സംബന്ധിച്ചുള്ള പരിശീലനവുമാണ് നല്കിക്കൊണ്ടിരിക്കുന്നത്. ഓരോ വോളന്റീയറും തന്റെ ചുറ്റുപാടുമുള്ള മറ്റു സമരിറ്റൻ വോളന്റീയർമാരുടെ സഹകരണത്തോടെ അഞ്ഞൂറു കുടുംബങ്ങളെയെങ്കിലും തന്റെ കരുതലിന്റെ ഭാഗമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം നാലുലക്ഷത്തി എൺപതിനായിരം കുടുംബങ്ങളിലേക്ക് വോളന്റിയേഴ്സിന്റെ സേവനം എത്തിക്കാൻ കഴിയുന്നു. കേരള സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ ആറു റീജിണൽ കോ-ഓർഡിനേറ്റേഴ്സിന്റെ കീഴിലാണ് സമരിറ്റൻസ് വോളന്റിയേഴ്സിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

അതോടൊപ്പംതന്നെ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രത്യേക നിർദേശപ്രകാരം KCBC ഹെൽത്ത് കമ്മീഷന്റെയും കാത്തലിക് ഹോസ്പിറ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (CHAI)കേരള ഘടകത്തിന്റെയും നേതൃത്വത്തിൽ പാലാരിവട്ടം POC കേന്ദ്രമാക്കി ഒരു കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപനസമിതി പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ വിവിധ ആശുപത്രികളിൽ സേവനം ചെയ്യുന്ന സമർപ്പിതരായ സിസ്റ്റർ ഡോക്ടേഴ്സ് ഫോറത്തിന്റെ സേവനം ലഭ്യമാക്കിക്കൊണ്ട് ടെലിമെഡിസൻ സൗകര്യവും കേരളത്തിലെ കത്തോലിക്കാ നഴ്സസ് ഗിൽഡിന്റെയും ഇരുപത്തിമൂന്നോളം വരുന്ന കത്തോലിക്കാ സോഷ്യൽ വർക്ക് കോളജുകളിലെയും സൈക്കോളജി ഡിപ്പാർട്ടുമെന്റുകളിലെയും സന്നദ്ധരായ 380 ഓളം വിദ്യാർത്ഥികളുടെ സേവനം ഉറപ്പുവരുത്തി ടെലി കൗൺസലിങ്ങ് സൗകര്യവും ചെയ്തുവരുന്നു. തൃശ്ശൂരിലെ ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിന്റെ സഹായത്തോടെയാണ് ടെലി മെഡിസിൻ/ടെലി കൗൺസലിംഗ് ഹെൽപ് ലൈൻ ഡസ്ക് പ്രവർത്തിക്കുന്നത്.

അതോടൊപ്പം പിഒസിയിലെ കോവിഡ് ഹെൽപ് ഡസ്ക് ഓഫീസിൽ തൃക്കാക്കര ഭാരത് മാതാ കോളജിലെ എം.എസ്.ഡബ്ല്യൂ. വിദ്യാർത്ഥികൾ രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ വിവരങ്ങളും നിർദ്ദേശങ്ങളും നല്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ കോവിഡ് ചികിത്സാലയമായി ഒരുക്കിയിട്ടുള്ള ഇരുമ്പനത്തെ ബി.പി.സി.എൽ ലെ പ്രത്യേക കോവിഡ് ആശുപത്രിയിലെ രോഗികളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് കുടുംബാംഗങ്ങൾക്ക് അറിവു നല്കുന്നതിനായി ടെലിഫോൺ സേവനവും നല്കി വരുന്നു.

ആവശ്യപ്പെടുന്ന എല്ലാ രൂപതകൾക്കും സംഘടനകൾക്കുമായി ഹെൽത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഓക്സിമീറ്റർ, തെർമോമീറ്റർ, സാനിറ്റൈസർ, സ്റ്റീം ഇൻഹെയ്ലർ, മാസ്ക് എന്നിവ അടങ്ങുന്ന മെഡിക്കൽ കിറ്റ്


www.malankaralibrary.com



*എറണാകുളം – അങ്കമാലി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗം സഹൃദയയുടെ നേതൃത്വത്തിൽ കൊവിഡ് രോഗികൾക്ക് ഭക്ഷണം പാകം ചെയ്യുന്ന ജനകീയ അടുക്കളകളിലേക്ക് മധുരക്കനി പദ്ധതിയിലൂടെ രണ്ടര ടൺ കപ്പ നൽകുന്നു.*

സംലഭ്യമാക്കുന്നു. ഇതുവരെ 8050 ഓളം മെഡിക്കൽ കിറ്റുകൾ വിവിധ രൂപതകളിലായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

കോവിഡു മഹാമാരി രൂക്ഷമായി തുടരുന്ന വേളയിലാണ് പ്രകൃതി ക്ഷോഭവും കടൽകയറ്റവും കേരളത്തിന്റെ തീരപ്രദേശങ്ങളെ തീരാദുഃഖത്തിലാഴ്ത്തിയത്. *ടൗക്ടെ, യാസ്* ചുഴലികാറ്റുകൾമൂലം നാശനഷ്ടമുണ്ടായ തീരപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായവും അത്യാവശ്യ ഭക്ഷണപദാർത്ഥങ്ങളും എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി കാത്തലിക് റിലീഫ് സർവീസസ് 24,10,000 സംഭാവനയായി നല്കി. കേരള സോഷ്യൽ സർവീസ് ഫോറം എത്രയുംവേഗം ആവശ്യക്കാരിലേക്ക് പ്രസ്തുത സഹായം എത്തിക്കുന്നതിന് നേതൃത്വം നല്കി. അപ്രകാരം പെട്ടെന്നുള്ള ചെറിയ ധനസഹായം എന്ന നിലയിൽ അയ്യായിരം രൂപ വീതം 250 കുടുംബങ്ങൾക്കും നാലായിരം രൂപ വീതം 255 കുടുംബങ്ങൾക്കും നല്കുകയുണ്ടായി. ജെപിഡി കമ്മീഷൻ ചെയർമാനും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനുമായ മാർ ജോസ് പുളിക്കലിന്റെ നേതൃത്വത്തിൽ വിവിധ രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളെ ഏകോപിപ്പിച്ച് സഹായങ്ങൾ എത്തിക്കുകയുണ്ടായി. കാഞ്ഞിരപ്പിള്ളി രൂപതയിലെ സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ സഹായത്തോടെ നാലു ലക്ഷത്തോളം രൂപ വിലമതിക്കുന്ന ബ്രഡും പാൽ പാക്കറ്റുകളും മലനാട് ഡവലപ്മെന്റ് സൊസൈറ്റിയിൽ നിന്നു ശേഖരിച്ച് വിതരണംചെയ്തു. എറണാകുളം അതിരൂപതയുടെ വെൽഫെയർ സർവീസസിന്റെ നേതൃത്വത്തിൽ സംരക്ഷണ ഭിത്തിക്കാവശ്യമായ മൺചാക്കുകളും പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷണ പദാർത്ഥങ്ങളും ചെല്ലാനത്ത് എത്തിക്കുകയുണ്ടായി. ചങ്ങനാശ്ശേരി അതിരൂപതയുടെ സാമൂഹികസേവന വിഭാഗവും മണൽഭിത്തിക്കാവശ്യമായ ചാക്കുകൾ ശേഖരിച്ചു നല്കി. അപ്രകാരം തന്നെ കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയും ഭക്ഷണപദാർത്ഥങ്ങളും മണ്ണു നിറക്കാനുള്ള ചാക്കുകളും നല്കി സഹകരിച്ചു. K.R.L.C.C. ആയിരം ഭക്ഷണകിറ്റുകൾ ചെല്ലാനത്തു വിതരണം ചെയ്യുകയുണ്ടായി.

പരിമിതമായ കണക്കുകൾ മാത്രമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇടവകകളും സന്ന്യാസ സഭാസ്ഥാപനങ്ങളും സംഘടനകളും അതതു പ്രദേശങ്ങളിൽ ചെയ്തുവരുന്ന ചെറുതും വലുതുമായ സന്നദ്ധ പ്രവർത്തനങ്ങൾ ഇതോടൊപ്പംതന്നെ ചേർത്തു പറയേണ്ടതാണ്. സമൂഹത്തിൽ അവശതയനുഭവിക്കുന്നവരിലേക്ക് ക്രിസ്തുവിന്റെ സ്നേഹവും സാഹോദര്യവും കരുതലും എത്തിച്ചുകൊടുക്കുന്നതിൽ സഭാതനയർ എപ്പോഴും സന്നദ്ധരായിരുന്നിട്ടുള്ളതുപോലെ ഇപ്പോഴും സന്മനസോടെ തയ്യാറായി മുന്നോട്ടുവരുന്നത് പ്രതീക്ഷ നല്കുന്നു. പലപ്പോഴും നിശബ്ദരായി സേവനം ചെയ്യുന്നതിനാണ് പലരും ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ സഹോദരങ്ങൾക്ക് ചെയ്തുകൊടുക്കുന്ന കാര്യങ്ങൾ സമൂഹമധ്യത്തിൽ പരസ്യമാക്കാൻ അവർ ഇഷ്ടപ്പെടുന്നില്ല. സഭ എക്കാലത്തുമെന്നതുപോലെ ഇക്കാലത്തും നിശബ്ദമായും നിർലോപമായും തന്റെ സേവനശുശ്രൂഷ നിർബാധം തുടരുകയാണ്. വിധവയുടെ ചില്ലിക്കാശിനുപോലും അർഹമായ മൂല്യം കല്പിക്കുന്ന ഈശോ, സഭയുടെ ഈദൃശ പ്രവർത്തനങ്ങളെ അനുഗ്രഹിക്കട്ടെ.

■


www.malankaralibrary.com

# മഹാമാരികൾ മുൻകരുതലും ജാഗ്രതയും

ഓരോരോ മഹാവ്യാധികൾ ഉടലെടുക്കുമ്പോഴും ആരംഭഘട്ടത്തിൽ വലിയ ജാഗ്രതയും മുന്നൊരുക്കങ്ങളും പ്രതിജ്ഞകളുമൊക്കെ നടത്താറുണ്ട്. പ്രളയാനന്തരം എന്തെല്ലാം നടപ്പിലായി? കോവിഡ് 19 ജാഗ്രതകൾ നിർദേശിച്ച് സമ്പൂർണ അടച്ചുപൂട്ടലുകളൊക്കെ നടത്തിയിട്ടും രാഷ്ട്രീയ തിരഞ്ഞെടുപ്പുകൾക്കും ഒത്തുവാസങ്ങൾക്കും എന്തെങ്കിലും അതിർവരമ്പുകളുണ്ടായോ? മലനാടും ഇടനാടും തീരനാടും ഒരുപോലെ പ്രകൃതിയുടെ വികൃതിയാൽ നാശമാകുന്നുവെന്ന് പറയുമ്പോഴും ഈ നശീകരണങ്ങൾക്ക് മനുഷ്യരുടെ കലവറയില്ലാത്ത പിന്തുണയുണ്ടെന്നത് കാണാതിരിക്കാനാവുമോ? നമ്മുടെ അലസതയും ഉദാസീനതയും കെടുകാര്യസ്ഥതയും വരുത്തിവയ്ക്കുന്ന വൻ വിപത്തിനെക്കുറിച്ച് ഓർമപ്പെടുത്തുന്നു.



ഡോ. സി. എം. ജോയി
*പരിസ്ഥിതി ശാസ്ത്രജ്ഞൻ*

കൊറോണ വൈറസ് 19 ജനിതകമാറ്റത്തിന് വിധേയമായി വ്യാപിച്ചതോടെ ഭൂമിയിലെ മനുഷ്യന്റെ ജീവിതശൈലിതന്നെ മാറിമറഞ്ഞിരിക്കുന്നു. രോഗവ്യാപനവും തീവ്രതയും മരണനിരക്കും ലോകത്തെ ഭയാശങ്കയിലാക്കി. ഇപ്പോൾ വാക്സിനേഷൻ വ്യാപകമാക്കിയിരിക്കുന്നു. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ രോഗികളുടെ എണ്ണവും മരണനിരക്കും കുറഞ്ഞപ്പോൾ കേരളത്തിലാകട്ടെ രോഗികളുടെ എണ്ണം കുറയ്ക്കാൻ ബുദ്ധിമുട്ടുകയാണ്. ആഴ്ചകളായി തുടർന്നുവരുന്ന ലോക്ഡൗൺ സംസ്ഥാനത്ത് രോഗികളുടെ എണ്ണത്തിൽ പ്രതീക്ഷിച്ച അത്ര കുറവുണ്ടാക്കുന്നില്ലെന്നതാണ് വാസ്തവം. മലയാളികൾ അഭ്യസ്തവിദ്യരാണെന്ന് വീമ്പിളക്കുന്നുണ്ടെങ്കിലും രാഷ്ട്രീയതിമിരത്തിനടിമകളാണ്. രോഗം മൂർഛരിച്ചുനിൽക്കുമ്പോൾ പഞ്ചായത്ത് – നിയമസഭ ഇലക്ഷനുകളും വിവിധ പരീക്ഷകളും പ്രചരണജാഥകളും ഒത്തുകൂടലകളും മീറ്റിംഗുകളും നടന്നു; ഇപ്പോഴും നടക്കുന്നു. ജനങ്ങൾ ഒത്തുകൂടുന്നതിന് വിവാഹത്തിനും മരണത്തിനും മാത്രമാണ് വിലക്കേർപ്പെടുത്തിയിരിക്കുന്നത്. മറ്റവസരങ്ങളിൽ രാഷ്ട്രീയക്കാരോടൊപ്പമുള്ള നടത്തം, ഒത്തുചേരൽ, പാർട്ടിമീറ്റിംഗുകൾ ഒന്നിലും ജനം കൂടുന്നതിൽ ഒരു നിയന്ത്രണവുമില്ല. വിവാഹസൽക്കാരങ്ങൾ 50 പേരുടെ ബാച്ചുകളായി അഞ്ഞൂറും ആയിരവുമായി പൊടിപൊടിക്കുന്നു. ക്ലബ് മീറ്റിംഗുകൾ, റസിഡൻസ് അസോസിയേഷൻ മീറ്റിംഗുകൾ, മതപരമായ ചടങ്ങുകളുടെ ആഘോഷങ്ങൾ എല്ലാം തകൃതിയായി നടക്കുന്നുണ്ട്. ശരിയായി മാസ്ക് ധരിക്കുന്നതിൽപോലും മലയാളി അല്പത്തരം കാണിക്കുകയാണ്. ഒരേ ഗ്ലാസ് ഉപയോഗിച്ചുള്ള ചായകുടി, കൂടിച്ചേരലുകളിലുള്ള ഹസ്തദാനം, ആലിംഗനം എന്നിവയൊന്നും


www.malankaralibrary.com

ഒഴിവാക്കാത്തവർ നിരവധിയാണ് ഇപ്പോഴും. രോഗമുള്ളവർപോലും തെരുവുകളിൽ വിലസുന്നു. മലയാളിയുടെ അഹന്തയും അറിവില്ലായ്മയും മാത്രമാണ് കോവിഡ് നിയന്ത്രിക്കുന്നതിന് കേരളത്തിൽ തടസ്സമായിട്ടുള്ള ഘടകങ്ങൾ. കോവിഡ് –19 നിയന്ത്രിക്കണമെങ്കിൽ മലയാളിക്ക് സ്വയംനിയന്ത്രണം അനിവാര്യമാണ്. സാമൂഹിക അകലം പാലിക്കുന്നതിലും ശരിയായി മാസ്ക് ധരിക്കുന്നതിലും അനാസ്ഥ കാണിക്കാതിരുന്നാൽ കേരളത്തിൽ കോവിഡ് മഹാമാരി നിയന്ത്രിക്കാനാകും. അതിന് ജനങ്ങളും നേതാക്കളും സഹകരിക്കണം.

## ദുരന്തങ്ങളിൽ കേരളം

സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷങ്ങളായി പ്രളയവും കൊടുങ്കാറ്റും കടൽക്ഷോഭവും ഉരുൾപൊട്ടലുമെല്ലാം നിരന്തരസംഭവങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഭാരതത്തിലെ ചെറിയ സംസ്ഥാനങ്ങളിൽ ഒന്നായ കേരളം പശ്ചിമഘട്ട മലമടക്കുകളുടെയും അറബിക്കടലിന്റെയും ഇടയിലുള്ള ഒരുതുണ്ട് ഭൂമി മാത്രമാണ്. സംസ്ഥാനത്തിന്റെ 680 കി.മീ തീരദേശമേഖല ഏതാണ്ട് പൂർണമായും കടലാക്രമണ ഭീഷണിയിലാണ്. കാലാവസ്ഥവ്യതിയാനത്തിന്റെ ദുരന്തമായി വർഷം മുഴുവനും കടൽതീരവാസികൾ ദുരിതത്തിലാണ്. അവരെ സംരക്ഷിക്കാൻ തിരഞ്ഞെടുത്ത സർക്കാരുകൾ പരാജയപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ശാസ്ത്രീയമായ പരിഹാരം തേടുന്നതിൽ സർക്കാർ സംവിധാനങ്ങൾ തികഞ്ഞ അനാസ്ഥയാണ് കാണിക്കുന്നത്. തീരദേശവാസികൾ നിരന്തരം സ്വന്തംനാട്ടിൽ അഭയാർത്ഥികളായി മാറുന്നു. ഇതിനൊരു പരിഹാരം വേണം. മറ്റു രാജ്യങ്ങളിൽ തീരസംരക്ഷണത്തിന് ചെയ്യുന്ന മാർഗങ്ങൾ സംസ്ഥാനത്തും നടപ്പാക്കണം. മത്സ്യമേഖലയിലുള്ളവരെ പട്ടിണിയിലും ദുരിതത്തിലുമാക്കുന്ന പ്രകൃതിയുടെ വികൃതിയെ ക്രിയാത്മകമായി, അഴിമതിരഹിതമായി, പദ്ധതികൾ ആസൂത്രണം ചെയ്ത് പരിഹാരം കാണണം. തീരദേശസംരക്ഷണം ഉറപ്പാക്കണം.

ഒരു പുരുഷായുസ്സിൽ നേടിയതെല്ലാം തീരപ്രദേശങ്ങളിൽ മുടക്കുന്നത് ആശാസ്യമല്ലെന്ന് സമീപകാല കടലാക്രമണങ്ങൾ മുന്നറിയിപ്പുതരുന്നുണ്ട്. കാലാവസ്ഥവ്യതിയാനവും ആഗോളതാപനവും മഞ്ഞുരുകലും സമുദ്രനിരപ്പിന്റെ ഉയർച്ചയ്ക്കു കാരണമാകുമെന്ന കണക്കുകൂട്ടലുകളിലാണ് ലോകരാജ്യങ്ങൾ. കേരളതീരത്ത് ഇന്ന് കൂറ്റൻ തിരമാലകളാണ് ആഞ്ഞടിക്കുന്നത്. അതുകൊണ്ട് തീരദേശനിയമങ്ങൾ നടപ്പാക്കുന്നതിനോടൊപ്പം തീരദേശവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരവും കാണണം.

## പ്രളയാനന്തര കേരളം


കഴിഞ്ഞ മൂന്നുവർഷവും പ്രളയകാലത്ത് ഉയർന്നുകേട്ട ഒരു മഹാകാര്യമുണ്ട്; അത് നവകേരളനിർമാണമായിരുന്നു. പ്രളയങ്ങൾക്കുശേഷം നാം കേൾക്കാതിരുന്നതും അതുതന്നെ. ഉരുൾപൊട്ടലുകൾക്ക് പരിഹാരം, ഡാം മാനേജ്മെന്റ്, പ്രളയബാധിതർക്ക് പുനരധിവാസം.




www.malankaralibrary.com

ഇതൊക്കെ പ്രളയകാലത്തെ ചർച്ചാവിഷയങ്ങളായിരുന്നു. എന്നാൽ ഇതിൽ ഒന്നിൽപ്പോലും കാര്യമായ നടപടികൾ ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം. പശ്ചിമഘട്ടത്തെ സംരക്ഷിച്ചുപോരുന്ന കാടും പാറമലകളും കൂടുതൽ നാശത്തിലേക്കാണ് പോകുന്നതെന്നതാണ് പുതിയ വാർത്തകൾ. നികുതി വരുമാനത്തിനായി കൂടുതൽ പാറമടകൾക്കും അണക്കെട്ടിലെ മണൽവാരലിനും കളമൊരുങ്ങിക്കഴിഞ്ഞു. 1964-ലെ ഭൂപതിപ്പ് ചട്ടങ്ങളിൽ ഭേദഗതിവരുത്തി പാട്ടഭൂമിയിൽനിന്നും പട്ടയഭൂമിയിൽനിന്നും മറ്റും വിലപിടിച്ച തടികളും കടത്തിക്കൊണ്ടുപോകുന്ന മാഫിയയാണ് വാർത്തകളിൽ ഇടം നേടിയിരിക്കുന്നത്. പാറമടകളുടെ എണ്ണം വർധിക്കുകയും മരങ്ങൾ വെട്ടിമാറ്റുകയും ചെയ്താൽ പരിസ്ഥിതി ദുർബലപ്രദേശമായ പശ്ചിമഘട്ടമലമടക്കുകളിൽ കാലവർഷക്കാലത്ത് ഉരുൾപൊട്ടലുകളും കുന്നിടിയലും റോഡുകൾ ഒഴുകിപ്പോകലും നടക്കുമെന്ന അവസ്ഥയിലാണ്. മരങ്ങൾ മലകളിൽ നിന്നും ഒഴിവാകുന്നതോടെ മലകൾ നിരങ്ങിനീങ്ങാനുള്ള സാധ്യത വർധിക്കുകയാണ്. ഇതെല്ലാം ഹൈറേഞ്ചുകളെ കൂടുതൽ പ്രശ്നങ്ങളിലേക്ക് തള്ളിവിടും.

ഇടനാട്ടിലും പ്രളയം തടയാൻ ഇതുവരെ സർക്കാർ സംവിധാനങ്ങൾ ചെറുവിരൽ അനക്കിയിട്ടില്ല. അപകടരമായി ജലം ഉയരുന്ന സ്ഥലങ്ങളിൽനിന്നും പമ്പ് ചെയ്ത് വെള്ളം ഒഴിവാക്കാനുള്ള നടപടികൾപോലും ഉണ്ടായിട്ടില്ല. തോടുകളും ഇടതോടുകളും നിറഞ്ഞുതന്നെ തുടരുന്ന നദികളുടെ പ്രളയപ്രതലങ്ങളിൽ കൈയേറ്റവും നിർമാണപ്രവർത്തനങ്ങളും തകൃതിയായി നടക്കുന്നു. കെട്ടിടനിർമാണനയത്തിൽ പ്രളയകാരണങ്ങൾ ഉൾച്ചേർത്തുകൊണ്ടുള്ള ഒരു നയവ്യത്യാസവും നടത്തിയിട്ടില്ല. ഇതെല്ലാം നാലാം വർഷവും കേരളം നേരിടാൻ പോകുന്നത് ദുരിതപൂർണമായ പ്രളമായിരിക്കുമെന്നതിന്റെ സൂചനയായാണ് കണക്കാക്കേണ്ടത്. നാം ഭയപ്പെടണം. പ്രളയാനന്തരകേരളം കൈക്കൊള്ളേണ്ട നടപടികളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. കൊറോണകാലത്തെ പ്രളയങ്ങൾ സാധാരണക്കാരനെ കൂടുതൽ ദുരിതത്തിലാക്കുമെന്നതിൽ തർക്കമില്ല. യുദ്ധകാലാടിസ്ഥാനത്തിൽ പ്രളയത്തെ നേരിടാൻ സർക്കാർ സംവിധാനങ്ങൾ ഉണർന്നുപ്രവർത്തിക്കണം. നമുക്കധികം സമയമില്ല. കാലവർഷം തുടരുകയാണ്. മുൻകരുതലുകൾ നടത്തി കേരളജനതയെ രക്ഷിക്കാം. ■

# തിരുഹൃദയ സന്ന്യാസിനി സമൂഹം

തിരുഹൃദയപ്രേഷിതൻ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചനാൽ 1911 ജനുവരി 1 ന് പാലായിൽ സ്ഥാപിതമായതാണ് തിരുഹൃദയ സന്ന്യാസിനി സമൂഹം. തന്റെ ഭവനസന്ദർശനവേളയിൽ കണ്ടെത്തിയ അനാഥകുട്ടികളുടെയും നിരാലംബരായ വയോധികരുടെയും ദയനീയസ്ഥിതിയും വിദ്യാഭ്യാസത്തിന്റെ കുറവും അന്ന് കേരളത്തിലുണ്ടായിരുന്ന സന്ന്യാസിനിസമൂഹങ്ങളിൽ പ്രവേശനം ലഭിക്കാൻ സാധ്യതയില്ലാതിരുന്ന യുവതികളുടെ സന്ന്യാസജീവിതത്തോടുള്ള അദമ്യമായ ആഗ്രഹവുമാണ് ഈ സമൂഹത്തിന് രൂപം നല്കാൻ കാരണമായത്. ആതുരശുശ്രൂഷ, ഇടവകസേവനം, വിദ്യാഭ്യാസം, മിഷൻപ്രവർത്തനം തുടങ്ങി വിവിധ തലങ്ങളിൽ ഇന്ന് 11 പ്രൊവിൻസിലും ഒരു റീജിയനിലുമായി 3536 സിസ്റ്റേഴ്സ് സേവനമനുഷ്ഠിക്കുന്നു.

സന്ന്യാസജീവിതത്തിലൂടെ വീരോചിതമായി ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കാൻ ആഗ്രഹിക്കുന്ന യുവതികൾക്കു സ്വാഗതം. ഈശോയുടെ കരുണാർദ്രസ്നേഹത്തിന്റെ പ്രവാചകരായി ജീവിതം അർത്ഥപൂർണമാക്കാൻ സ്വപ്നം കാണുന്നവർക്ക് മാനന്തവാടി എസ്. എച്ച് നിർമ്മല പ്രൊവിൻസിലേക്ക് സ്വാഗതം.

**SH NIRMALA PROVINCE**


Dwaraka, Nalloornadu PO, PB No.33

Mananthavady - 670645, Ph:9744055019

www.malankaralibrary.com

# കോവിഡ് വാക്സിനും ആശങ്കകളും

കോവിഡ് പ്രതിരോധത്തിനായി, വാക്സിൻ കുത്തിവയ്പ് ആരംഭിച്ചതോടെ പല അഭ്യൂഹങ്ങളും വൈറസിനെക്കാൾ അതിവേഗം പ്രചരിക്കുന്നുണ്ട്. വാക്സിൻ ക്ഷാമവും കുത്തിവയ്പുകാലവിളംബവുമൊക്കെ ഒത്തുചേർന്നപ്പോൾ ആശങ്കകളും ജനങ്ങളിൽ പെയ്തിറങ്ങാൻ തുടങ്ങി. ഇതേക്കുറിച്ചുള്ള ആശങ്കകളെ ദുരീകരിക്കുകയാണ് ആരോഗ്യവിദഗ്ധനായ ലേഖകൻ.



ഡോ. ബെന്നറ്റ് സൈലം
*കൺസൾട്ടന്റ് പീഡിയാട്രിക്സ്*
*W&C ഹോസ്പിറ്റൽ, തൈക്കാട്*

മനുഷ്യജീവിതത്തെ ആഗോളതലത്തിൽ മാറ്റിമറിച്ച കൊറോണ വിട്ടുമാറാത്ത ഒരു ബാധ്യതയും മഹാമാരിയുമായി തീർന്നിരിക്കുന്നു. ഈ സാഹചര്യത്തിലാണ് പ്രതിരോധത്തിന് നാം കൂടുതൽ ഊന്നൽ നൽകേണ്ടത്. സാമൂഹിക അകലം, മാസ്ക്, സാനിറ്റേഷൻ എന്നീ മൂന്ന് പ്രതിരോധമാർഗങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ ശാസ്ത്രലോകം നമുക്കുതരുന്ന പ്രതിരോധമാർഗമാണ് വാക്സിനേഷൻ. വാക്സിനേഷൻ നിലവിൽ വന്നതിനൊപ്പം തന്നെ ഉടലെടുത്തതാണ് വാക്സിനേഷനെപ്പറ്റിയുള്ള ആശങ്കകളും. ഏതൊരു അസുഖത്തെ നാം നോക്കിക്കണ്ടാലും വാക്സിൻ ഓരോ വർഷവും ദശലക്ഷത്തിൽ കൂടുതൽ ആളുകളെ മരണത്തിൽനിന്ന് രക്ഷിക്കുന്നുണ്ട്.

## എന്താണ് വാക്സിൻ ചെയ്യുന്നത്?

വാക്സിൻ ശരീരത്തിലെ പ്രതിരോധശേഷിയെ ഉണർത്തുകയും അണുക്കളായ ബാക്റ്റീരിയയെയും വൈറസിനെയും നമ്മുടെ ശരീരത്തിൽ കയറാതെ ചെറുക്കുകയും ചെയ്യുന്നു. വാക്സിൻ നൽകി നിശ്ചിത കാലയളവിനുശേഷം അണുബാധ ഉണ്ടായാൽ അവയെ പെട്ടെന്നുതന്നെ നശിപ്പിക്കാനും രോഗമുക്തി നേടാനും സഹായിക്കുന്നു.

## കോവിഡിനെതിരെയുള്ള വാക്സിനേഷൻ

ലോകാരോഗ്യ സംഘടന (WHO) യുടെ 2021 ഏപ്രിൽവരെയുള്ള പ്രസിദ്ധീകരണം അനുസരിച്ച് താഴെപ്പറയുന്ന വാക്സിനുകൾ നൽകാവുന്നതാണ്.

1. Astrazeneca /Oxford vaccine
2. Johnson and Johnson
3. Moderna
4. Pfizer / Bion Tech

ഈ വാക്സിനുകൾ ലോകാരോഗ്യസംഘടന ഫലപ്രദവും സുരക്ഷിതവും എന്ന് വിലയിരുത്തിയിട്ടുണ്ട്.

5. Covaxin: ഇന്ത്യൻ നിർമിത വാക്സിൻ ആണിത്. കേന്ദ്ര ഗവൺമെന്റി


www.malankaralibrary.com




ന്റെ അംഗീകാരമുള്ള ഈ വാക്സിൻ കേരളത്തിൽ ലഭ്യമാണ്.

## കോവിഡ് വാക്സിൻ എങ്ങനെ നോക്കിക്കാണണം

1. സർക്കാർ നൽകുന്ന വാക്സിൻ അത് ഏതുതന്നെയായാലും ഒരു മടിയുംകൂടാതെ സ്വീകരിക്കുക.

2. ലോകാരോഗ്യ സംഘടനയുടെ അംഗീകാരമുള്ള എല്ലാ വാക്സിനുകളും ഫലപ്രദവും സുരക്ഷിതവുമാണെന്നുള്ള സത്യം മനസ്സിലാക്കുക.

3. 100% ഫലപ്രാപ്തി ഒരു വാക്സിനും ഇല്ലെന്നുള്ള സത്യവും ഇതിനോടൊപ്പംതന്നെ മനസ്സിലാക്കേണ്ടതാണ്.

## ആർക്കൊക്കെ വാക്സിനേഷൻ നൽകാം

1. 18 വയസ്സ് തികഞ്ഞ ആർക്കുവേണമെങ്കിലും വാക്സിൻ സ്വീകരിക്കാവുന്നതാണ്.

2. പ്രമേഹം, രക്തസമ്മർദം, ശ്വാസംമുട്ടൽ (ആസ്ത്മ), ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, കരൾസംബന്ധമായ രോഗങ്ങൾ, വൃക്കസംബന്ധമായ രോഗങ്ങൾ ഇവയിൽ ഏതെങ്കിലും രോഗമുണ്ടെങ്കിലും എന്നാൽ നിലവിൽ ബുദ്ധിമുട്ടുകൾ ഒന്നുമില്ലെങ്കിലും എത്രയും പെട്ടെന്ന് വാക്സിനേഷൻ എടുക്കുന്നതാണ് നല്ലത്.

## ഡോക്ടറുടെ നിർദേശത്തോടെ വാക്സിനുകൾ എടുക്കേണ്ടവർ

1. പ്രതിരോധശേഷി തകരാറുള്ളവർ
2. ഗർഭിണികൾ
3. മുമ്പ് വാക്സിനേഷൻ എടുത്തപ്പോൾ അലർജി ഉണ്ടായവർ
4. ഏതെങ്കിലും അസുഖം മൂർധന്യാവസ്ഥയിലുള്ളവർ.

## കുഞ്ഞുങ്ങൾക്ക് വാക്സിൻ നൽകാമോ?

ഇതുവരെയുള്ള വാക്സിൻ പഠനങ്ങൾ 18 വയസ്സിനു മുകളിലുള്ളവരിലാണ് നടത്തിയിരിക്കുന്നത്. ആയതിനാൽ 18 വയസ്സിനുതാഴെ പ്രായമുള്ളവർക്ക് വാക്സിൻ നൽകാനുള്ള അംഗീകാരം നിലവിലില്ല. മാത്രവുമല്ല, കുഞ്ഞുങ്ങളിലും ചെറുപ്പക്കാരിലും അസുഖലക്ഷണങ്ങൾ താരതമ്യേന കുറവായാണ് കണ്ടു വരുന്നത്. എന്നാൽ കുഞ്ഞുങ്ങൾക്ക് നിലവിൽ നൽകിവരുന്ന എല്ലാ വാക്സിനുകളും തുടർന്നും ഒരു മുടക്കവുംകൂടാതെ നൽകേണ്ടത് സമൂഹത്തിന്റെ ആവശ്യവുമാണ്.

## വാക്സിനേഷൻ എടുത്തവർ ശ്രദ്ധിക്കേണ്ടത്

വാക്സിനേഷൻ എടുത്തസ്ഥലത്ത് 15 മുതൽ 30 മിനിറ്റ് നേരം തങ്ങുക. എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെങ്കിൽ വാക്സിനേഷൻ നൽകിയ സ്ഥലത്തെ ആരോഗ്യപ്രവർത്തകരെ ഉടൻ അറിയിക്കണം. വാക്സിനേഷൻമൂലം ഉദ്ദേശിച്ച ഫലപ്രാപ്തി കിട്ടണമെങ്കിൽ രണ്ടാമത്തെ ഡോസും അത്യാവശ്യമാണ്. രണ്ടാമത്തെ ഡോസ് എത്ര


www.malankaralibrary.com

ദിവസത്തിനുശേഷം സ്വീകരിക്കണമെന്നത് മനസ്സിലാക്കിയിട്ട് വേണം വാക്സിൻ സ്ഥലത്തുനിന്ന് മടങ്ങാൻ.

## വാക്സിനേഷൻ സ്വീകരിച്ചവരിലെ സാധാരണ പാർശ്വഫലങ്ങൾ

- വാക്സിനേഷൻ എടുത്ത കൈയിൽ വേദന
- നേരിയതോതിൽ പനി
- ക്ഷീണം
- തലവേദന
- പേശിവേദന
- സന്ധിവേദന
- അലർജി: വാക്സിനേഷൻ സ്വീകരിച്ചവർ ആരോഗ്യപ്രവർത്തകരെ സമീപിക്കേണ്ട പാർശ്വഫലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അലർജി. സാധാരണഗതിയിൽ വളരെ വിരളമായി മാത്രമാണ് അലർജി കാണുന്നത്.

## പാർശ്വഫലങ്ങൾക്കുള്ള ചികിത്സ

ചെറിയ രീതിയിലുള്ള പാർശ്വഫലങ്ങളായ ശരീരവേദന, പനി, ക്ഷീണം എന്നിവയ്ക്ക് പാരസറ്റമോൾ ഒന്നോ രണ്ടോ ഡോസ് മതിയാകും. എന്നാൽ പാർശ്വഫലങ്ങൾ വരും എന്നു വിചാരിച്ച് മുൻകൂട്ടി പാരസറ്റമോൾ കഴിക്കുന്നത് ഒട്ടും നല്ലതല്ല.

## വാക്സിനേഷൻ സ്വീകരിച്ചവർ ശ്രദ്ധിക്കേണ്ടവ

1. കൊറോണവൈറസ് പകർച്ച തടയാനുള്ള മാർഗങ്ങൾ മുൻപോലെതന്നെ തുടർന്നും പാലിക്കുക.
2. മറ്റുവ്യക്തികളുമായി ഇടപഴകുമ്പോൾ കുറഞ്ഞത് ഒരു മീറ്ററെങ്കിലും അകലം പാലിക്കുക.
3. മാസ്ക് ധരിക്കുന്നത് ശീലമാക്കുക, സംസാരിക്കുമ്പോൾ മാസ്ക് മാറ്റാതിരിക്കുക.
4. കൂടെക്കൂടെ സോപ്പും വെള്ളവും ഉപയോഗിച്ചോ സാനിറ്റൈസർ ഉപയോഗിച്ചോ കൈകൾ കഴുകുക.
5. കൂട്ടംകൂടുന്ന സ്ഥലങ്ങളിലും അടഞ്ഞതും വായുസഞ്ചാരം കുറവുള്ള മുറികളിലും (A/C മുറി ഉൾപ്പടെ) അധികനേരം നിൽക്കാതിരിക്കുക.
6. പെട്ടെന്നുണ്ടാകുന്ന ചുമയും തുമ്മലും കൈയുടെ മടക്ക് വച്ച് മറയ്ക്കുക.
7. മുറികളിൽ ഒന്നിൽ കൂടുതൽ ആൾക്കാർ നിൽക്കേണ്ട സാഹചര്യംവന്നാൽ ജനാലകൾ തുറന്നിടാൻ പ്രത്യേകം ശ്രദ്ധിക്കുക.

അങ്ങനെ എല്ലാ പ്രതിരോധ മാർഗങ്ങളോടുമൊപ്പം വാക്സിനേഷനെയും കൊറോണമുക്ത ലോകത്തേക്കായി നമുക്ക് രണ്ടുകൈയും നീട്ടി സ്വീകരിക്കാം. ■


# ദൈവദാൻ സന്ന്യാസിനി സമൂഹത്തിലേക്ക് സ്വാഗതം

ആരോരുമില്ലാതെ വിഷമിക്കുന്ന നിരാലംബരും നിസ്സഹായരും രോഗികളുമായവർക്ക് അഭയവും ആശ്വാസവും സ്നേഹവും പരിചരണവും നൽകി ദൈവസ്നേഹത്തിലേക്ക് കൈപിടിച്ചുയർത്തുകയെന്നതാണ് ഞങ്ങളുടെ ലക്ഷ്യം.



റവ. ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ
ദൈവദാൻ സന്ന്യാസിനി സമൂഹത്തിന്റെ സ്ഥാപകപിതാവ്

'എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് എന്ന യേശുവിന്റെ തിരുവചനം ഹൃദയത്തിൽ ഏറ്റുവാങ്ങി ഉപേക്ഷിക്കപ്പെട്ടവരുടെയും അഗതികളുടെയും അശരണരുടെയും ജീവിതത്തിൽ അവരുടെ അമ്മയായി, സഹോദരിയായി, കൂട്ടുകാരിയായി ശുശ്രൂഷ ചെയ്ത്, കാരുണ്യത്തിന്റെ കൈത്തിരിയായി, ജീവിതം സമർപ്പിക്കാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സി/പ്ലസ്.ടു/ഉപരിവിദ്യാഭ്യാസ യോഗ്യതയുള്ള കുഞ്ഞനുജത്തിമാർക്ക് ദൈവദാൻ സന്ന്യാസിനി സമൂഹത്തിലേക്ക് ഹൃദയം നിറഞ്ഞ സ്വാഗതം.

കൂടുതൽ വിവരങ്ങൾക്ക്: Vocation Promoter
**DEIVADAN CENTRE**
Malayattoor P.O, Ernakulam - 683 597
Ph: 0484-2468485, 9847361848, 7902961758


www.malankaralibrary.com

# 'അക്യൂട്ട് ഓൺ ക്രോണിക്' അഥവാ കൂനിന്മേൽ കുരു

കോവിഡ് 19 ഒരു മഹാമാരിയായി പൊടുന്നനെ ഉണ്ടായതല്ല. മറിച്ച് നമ്മുടെ അനുദിനജീവിതത്തിലെ ക്രമം തെറ്റിയ ഭക്ഷണരീതികളും വ്യായാമരാഹിത്യവും കൊറോണ വൈറസിന്റെ ആഗമനത്തോടെ ഒരു മഹാമാരിയായി പെയ്തിറങ്ങുകയായിരുന്നു. ജീവിതശൈലീരോഗങ്ങളുടെ അകത്തളങ്ങളിലുൾപ്പെട്ടിരിക്കുന്ന നമുക്ക് കോവിഡിന്റെ രണ്ട് തരംഗങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നുകഴിഞ്ഞു. വരാനിരിക്കുന്ന മൂന്നും നാലും തരംഗങ്ങളിൽനിന്നും മുക്തിപ്രാപിക്കുന്നതിനായി ശീലിക്കേണ്ട ജീവിതശൈലികളെക്കുറിച്ച് ഓർമപ്പെടുത്തുകയാണ് ലേഖകൻ.



ഡോ. റിനറ്റ് സെബാസ്റ്റ്യൻ
*കാർഡിയൊ-തൊറാസിക് സർജൻ*
*രാജഗിരി ഹോസ്പിറ്റൽ, ആലുവ*

ഓടുമേഞ്ഞ പഴയൊരു പള്ളിക്കുടത്തിലെ ക്ലാസ്സ് മുറികളിലെങ്ങോ മലയാളഭാഷയുടെ ബാലപാഠങ്ങൾ ചൊല്ലിപ്പഠിപ്പിക്കുന്നതിനിടയിൽ മനസ്സിൽ പതിഞ്ഞ പഴഞ്ചൊല്ലുകളിൽ ഒന്നാണ് ശീർഷകം. പക്ഷെ കൂടെയുള്ള പദം അധികമാർക്കും പരിചിതമല്ലാത്ത ഒരു മെഡിക്കൽ സംജ്ഞയാണ്. അക്യൂട്ട് (acute) എന്നാൽ 'പെട്ടെന്നുണ്ടായത്. ക്രോണിക് (chronic) എന്നാൽ 'വളരെകാലമായി നിലനിൽക്കുന്നത്. എന്താണിവിടെ പെട്ടെന്നുണ്ടായത് (അക്യൂട്ട്)? അത് മനുഷ്യരാശിയുടെമേൽ കഴിഞ്ഞ ഒന്നര വർഷത്തോളമായി കരിനിഴൽ വീഴ്ത്തിയിരിക്കുന്ന കോവിഡ് മഹാമാരിതന്നെ. അപ്പോൾ വളരെക്കാലമായി ഇവിടെ നിലനിൽക്കുന്നത് (ക്രോണിക്) എന്താണ്? അത് നമ്മുടെ അപകടം പിടിച്ച ജീവിതശൈലിയും അത് വരുത്തിവയ്ക്കുന്ന ആരോഗ്യപ്രശ്നങ്ങളുമാണ്. വളരെക്കാലമായി നാം ചുമന്നുകൊണ്ടുനടക്കുന്ന ഈ കൂനും ഇപ്പോൾ അതിന്മേൽ ഉണ്ടായ കുരുവും തമ്മിലുള്ള ബന്ധം പരിശോധിക്കാം.

## ജീവിതത്തിനൊരു 'മലയാളി' ശൈലി– കേരള പാരഡോക്സ്

മലയാളിയുടെ അച്ചടക്കമില്ലാത്ത ജീവിതശൈലി ലോകമെങ്ങും കുപ്രസിദ്ധിയാർജിച്ച ഒന്നാണ്. കുറച്ചുവർഷങ്ങൾക്കുമുമ്പ് കാനഡയിലെ ടൊറന്റോയിൽ നടന്ന ഒരു പഠനത്തിൽ, ഭാരതത്തിന്റെ ദക്ഷിണഭാഗത്തുള്ള 'കേരള' എന്ന പ്രദേശത്തുനിന്നും വന്ന് കാനഡയിൽ സ്ഥിരതാമസമാക്കിയുള്ള വ്യക്തികളിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ ഭക്ഷണരീതികളും വ്യായാമമില്ലായ്മകളും തദ്ഫലമായി പ്രബലപ്പെടുന്ന ഹൃദ്രോഗസാധ്യതയും വിശദമായി പ്രതിപാദിക്കപ്പെട്ടിരുന്നു.

തൊണ്ണൂറുകളിൽ രണ്ടു ശതമാനത്തിന് താഴെ നിന്നിരുന്ന മലയാളികളുടെ 'ഹൃദ്രോഗ സെൻസസ്' മുപ്പത് വർഷങ്ങൾക്കുശേഷം ഇന്ന് ഏകദേശം നാലിരട്ടിയായിരിക്കുന്നു. സാക്ഷരതയിലും പ്രാഥമിക ആരോഗ്യ സംവിധാനങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന കേരളജനതയിൽ വർധിച്ചുവരുന്ന ജീവിതശൈലി രോ

ഗങ്ങൾ കണ്ടുവരുന്ന ഈ വൈരുധ്യത്തെ കേരള പാരഡോക്സ് എന്നാണ് വിദഗ്ധർ വിശേഷിപ്പിക്കുന്നത്!

## കേരളം– ഭാരതത്തിന്റെ പ്രമേഹ തലസ്ഥാനം

ഭാരതത്തിലാകമാനം പ്രമേഹത്തിന്റെ വ്യാപനത്തോത് (prevalence) 8% ആയിരിക്കുമ്പോൾ കേരളത്തിൽ അത് ഏകദേശം 20% ആണ്. കാൽനഖംമുതൽ മുടിവരെയുള്ള സകല അവയവങ്ങളെയും മിക്ക ജീവനസംവിധാനങ്ങളെയും ദോഷകരമായി ബാധിക്കാൻ കെൽപ്പുള്ള വില്ലനാണ് ടൈപ്പ് 2 ഡയബറ്റിസ് മെല്ലിറ്റസ് (Type II, Diabetis Mellitus) എന്ന പ്രമേഹം. ഭാരതത്തിന്റെ ദേശീയ ശരാശരിയിൽ പ്രമേഹം ഗ്രാമങ്ങളെക്കാൾ നഗരങ്ങളിൽ വ്യാപിക്കുന്നതായി കാണുമ്പോൾ കേരളത്തിൽ മാത്രം തിരിച്ചാണ് സ്ഥിതി. പ്രമേഹരോഗികളുടെ എണ്ണത്തിൽ കേരളഗ്രാമങ്ങൾ നഗരങ്ങളെ കടത്തിവെട്ടുന്നു.

## ഭക്ഷണം കഴിക്കുക എന്ന വ്യായാമം

ഭക്ഷണ ശീലങ്ങളിലെ അച്ചടക്കരാഹിത്യം മാറ്റിയെടുക്കുക എന്നത് മലയാളിക്ക് ഒരിക്കലും എളുപ്പംപിടിച്ച ജോലിയായിരിക്കില്ല. അത്രമേൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു തീൻമേശ സൽക്കാരം. പച്ചക്കറികളും പഴവർഗങ്ങളും പഴച്ചാറുകളും മലയാളിയുടെ തീൻമേശയിൽനിന്ന് അപ്രത്യക്ഷമാകുന്നതോടൊപ്പം 'വറുത്തതും പൊരിച്ചതും' ഒഴിവാക്കാൻ പാടില്ലാത്തതുമായിരിക്കുന്നു. ഒരുവൻ കഴിക്കുന്നത് അവനിൽ പ്രതിഫലിക്കുന്നു എന്നത് മലയാളിയുടെ കുടവയറും പൊണ്ണത്തടിയും നമ്മെ അനുദിനം ഓർമ്മപ്പെടുത്തുന്നു. പുതുപുത്തൻ ടെക്നോളജികളും സ്മാർട്ട്ഫോണും അതിലെ വിവിധങ്ങളായ ആപ്പുകളും മലയാളിയെ കൂടുതൽ മടിയനാക്കിയില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഒരു മുറിയിൽനിന്നും അടുത്ത മുറിയിലേക്കുപോലും നടക്കാൻ സമ്മതിക്കാത്ത അദൃശ്യചങ്ങലകളാണ് സ്മാർട്ട് ഫോണുകൾ എന്ന് തോന്നിപ്പോകുന്നു. വ്യായാമം തരിമ്പുപോലും ഇല്ലാതെ അനാവശ്യഭക്ഷണങ്ങൾ വാരിനിറച്ച് മലയാളിയുടെ ശരീരം ജീർണാവസ്ഥയിൽ എത്തിയിരിക്കുന്നു!




www.malankaralibrary.com

## കൂനിൻമേൽ ഒരു കുരു

വർഷങ്ങളായി കൊണ്ടുനടക്കുന്ന അപകടം പിടിച്ച ഈ ജീവിതശൈലിയുടെ കൂനിൻമേലാണ് കോവിഡ് എന്ന കുരു മുളച്ചിരിക്കുന്നത്. പൊണ്ണത്തടിയും പ്രമേഹവും മെറ്റബോളിക് സിൻഡ്രോമും എല്ലാം അടങ്ങിയ 'ജീവിതശൈലി മഹാമാരി' യുടെ നടുവിൽ കോവിഡ് മഹാമാരി വന്നുപിറന്നപ്പോൾ *ലാൻസെറ്റ് മെഡിക്കൽ ജേണൽ* ഈ സ്ഥിതി വിശേഷത്തെ വിളിച്ചത് Syndemic എന്നാണ്. Synergic (സഹവർത്തിത്തമുള്ള) ആയ രണ്ട് മഹാമാരികൾ !

എങ്ങനെയാണ് അവ പരസ്പരം അപകടകാരികളായി മാറുന്നത്? കോവിഡ് മഹാമാരി പടർന്നുപിടിച്ച ഈ ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ ലഭ്യമായ പഠനങ്ങൾ കാണിക്കുന്നത് കോവിഡ്ബാധ ഒരു വ്യക്തിയിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നത് ഒരു Cytokine Storm മുഖേനയാണെന്നാണ്. ഈ 'സൈറ്റോകൈൻ' എന്നത് കോവിഡ് അണുബാധക്ക് എതിരേ നമ്മുടെ ശരീരം ഉത്പാദിപ്പിക്കുന്ന രോഗപ്രതിരോധ പടയാളികൾതന്നെയാണ്. പിന്നെപ്പോഴാണ് അവർ ഒരു കൊടുങ്കാറ്റായി സ്വന്തം ശരീരത്തെത്തന്നെ തകർത്തെറിയുന്നത്? കോവിഡ് ബാധ പലർക്കും ഗുരുതരമാകുന്നതും ചിലരെ മരണത്തിൽ കൊണ്ടുചെന്ന് എത്തിക്കുന്നതും ഈ കൊടുങ്കാറ്റുതന്നെയാണ്. സൈറ്റോകൈൻ ഉത്പാദനം ആവശ്യത്തിലധികമാകുകയോ അഥവാ നിയന്ത്രണാതീതമാകുകയോ ചെയ്യുമ്പോൾ, അവ സ്വന്തം ശരീരകോശങ്ങളെ പ്രത്യേകിച്ച് ശ്വാസകോശങ്ങളെയും ധമനീസ്തരങ്ങളെയും നശിപ്പിക്കുമ്പോൾ കോവിഡ് സംഹാരിയായി മാറുന്നു.

ഇവിടെയാണ് ജീവിതശൈലി രോഗങ്ങളുടെ തനിനിറം വെളിവാക്കപ്പെടുന്നത്. പ്രമേഹവും പൊണ്ണത്തടിയുമെല്ലാം സൈറ്റോകൈനുകളുടെ ഈ കൊടുങ്കാറ്റിനെ ത്വരിതപ്പെടുത്തുമത്രേ! ഇത്തരം ജീവിതശൈലി രോഗങ്ങളുടെ ഭാഗമായി ശരീരത്തിൽ മൊത്തിൽ നിലനിൽക്കുന്ന ഇൻഫ്ളമേഷൻ (Inflammation) അഥവാ വീക്കം, പ്രസ്തുത കൊടുങ്കാറ്റിന്റെ വേഗത കൂട്ടുന്നു.

## നിവർന്നു നടക്കാൻ ശ്രമിക്കാം

കോവിഡിന്റെ രണ്ടു തരംഗങ്ങൾ കേരളത്തിൽ ആഞ്ഞടിച്ചു കഴിഞ്ഞു. മൂന്നും നാലും തരംഗങ്ങൾ വന്നേക്കാം. അതല്ലെങ്കിൽ കോവിഡ്പോലെ മറ്റൊന്ന്. നമുക്ക് ചെയ്യാൻ സാധിക്കുന്നത് ഒന്നു മാത്രമാണ്. ജീവിതശൈലിയിൽ സമൂലമായ മാറ്റത്തിന് തുടക്കമിടുക. ശീലിച്ചുപോന്ന ഭക്ഷണരീതികളും വിനോദം തരുന്ന ദുശീലങ്ങളും ഒരു സുപ്രഭാതത്തിൽ തുടച്ചു നീക്കുക അല്പം ദുഷ്കരമാണ്. എന്നാൽ അസംഭവ്യമല്ല. വരാനിരിക്കുന്ന തരംഗങ്ങൾക്കുമുമ്പ് അല്പം സമയം കിട്ടിയേക്കാം. അതുകൊണ്ട് ഇന്നുമുതൽ നിവർന്ന് നടക്കാം. കുരുക്കൾ ഇനിയും വന്നേക്കാം. എന്നാൽ അവ കൂനിൻമേൽ കുരുവായി മാറ്റാതിരിക്കാൻ നമുക്ക് കഴിഞ്ഞേക്കും. ■





**കോവിഡിന്റെ രണ്ടു തരംഗങ്ങൾ കേരളത്തിൽ ആഞ്ഞടിച്ചു കഴിഞ്ഞു. മൂന്നും നാലും തരംഗങ്ങൾ വന്നേക്കാം. അതല്ലെങ്കിൽ കോവിഡ്പോലെ മറ്റൊന്ന്. നമുക്ക് ചെയ്യാൻ സാധിക്കുന്നത് ഒന്നു മാത്രമാണ്. ജീവിതശൈലിയിൽ സമൂലമായ മാറ്റത്തിന് തുടക്കമിടുക.**


www.malankaralibrary.com

# കൊറോണക്കെതിരേ ഒരു സൈക്കോളജിക്കൽ മൂവ്

**ശാരീരികാസ്വസ്ഥതകൾക്കൊപ്പം മാനസികമായ അസ്വസ്ഥതകളും സൃഷ്ടിക്കുന്നുണ്ട് കോവിഡ്. രോഗബാധിതരിൽ മാത്രമല്ല, അവരുമായി ബന്ധപ്പെട്ടവരിലും ഈ മാനസിക സംഘർഷം വർധിച്ചുവരുന്നു. ഈ സ്ഥിതിവിശേഷത്തെ മനഃശാസ്ത്രപരമായി നേരിട്ട്, ആരോഗ്യം ആർജിക്കാനുള്ള പ്രായോഗിക പാഠങ്ങളാണ് ഈ ലേഖനം.**




റവ. ഡോ. ഡേവ് അഗസ്റ്റിൻ അക്കര കപ്പൂച്ചിൻ
MBBS., MD (PSYCHIATRY)
*സീനിയർ റസിഡന്റ്*
*മാനസികാരോഗ്യ വിഭാഗം,*
*ഗവൺമെൻറ് മെഡിക്കൽ കോളജ്, തൃശൂർ*


കൊറോണ മഹാമാരി കുറെയധികം പേരിൽ മാനസികമായ സംഘർഷങ്ങൾ ഉണ്ടാക്കുന്നുവെന്നത് മാനസികാരോഗ്യമേഖലയിൽ നടത്തപ്പെട്ട ആധുനിക പഠനങ്ങളിൽ വ്യക്തമാണ്. സമ്പർക്ക വിലക്കിലും കൊറോണ ബാധയിലും കൊറോണയിൽനിന്ന് മുക്തിനേടിയതിനുശേഷവും പലരും പലവിധത്തിലുള്ള മാനസികമായ പിരിമുറുക്കങ്ങളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. ഇവിടെ, മനോരോഗമില്ലാത്ത അവസ്ഥയല്ല നമ്മൾ ലക്ഷ്യം വയ്ക്കുന്നത് മറിച്ച്, സമ്പൂർണ ക്ഷേമകരമായ അവസ്ഥയാണ്. ഈ പ്രതിസന്ധിഘട്ടത്തിൽ സമ്പൂർണ ആരോഗ്യം നിലനിർത്താൻ നമ്മളെന്തു ചെയ്യണം എന്ന് അറിഞ്ഞിരിക്കേണ്ടതാണ്.

## സമ്മതിച്ചു കൊടുക്കുക

മനഃശാസ്ത്രപരമായി വിശകലനം ചെയ്യുമ്പോൾ, അപ്രതീക്ഷിത പ്രതിസന്ധികളെ എല്ലാ മനുഷ്യരും നേരിടുന്നത് ഒരേപോലെയായിരിക്കുകയില്ല. ജീവിതപ്രതിസന്ധികൾ ചിലരിൽ കടുത്ത മാനസിക സംഘർഷങ്ങൾക്കും മറ്റു ചിലരിൽ അതേ പ്രതിസന്ധി തന്നെ, ഗൗരവതരമല്ലാത്ത മാനസികാസ്വസ്ഥതകൾക്കും വഴിതെളിച്ചെന്നു വരാം. എന്തുതന്നെയായാലും ഇപ്പോൾ എന്റെ മുമ്പിൽ ഒരു പ്രതിസന്ധിയുണ്ടെന്നും അതു തരണം ചെയ്യാൻ ഞാൻ വഴികൾ കണ്ടെത്തേണ്ടിയിരിക്കുന്നു എന്നും സ്വയം സമ്മതിക്കുകയാണ് പ്രശ്നപരിഹാരത്തിന്റെ ആദ്യത്തെ ചുവടുവയ്പ്.

## കൂടുതൽ അറിയേണ്ട

അറിവ് മനുഷ്യനെ സ്വതന്ത്രനാക്കും എന്നുള്ളതാണ് പൊതുവേയുള്ള ധാരണയെങ്കിലും, ഈ മഹാമാരിയുടെ കാലത്ത് നമ്മൾ അറിയേണ്ടതുമാത്രം അറിഞ്ഞാൽ മതി. നിങ്ങളുടെ നിയന്ത്രണ പരിധിയിൽ വരുന്ന കാര്യത്തെക്കുറിച്ചു മാത്രം.

ഉദാഹരണത്തിന് ഒരു വീട്ടമ്മ മൂന്നാം തരംഗം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് കൂലങ്കഷമായി ചിന്തിക്കേണ്ടതില്ലല്ലോ. അതിനുപകരം മക്കളെ സാമൂഹിക അകലം പാലിക്കാൻ പഠിപ്പിക്കുന്നതിലും കൈ കഴുകിക്കുന്നതിലും മാസ്ക് ധരിപ്പിക്കുന്നതിലും മഹാമാരിയുടെ ഈ സമയത്ത് സാമ്പത്തികമായ വരവ് അറിഞ്ഞു ചെലവ് നിയന്ത്രിക്കുന്നതിലും വീട്ടിൽ വിരുന്നുകാരെ നിയന്ത്രിക്കുന്നതിലും അവർക്ക് ശ്രദ്ധിക്കാവുന്നതാണ്. അതുകൊണ്ടുതന്നെ എപ്പോഴും കൊറോണ അപ്ഡേറ്റ്സ് നോക്കണ്ട. അറിവുകളും വാർത്തകളും വിശ്വസ്തമായ ഉറവിടങ്ങളിൽനിന്ന് മാത്രം ശേഖരിക്കുക. വാർത്തകൾ കാണുന്നത്, കേൾക്കുന്നത് നിങ്ങളുടെ അസ്വസ്ഥത കൂട്ടുന്നുണ്ടെങ്കിൽ അത് ഒഴിവാക്കുക. അത്യാവശ്യമെങ്കിൽ വാർത്ത കേൾക്കുന്നത് ഒഴിവാക്കുകയും നിങ്ങൾക്കുവേണ്ട ഇൻഫോർമേഷൻ അറിയിക്കാൻ മറ്റാരെയെങ്കിലും



www.malankaralibrary.com

ചുമതലപ്പെടുത്തുകയും ചെയ്യുക. കൊറോണ മഹാമാരിയെക്കുറിച്ച് സാമൂഹികമാധ്യമങ്ങളിൽ നിങ്ങൾ പങ്കുവയ്ക്കുന്ന വാർത്തകൾ സത്യമാണോ എന്ന് പരിശോധിക്കുക. കിംവദന്തികളും ഊഹാപോഹങ്ങളും ഒഴിവാക്കുക.

## ആശങ്കകൾ എഴുതി വയ്ക്കുക

നിങ്ങളെ അലട്ടുന്ന ആശങ്കകളെക്കുറിച്ച് ഒരു വെള്ളക്കടലാസിൽ അക്കമിട്ട് എഴുതുക. എന്നിട്ട് ഓരോന്നിനും സാധ്യമായ പരിഹാരങ്ങൾ എന്താണെന്ന് ആലോചിച്ച് ഓരോ പ്രതിസന്ധിക്കും നേരെ എഴുതിവയ്ക്കുക. നമ്മുടെ മനസ്സിൽ തോന്നുന്ന എന്ത് പരിഹാരവും ഇത്തരത്തിൽ എഴുതാം. ഈ പ്രതിസന്ധി നേരിടാൻ നിങ്ങളെ സഹായിക്കാൻ സാധ്യതയുള്ള വ്യക്തികളുടെ പേരുകളും അവിടെ എഴുതുക.

ഓരോ കാര്യത്തിലും പ്രശ്നപരിഹാരത്തിന്റെ ഭാഗമായി നിങ്ങൾ എടുക്കേണ്ട ആദ്യത്തെ നടപടി എന്താണെന്ന് തീരുമാനിക്കുക. എന്നിട്ട് അതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുക.

## സാമൂഹിക അകലത്തിലും പാലിക്കേണ്ട മാനസിക അടുപ്പം

സമ്പർക്ക വിലക്കുണ്ടെങ്കിലും സാമൂഹിക അകലം പാലിക്കുന്നുണ്ടെങ്കിലും നമ്മുടെ പ്രിയപ്പെട്ടവരുമായി മനസ്സുകൊണ്ടുള്ള അടുപ്പം കാത്തുസൂക്ഷിക്കാൻ പ്രത്യേക പരിശ്രമംതന്നെ ഈ സമയത്ത് വേണ്ടിയിരിക്കുന്നു. എല്ലാദിവസവും ആരെയെങ്കിലുമൊക്കെ ഫോൺ വിളിച്ച് സംസാരിക്കാനും വീഡിയോ ചാറ്റ് ചെയ്യാനും വാട്സ്ആപ്പും മറ്റും ക്രിയാത്മകമായി ഉപയോഗിക്കാനും ഈ സമയം നമ്മൾ വിനിയോഗിക്കേണ്ടതാണ്. നമ്മൾ ആരോടൊക്കെ സംസാരിക്കുന്നു എന്നതും പ്രധാനപ്പെട്ട കാര്യംതന്നെയാണ്. എല്ലാ കാര്യങ്ങളും വളരെ നെഗറ്റീവായി കാണുന്നവരോടാണ് നിങ്ങൾ സംസാരിക്കുന്നതെങ്കിൽ പലപ്പോഴും വിപരീതഫലമാണ് ഉണ്ടാവുക.



## ശരീരവും മനസ്സും സൂക്ഷിക്കണം

പോഷകസമൃദ്ധമായ ആഹാരം കഴിക്കുന്നതിനോടൊപ്പം ശരീരത്തിന് ആവശ്യമായ വ്യായാമം കിട്ടുന്നുണ്ടെന്നും നാം ഉറപ്പുവരുത്തണം. ഇടയ്ക്കൊക്കെ വീടിന് പുറത്തിറങ്ങി ശുദ്ധവായു ശ്വസിക്കാനും ഒരു അരമുക്കാൽ മണിക്കൂർ വ്യായാമം ചെയ്യാനും നമ്മൾ സമയം കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രകൃതിയോളം മുറിവുണക്കാൻ കഴിയുന്ന ഒരു പ്രതിഭാസവും ഈ ഭൂമിയിലില്ല എന്നോർമിക്കുക.

അതുപോലെതന്നെ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിനോദങ്ങളിൽ എല്ലാദിവസവും അല്പസമയമെങ്കിലും ചെലവിടാൻ പരിശ്രമിക്കണം (കൊറോണ നിബന്ധനകൾ പാലിച്ചുകൊണ്ടുതന്നെ).

ഇനി വീടിനു പുറത്തിറങ്ങാൻ സാധിക്കാത്തവരാണെങ്കിൽ വീടിനകത്തുതന്നെ നടക്കാനും വ്യായാമം ചെയ്യാനും ശ്രദ്ധിക്കാവുന്നതാണ്. വ്യായാമത്തിനു സഹായിക്കുന്ന ഓൺലൈൻ വീഡിയോകൾ ഇപ്പോൾ സുലഭമാണ്. അത് പ്രയോജനപ്പെടുത്താവുന്നതാണ്.

മനസ്സിന്റെ പിരിമുറുക്കം കുറയ്ക്കാൻ ശ്വസനക്രിയകളും മൈൻഡ്ഫുൾനെസ്സ് ധ്യാനവും റിലാക്സേഷൻ എക്സർസൈസുകളും പരിശീലിക്കാവുന്നതാണ്.

## സഹായം ഒരു സമാധാനം

ഒരു സാമൂഹികജീവിയെന്നനിലയിൽ, കഷ്ടപ്പെടുന്ന ഒരു മനുഷ്യനെ സഹായിക്കുന്നതുതന്നെ നമ്മുടെ മാനസികാരോഗ്യത്തെ മെച്ചപ്പെടുത്തും. ഇത്തരം സാമൂഹിക പ്രതിബദ്ധതയുള്ള പ്രവൃത്തികൾ തന്റെ ജീവിതത്തിന് ഒരു അർത്ഥമുണ്ടെന്നും ലക്ഷ്യമുണ്ടെന്നും ഒരുവനെ ബോധ്യപ്പെടുത്തുകയും അത്, കൂടുതൽ പ്രത്യാശയോടെ ജീവിതത്തെ നോക്കികാണാൻ ഒരുവനെ സഹായിക്കുകയും ചെയ്യും.

## ദൈവവിശ്വാസം എന്ന ആശ്വാസം

അസ്തിത്വപരമായ പ്രതിസന്ധികൾ ദൈവവിശ്വാസികൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യുന്നു എന്നാണ് ശാസ്ത്രീയമായ വിലയിരുത്തലുകൾ. അതിനാൽ മാറ്റാൻപറ്റുന്നവയെ മാറ്റാനും മാറ്റാൻ പറ്റാത്തവയെ സ്വീകരിക്കാനും ദൈവവിശ്വാസം ഒരുവനെ സഹായിക്കുന്നു. അതുകൊണ്ടുതന്നെ കൂടുതൽ ദൈവാശ്രയബോധത്തിൽ വളരാൻ നമുക്ക് പരിശ്രമിക്കാം. ■


www.malankaralibrary.com

# കോവിഡനന്തര വിദ്യാഭ്യാസം പരിമിതിയും സാധ്യതയും

**കോവിഡ് ആരോഗ്യരംഗത്തെ മാത്രമല്ല, നമ്മുടെ സാമൂഹിക-സാമ്പത്തിക മേഖലയെയും വിദ്യാഭ്യാസ മേഖലയെയും ഗൗരവമായി ബാധിച്ചു. നാളിതുവരെ നാം ചിന്തിക്കാതിരുന്ന ഓൺലൈൻ പഠനശൈലികളിലേക്ക് നാം കടക്കേണ്ടതായി വന്നു. പുത്തൻ സാങ്കേതികവിദ്യകളെ പ്രാപ്യമാക്കാൻ ഈ കോവിഡ് കാലം നമ്മെ പര്യാപ്തരാക്കി. നാം ഇനി അവലംബിക്കേണ്ട നൂതനമാർഗങ്ങളെക്കുറിച്ച് അവബോധം നൽകുകയാണ് *സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഡയറക്ടറായ* ലേഖകൻ.**



**ഡോ. പി.കെ. പത്മകുമാർ**
*ഡയറക്ടർ, CPAS*
*കേരളഗവൺമെന്റ്*

കോവിഡ് മഹാമാരി ലോകചരിത്രത്തെ കോവിഡിനു മുൻപുള്ളതും ശേഷമുള്ളതുമെന്ന് രണ്ടായി വിഭജിച്ചിരിക്കുകയാണ്. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട സമസ്തമേഖലകളിലും ഈ വിഭജനം ദൃശ്യമാണ്. പരമ്പരാഗതമായി നിലനിന്നിരുന്ന സമീപനങ്ങളെയും രീതികളെയും മുഴുവനായി പുനർനിർവചിച്ചില്ലെങ്കിൽക്കൂടി, പുതിയ പരീക്ഷണങ്ങളും പ്രവർത്തനശൈലികളും എല്ലാ മേഖലകളിലും ദൃശ്യമാണ്. മാറ്റം സംഭവിച്ചുകഴിഞ്ഞു എന്നതിനാൽ മാറ്റുകൂട്ടുക എന്നതാണ് ഇനി ചെയ്യേണ്ടത്.






www.malankaralibrary.com

പരമ്പരാഗത വിദ്യാഭ്യാസരീതിയിൽവന്ന സമൂലമാറ്റമാണ് ഇന്ന് ശ്രദ്ധേയമായിരിക്കുന്നത്. അത് വെറും പഠനപ്രക്രിയയിൽ മാത്രമല്ല, വിദ്യാഭ്യാസത്തിന്റെ സമസ്തമേഖലകളിലും പ്രകടമായ വ്യതിയാനങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. ലോകമെമ്പാടുമുള്ള വിദ്യാഭ്യാസസംവിധാനത്തെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്; പ്രത്യേകിച്ച് ഇന്ത്യയിൽ, ഏതാണ്ട് 285 ദശലക്ഷത്തിലധികം വിദ്യാർത്ഥികളുടെ പഠനതുടർച്ചയെ ഇത് അടിമുടി ഉലച്ചിട്ടുണ്ട്. അടച്ചുപൂട്ടപ്പെട്ട സ്കൂളുകളും കോളജ്-സർവകലാശാലകളും പരിമിതികൾതന്നെയാണ്. നമ്മുടെ വിദ്യാർത്ഥികൾ, അധ്യാപകർ, കുടുംബങ്ങൾ അതുവഴി സാമൂഹിക, സാമ്പത്തിക, വൈജ്ഞാനിക സുസ്ഥിതി ഇവയെല്ലാം പലപരിമിതികളും നേരിടുന്നുമുണ്ട്. ഓൺലൈൻ ലേണിംഗും ഓപ്പൺ സോഴ്സ് ഡിജിറ്റൽ ലേണിംഗ് സൊലൂഷനുമൊക്കെ വിദ്യാഭ്യാസസംസ്കാരത്തെ പുനരുജ്ജീവിപ്പിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസമേഖലയിലെ ആശങ്കകൾ നിരവധിയാണ്.

വെല്ലുവിളികളെ നേരിടുകതന്നെ വേണം. 'വിദ്യാഭ്യാസം എന്നത് ജീവിതം നേരിടുന്ന വെല്ലുവിളികൾക്കുള്ള വാക്സിൻ' ആണെന്നാണല്ലോ പണ്ഡിതമതം. ലോകത്തെ മാറ്റാനുള്ള മഹായുധമാക്കി അതിനെ രൂപപ്പെടുത്താനുള്ള അഭ്യസനത്തിനാണ് ഇന്ന് സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടത്.

കോവിഡ് കൊണ്ടുവന്ന മാറ്റങ്ങൾക്ക് ആഗോളവിദ്യാഭ്യാസതലത്തിൽ സമാനസ്വഭാവമല്ല ഉള്ളത്. മലയാളികൾ എന്ന നിലയിൽ, കേരളത്തിന്റെ പശ്ചാത്തലത്തിൽ അതിനെ വിശകലനം ചെയ്യുമ്പോൾ, പരമ്പരാഗത പൊതുവിദ്യാഭ്യാസം കേരളത്തിന്റെ സാമൂഹികാടിത്തറയെ രൂപപ്പെടുത്തിയത് അവിസ്മരണീയമാണ്. സമഗ്രമായ ഒരു പൊതുവിദ്യാഭ്യാസക്രമമാണ് നമ്മുടെ എക്കാലത്തെയും നേട്ടം. ഒരുമിച്ചിരുന്ന് പഠിക്കാനും ഒരേ ആശയങ്ങൾ ഉൾക്കൊള്ളാനും കഴിഞ്ഞിരുന്ന തലമുറകളാണ് മത



**ഉദാത്തമായ ആശയാ
വിഷ്കാരത്തിലൂടെ
മണ്ണിനെയും മനുഷ്യനെയും
മുറിപ്പെടുത്താതെ വിജ്ഞാന
സങ്കേതങ്ങളെ സാങ്കേതിക മികവിലൂടെ
മാനവികതയ്ക്കായി രൂപപ്പെടുത്തുന്നിട
ത്താണ് യഥാർത്ഥ വികസനം.
ഇതിനെ സർക്കാരും വിദ്യാഭ്യാസ
പ്രവർത്തകരും എങ്ങനെ രൂപപ്പെടുത്തി
ഉപയോഗിക്കും എന്നിടത്താണ്
കേരളത്തിന്റെ പൊതുവിദ്യാഭ്യാസ
ത്തിന്റെ പ്രസക്തിയും
വെല്ലുവിളിയും.**


www.malankaralibrary.com

നിരപേക്ഷ സങ്കല്പം മലയാളിയുടെ മനസ്സിൽ രൂഢമൂലമാക്കിയത്. വീടിനുപുറത്ത് വിശാലമായ ഒരു ലോകത്ത് അങ്ങേയറ്റം സുരക്ഷിതബോധത്തോടുകൂടി വളരാൻ കഴിഞ്ഞ തലമുറകൾ മാനവികതയുടെ ഉയർന്ന ബോധ്യത്തിലേക്കെത്തുകയും ഉയർന്ന സാമൂഹികക്രമം രൂപപ്പെടുത്തുകയും ചെയ്തു. കനകസമാനമായ ഈ അഗാധതയിലാണ് കേരള സമൂഹം വളർന്നുപന്തലിച്ചത്. അമരങ്ങളായ മഹാപ്രചോദനങ്ങളിൽ മാനവികതയെ പുനർനിർമിച്ച വിദ്യാസമ്പന്നതയായിരുന്നു എക്കാലത്തെയും നമ്മുടെ മുതൽകൂട്ട്.

ഇതേ കാലയളവിലെ പഠനരീതികൾ ഇതുവരെയില്ലാത്ത സാധ്യതകളേറെയും തുറന്നു തന്നിട്ടുണ്ട്. കേരളത്തിന്റെ ഭാവി വളർച്ചക്കുള്ള ഊന്നൽ പ്രധാനമായും വൈജ്ഞാനികമായ ആർജിക്കലിനാകണം. കാരണം, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തന്നെ വിജ്ഞാനപാരമ്യമാണ്. അനുനിമിഷം മാറുന്ന വിജ്ഞാനത്തെ സ്വാംശീകരിക്കാൻ പുതിയ ടെക്നോളജി ഉപയോഗിച്ചുകൊണ്ടു മാത്രമേ കഴിയൂ. സാങ്കേതികവിദ്യയിലൂടെ ആർജിച്ചെടുത്ത അറിവ് ഒരു വൈജ്ഞാനിക സമൂഹത്തിന്റെ സൃഷ്ടിക്കായി ഉപയോഗിച്ചുകൊണ്ടാവും കേരളം പുതിയ യുഗത്തിലേക്ക് കടക്കുക. ഇതിനായി വൈജ്ഞാനിക സമ്പദ്ഘടന രൂപപ്പെടുത്തേണ്ടിവരും.

ലോകസമ്പദ്ഘടനയിലെ ഭൂരിഭാഗത്തിലും ഉല്പാദനവർധനവിലൂടെ കൂടുതൽ ലാഭം നേടാനുള്ള മാർഗമായാണ് വൈജ്ഞാനികതയെ ഉപയോഗിക്കുന്നത്. ഇതിൽനിന്നു വ്യത്യസ്തമായി എല്ലാവർക്കും അനുഗുണമായ ഒരു വളർച്ചയിലേക്ക് നയിക്കാൻപാകത്തിൽ വൈജ്ഞാനിക സമ്പദ്ഘടനയെ വളർത്തിയെടുക്കേണ്ടതുണ്ട്. ഇതിന് പരമപ്രധാനമായി ആവശ്യമായിരുന്നത് ആശയങ്ങളുടെ ആവിർഭാവങ്ങളാണ്. ബാങ്കുകളിലല്ല മനുഷ്യബുദ്ധിയിലാണ് നിക്ഷേപങ്ങൾ നിറയ്ക്കപ്പെടേണ്ടത് എന്ന സത്യം വിസ്മരിച്ചുകൂടാ. ഇന്ന് ഐ.ടി മേഖലയിൽ നൂതനമായ ആശയങ്ങൾ ഉണ്ടാവുന്നതും അത് പ്രായോഗിക തലത്തിലേക്ക് മാറ്റി വൻ വളർച്ച നേടുന്നതും നമുക്ക് പരിചിതമാണ്. ഇതിനപ്പുറത്തേക്ക് പ്രാദേശികമായ അസംസ്കൃത വസ്തുക്കളെയും അറിവിനെയും പുതിയ ആശയങ്ങളിലൂടെയും പ്രയോഗത്തിലൂടെയും ഏറ്റവും വിപണനസാധ്യതയുള്ള മൂല്യവർധിത ഉത്പന്നങ്ങളാക്കിമാറ്റാൻ കഴിയണം.

ഇതിനായുള്ള സിദ്ധാന്തവും പ്രയോഗവും വിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ ആരംഭിക്കണം. ഈ സാധ്യതയാണ് കോവിഡനന്തരകാലഘട്ടത്തിലെ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പഠനരീതിയിൽ കേരളം അവലംബിക്കേണ്ടത്. മനുഷ്യന് മനുഷ്യനെപ്പോലെ ജീവിക്കാൻ കഴിയുന്ന വിഭവസമ്പന്നമായ ഈ ഭൂമിയിൽ പ്രത്യേകിച്ച് കേരളമണ്ണിൽ, ഉദാത്തമായ ആശയാവിഷ്ക്കാരത്തിലൂടെ മണ്ണിനെയും മനുഷ്യനെയും മുറിപ്പെടുത്താതെ വിജ്ഞാനസങ്കേതങ്ങളെ സാങ്കേതിക മികവിലൂടെ മാനവികതയ്ക്കായി രൂപപ്പെടുത്തുന്നിടത്താണ് യഥാർത്ഥ വികസനം. ഇതിനെ സർക്കാരും വിദ്യാഭ്യാസ പ്രവർത്തകരും എങ്ങനെ രൂപപ്പെടുത്തി ഉപയോഗിക്കും എന്നിടത്താണ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ പ്രസക്തിയും വെല്ലുവിളിയും.

മുൻപ്, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സ്വകാര്യമായിരുന്ന വിദ്യാഭ്യാസം ഇന്ന്, സംഘടിത കർമ്മമാണ്. ഈ അവബോധത്തിൽ നിന്നേ, 'ഞാൻ','എന്റെ നേട്ടം' എന്ന സ്വാർത്ഥവിചാരങ്ങളിൽനിന്ന് 'നമ്മൾ' എന്ന സഞ്ചിതബോധത്തിലേക്ക് നമുക്ക് ഉയരാൻ കഴിയൂ. വിദ്യാഭ്യാസ രംഗത്തേക്ക് കേന്ദ്രസർക്കാരിന്റെ പുതിയ നയങ്ങളിലൂടെ ലാഭംമാത്രം ലക്ഷ്യമാക്കി കടന്നുവരാൻ ശ്രമിക്കുന്ന മൂലധന ശക്തികളെ തടയാനും ഇത് അനിവാര്യമാണ്.

നമ്മൾ ഇന്ന് കടന്നുപോകുന്ന ഓൺലൈൻ പഠനമേഖലയ്ക്ക് നിലവിലുള്ള എല്ലാ പരിമിതികൾക്കുമപ്പുറം അനന്തമായ സാധ്യതകളുടെ അതിവിശാല ഭൂമികയും ഉണ്ട്. ഡിജിറ്റൽ ലേണിംഗിന്റെ ഇക്കാലത്ത് പഠനസാധ്യതകൾ ഏറെയാണ്. ഇതുവരെ കാണാത്ത ഒരു വെർച്വൽ ലോകമായി അതു മാറിയിരിക്കുമ്പോൾ, ഇനിയും എത്തിപ്പിടിക്കേണ്ട വൈജ്ഞാനിക ചലനാത്മകതയിലേക്ക് ചിന്തകളും ചര്യകളും കേന്ദ്രീകരിക്കപ്പെടണം. ധൈഷണിക നിലവാരവും സാമൂഹിക പ്രതിബദ്ധതയും വിദ്യാർത്ഥികളിൽ രൂഢമൂലമാക്കാൻ ഘടനാപരമായ പരിമിതികൾക്കപ്പുറം അധ്യാപകരും വിദ്യാർത്ഥികളും സഞ്ചരിച്ചേ മതിയാകൂ.

ചില കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ഇവിടെ ഉണ്ടാവേണ്ടതുണ്ട്. പ്രീ പ്രൈമറിതലംമുതൽ ലക്ഷ്യമിടുന്ന ആശയരൂപീകരണ സാധ്യതകൾ കുട്ടികൾക്ക് തുറന്നുകൊടുക്കാനാവണം. കുട്ടികളുടെ സൈദ്ധാന്തിക-സർഗാത്മകതലങ്ങളും പ്രായോഗികതലങ്ങളും സാക്ഷാത്ക്കരിക്കാൻ പോന്ന ജനാധിപത്യ വിദ്യാഭ്യാസതലമാണ് ഇന്ന് നമ്മൾ ലക്ഷ്യംവയ്ക്കേണ്ടത്. പണത്തിലും സാങ്കേതികതയിലും അസന്തുലിതാവസ്ഥ നിലനിൽക്കുന്ന ജനതയാണ് നമ്മൾ. അതുകൊണ്ടുതന്നെ ബോധപൂർവകമായ ശ്രമങ്ങൾ സാങ്കേതിക ലഭ്യതയിലും പരിശീലനത്തിലും നൽകേണ്ടതുണ്ട്. ഈ അനന്തസാധ്യതയെ ഉപയോഗിച്ചുകൊണ്ടായിരിക്കണം ഭാവികേരളത്തിന്റെ വിദ്യാഭ്യാസമുന്നേറ്റം. ■


www.malankaralibrary.com

# ക്രൈസ്തവം

കാരുണികനായ
ക്രിസ്തുവിന്റെ പാതയിൽ
കർമനിരതരാകുന്ന
അജപാലകർക്കും
അജഗണങ്ങൾക്കുമുള്ള
നേർവഴിവെട്ടം.



## ജ്യോതിർഭവനിലെ ജ്യോതിസ് ഹാപ്പിയാണ്

- കവിതയുടെ വർണവസ്ത്രധാരി ജെറർഡ് മാൻലി ഹോപ്കിൻസ്
- തലതൊടുന്നവരും ആത്മീയബന്ധവും വിവാഹവും

ജോസ് ക്ലെമന്റ്
ഫാ. ജെയിംസ് വയലിൽ CST
ഫാ. എബ്രാഹം കാവിൽപുരയിടത്തിൽ


www.malankaralibrary.com

# ജ്യോതിർഭവനിലെ ജ്യോതിസ് ഹാപ്പിയാണ്

ജോസ് ക്ലെമന്റ്
*jacychathiath@gmail.com*



ഒരു സന്ന്യാസിനിയായാൽ ജീവിതം മനോഹരവും സന്തോഷപ്രദവുമായിരിക്കുമെന്ന് സ്വപ്നംകണ്ടിരുന്നബാലിക.ഒരുടീനേജുകാരിയായപ്പോഴും വിചാരങ്ങൾ മറിച്ചായിരുന്നില്ല. സന്ന്യാസത്തിന്റെ കെട്ടുപോകാത്ത ശോഭിതമുഖം എന്നും ഈ കൗമാരക്കാരിയെ തൊട്ടുണർത്തിയിരുന്നു. കോട്ടയം ഗാന്ധിനഗർ സെന്റ് ജോസഫ് ഹോമിന്റെയും ജ്യോതിർഭവന്റെയും സാരഥിയായ സിസ്റ്റർ സവിത. ദുഃഖ– സന്തോഷ സമ്മിശ്ര ജീവിതത്തെ പങ്കുവച്ചുകൊണ്ട് കൃത്രിമമല്ലാത്ത ചിരിയോടെ സവിത സിസ്റ്റർ പറയുന്നു: ഞാൻ ഹാപ്പിയാണ്!

## മോഹവഴിയിലെ സംതൃപ്തി

സദാസമയവും ഹാപ്പിയായി നടക്കുകയും ഹാപ്പിയായി ഇടപഴകുകയും ചെയ്യുന്ന നീളൻ ഉടുപ്പും (Habit) തലയിൽ തട്ടവും (Veil) ഇട്ട കന്യകമാരെക്കണ്ടാണ് സവിത വളർന്നത്. ബാല്യത്തിൽ പള്ളിയിൽവച്ചും കൗമാരക്കാലത്ത് വിദ്യാലയത്തിലും മതബോധനക്ലാസ്സുകളിലുമൊക്കെ ഇവരുടെ സാന്നിധ്യമറി

**ജീവിതം ഹാപ്പിയാക്കാൻവേണ്ടി വ്രതത്രയ മേലങ്കിയണിയാൻ മോഹിച്ച സവിതയെന്ന കുമാരി സിസ്റ്റർ സവിതയായപ്പോൾ മറ്റുള്ളവരെ ഹാപ്പിയാക്കുന്നതിലാണ് വ്യഗ്രതകാട്ടിയത്. മരണത്തെ മുഖാമുഖം ദർശിക്കുന്നവരെപ്പോലും ഹാപ്പിയാക്കുന്ന, നല്ല മരണത്തിന് ഒരുക്കുന്ന സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് കോൺഗ്രിഗേഷനി (SJC) ലെ പറുദീസാ സൂക്ഷിപ്പുകാരിയുടെ സന്തോഷ ജീവിതത്തിന്റെ തിരനോട്ടം.**


www.malankaralibrary.com

ഞ്ഞും ഇവരുമായി അടുത്തിടപഴകിയും സന്ന്യാസജീവിതം സന്തോഷകരമായ ഒരു ജീവിതമാണെന്ന ധാരണയിലായിരുന്നു സവിത. അതിനാൽ ഒരു കന്യാസ്ത്രീയാകുകയെന്ന മോഹം കുഞ്ഞുനാൾതൊട്ട് മനസ്സിൽ വളരുകയും വേരൂന്നുകയും ചെയ്തു. പിൻതിരിപ്പിക്കലുകളെയും പ്രതിബന്ധങ്ങളെയും തരണംചെയ്ത് ഒരു സന്ന്യാസാർത്ഥിനിയായപ്പോഴാണ് സമർപ്പണജീവിതത്തിന്റെ അകംപൊരുൾ സവിത അറിയുന്നത്. പക്ഷെ, ആ ജീവിതത്തെ സവിത ഹാപ്പിയാക്കാൻ ശ്രമിച്ചപ്പോൾ മൂന്നരപതിറ്റാണ്ടുപിന്നിട്ട സമർപ്പിത ജീവിതത്തിൽ ഇന്നോളം അസന്തുഷ്ടിയോ അസംതൃപ്തിയോ ഉണ്ടായിട്ടില്ലെന്നുള്ള സത്യം സിസ്റ്റർ സവിത സന്തോഷത്തോടെതന്നെ വെളിപ്പെടുത്തുന്നു. എന്നാൽ, സന്തോഷജീവിതത്തിന്റെ നിറവർണ മാഹാത്മ്യം എന്തെന്നറിയുമ്പോഴാണ് അദ്ഭുതം. ശുശ്രൂഷാജീവിതത്തിന്റെ സിംഹഭാഗവും കാൻസർ രോഗികൾക്കും അതും പരിത്യക്തരായവർക്കൊപ്പവും എച്ച്.ഐ.വി, എയ്ഡ്സ് രോഗിണികൾക്കും ഉപേക്ഷിക്കപ്പെട്ട വൃദ്ധർക്കുമൊപ്പമായിരുന്നുവെന്നറിയുമ്പോഴാണ് ഉറക്കമൊഴിഞ്ഞ രാപകലുകൾകൊണ്ട് തീർത്ത ഈ പ്രാർത്ഥനാശുശ്രൂഷാജീവിതത്തിന്റെ ശോഭിതമുഖം ദർശിക്കാനും ഉൾക്കൊള്ളാനുമാകുന്നത്. സിസ്റ്റർ സവിത എല്ലാം ദൈവസവിധത്തിലർപ്പിച്ചു മുന്നേറുന്നതുകൊണ്ട് ബാല്യത്തിൽ അങ്കുരിച്ച സന്തോഷത്തിന് നാളിതുവരെ വാട്ടം സംഭവിച്ചിട്ടില്ല.

## നാൾവഴി

പ്രാർത്ഥനാന്തരീക്ഷം നിറഞ്ഞുനിന്ന ഒരു കുടുംബത്തിലാണ് ജനനവും വളർച്ചയുമെങ്കിലും അതിരുകവിഞ്ഞ ഭക്തിഭ്രമമോ തീക്ഷ്ണതയോ ഒന്നുമില്ലാതിരുന്ന സവിതയ്ക്ക് കുട്ടിത്തം നിറഞ്ഞ മോഹമായിരുന്നു കന്യാസ്ത്രീയാകുകയെന്നത്. ഭാവിജീവിതം സന്തോഷകരമാക്കിത്തീർക്കുകയെന്ന ലക്ഷ്യം മാത്രമേ മനസ്സിലുണ്ടായിരുന്നുള്ളൂ. ഒൻപത്, പത്ത്, ക്ലാസ്സുകളിൽ വേദപാഠം പഠിപ്പിക്കാൻ കടുത്തുരുത്തിയിൽനിന്നും വന്നിരുന്ന സിസ്റ്റർ ജോസിയുടെ ഇടപെടലുകൾ സന്തോഷജീവിതമെന്ന സ്വപ്നത്തിലേക്ക് കൂടുതൽ അടുപ്പിച്ചു. വീട്ടുകാരുടെ എതിർപ്പ് നിലനിൽക്കേതന്നെ അഗതികൾക്കും കഷ്ടപ്പെടുന്നവർക്കും ആശ്രയവും ശുശ്രൂഷയും പ്രദാനം ചെയ്യുന്ന സെന്റ് ജോസഫ് സന്ന്യാസിനിസമൂഹത്തിന്റെ ഏറ്റുമാനൂർ ജോസ്ഗിരി കോൺവന്റിൽ 1982-ൽ ഒരു അർത്ഥിയായി പ്രവേശിച്ചു. സന്ന്യാസപരിശീലനങ്ങൾക്കൊപ്പം പ്ലസ്ടു പഠനവും ബി.സി.എം കോളജിൽ ചേർന്ന് ബിരുദവും നേടി. 1986-ൽ പ്രഥമവ്രതവാഗ്ദാനവും 1992-ൽ നിത്യവ്രതവാഗ്ദാനവും ചെയ്തു.

## ആതുരരംഗത്തേക്കുള്ള ചുവടുവയ്പ്പ്

സഭാധികാരികളുടെനിർദ്ദേശാനുസരണം *ജ്ഞാനോദയ*യിൽ ഏകവർഷ ദൈവശാസ്ത്രപഠനം പൂർത്തീകരിച്ചതിനെത്തുടർന്ന് കോട്ടയം കാരിത്താസിൽ നഴ്സിംഗ് പഠനത്തിനായി ചേർന്നു. അവിടെത്തന്നെ 2 വർഷം കർമനിരതയായി. തുടർന്ന് മോനിപ്പിള്ളി മോൺ. ഊരാളിൽ മെമ്മോറിയൽ (MUM) ആശുപത്രി




www.malankaralibrary.com

യിൽ 1 വർഷം സേവനമനുഷ്ഠിച്ചു. 1995-ൽ ആതുരശുശ്രൂഷാ ദൗത്യത്തിനായി വിദേശത്ത് നിയോഗിക്കപ്പെട്ടു. ജർമനിയിലെ റേഗൻസ്ബുർഗ് രൂപതയിലെ ഓൾഡ് ഏജ് ഹോമിലായിരുന്നു ആദ്യവിദേശ ആതുര ശുശ്രൂഷ. ഒരു ദശാബ്ദ കാലത്തെ സേവനങ്ങൾക്കൊടുവിൽ തിരിച്ചെത്തിയ സിസ്റ്റർ സവിത തന്റെ ജീവിതം വിശ്രമിക്കാനായി മാറ്റിവച്ചില്ല. അട്ടപ്പാടി കല്ലുമലയിലെ രാജഗിരി ഡിസ്പെൻസറിയിലെ ശുശ്രൂഷകയായി കർമനിരതയാകുകയായിരുന്നു. അവിടെ മഠാധിപതിയും ആതുരകേന്ദ്രത്തിന്റെ ഉത്തരവാദിത്വവും പേറി മൂന്നു വർഷം ചെലവഴിച്ചു. 2008-ൽ വീണ്ടും ജർമനിയിലെ വൃദ്ധസദനത്തിലേക്കുതന്നെ തിരിച്ചു പോയി. 2 വർഷങ്ങൾക്കുശേഷം തിരിച്ച് നാട്ടിലെത്തിയ ഈ സമർപ്പിത, കാരിത്താസ് *അനുഗ്രഹ* വൃദ്ധസദനത്തിന്റെ മേൽനോട്ടം ഏറ്റെടുക്കുകയും അവിടെ അനുഗ്രഹമായിത്തീരുകയും ചെയ്തു. വീണ്ടും സിസ്റ്ററിന്റെ സേവനം മോനിപ്പള്ളി MUM ആശുപത്രി ആവശ്യപ്പെട്ടതിനെ തുടർന്ന്, ആവശ്യങ്ങളിൽ അറിഞ്ഞിടപെടുന്ന ഈ സന്യാസിനി 5 വർഷം തന്റെ സേവനങ്ങൾ MUM ൽ ചെലവഴിച്ചു. 2017-ലാണ് കോട്ടയം ഗാന്ധിനഗറിലെ സെന്റ് ജോസഫ്സ് ഹോമിന്റെയും ജ്യോതിർഭവന്റെയും സാരഥിയായി നിയോഗിതയാകുന്നത്.

## ആരും അന്യരല്ല

ആതുര ശുശ്രൂഷാരംഗത്ത് രജത പ്രഭചൂടിനിൽക്കുന്ന ശാന്തിസദനമാണ് ഗാന്ധിനഗർ സെന്റ് ജോസഫ്സ് ഹോം. ഇവിടെയെത്തുന്ന മാനസിക-ശാരീരിക വ്രണിതരാരുംതന്നെ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ്സ് സന്യാസിനിമാർക്ക് അന്യരല്ല. പരിത്യജിക്കപ്പെട്ട ഓരോരോ അർബുദബാധിതരും തങ്ങളുടെ മാതാപിതാക്കളും സഹോദരിസഹോദരന്മാരുമാണ്. 40 ബെഡ്ഡുകളോടുകൂടി പ്രവർത്തിക്കുന്ന ഈ കാൻസർ പുനരധിവാസ കേന്ദ്രത്തിൽ ഇപ്പോൾ കോവിഡു കാരണം 20 പേരെയാണ് ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നത്. തിരസ്കൃതരാണ് ഇവിടുത്തെ അന്തേവാസികൾ.

സമൂഹസ്ഥാപകനായ ദൈവദാസൻ പൂതത്തിൽ തൊമ്മിയച്ചന്റെ ചരമ അർധശതാബ്ദി സ്മാരകമായി 26 വർഷങ്ങൾക്കുമുമ്പ് സമാരംഭിച്ച സാന്ത്വനകേന്ദ്രമാണിത്. കാൻസർ ബാധിച്ച് ആരോരുമില്ലാതെ വേദനിച്ചുകഴിയുന്നവരെ തേടിയെത്തി ഏറ്റെടുത്ത് ശുശ്രൂഷിക്കുന്ന മാനവികതയുടെ പറുദീസയാണിത്.

കോട്ടയം മെഡിക്കൽ കോളജിലെ കാൻസർ വിഭാഗത്തിൽനിന്നും തഴയപ്പെടുന്ന മരണാസന്നരായ രോഗികളെ നോവറിയിക്കാതെ, നിറസ്നേഹം നൽകി, നല്ല മരണത്തിന് ഒരുക്കുന്ന ഒരു മാലാഖയാണ് സിസ്റ്റർ സവിത. ഈ പാലിയേറ്റീവ് കെയർ യൂണിറ്റിൽ എത്തുന്ന ഭൂരിഭാഗം പേരും ശാരീരിക- മാനസിക വ്രണങ്ങളാൽ വേദനിക്കുന്നവരും അവഗണിക്കപ്പെട്ടവരുമായിരിക്കും. ഇവരെയൊക്കെ വിശുദ്ധ ഡാമിയനെപ്പോലെ, വിശുദ്ധ മദർതെരേസയെപ്പോലെ മുറിവുകൾ വച്ചുകെട്ടി ശുശ്രൂഷിക്കുകയും രോഗസൗഖ്യത്തിനും നല്ലമരണത്തിനുമായി ഒരുക്കുന്ന ദൗത്യസംഘത്തിന്റെ അമരക്കാരിക്ക് തെല്ലും വലിയഭാവമില്ല. 1500-ലധികം പേരെയാണ് ഇതുവരെ ഈ സാന്ത്വനാലയം പ്രശാന്ത മരണത്തിന് ഒരുക്കിയിട്ടുള്ളത്. മരണപ്പെടുന്നവരെ സ്വീകരിക്കാൻ ആരുമില്ലാതെ വരുമ്പോൾ ഈ ഭവനത്തിന് സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ള വോൾട്ടി (Vault)ൽ സംസ്കരിക്കും. 272 പേരെ ഇതിനോടകം അടക്കം ചെയ്തിട്ടുണ്ട്.

## സന്തോഷത്തിന് ഇരട്ടിമധുരം

സന്യാസജീവിതത്തിൽ 35 വർഷങ്ങൾ പിന്നിടുമ്പോൾ, ഇരട്ടിമധുരമുള്ള സന്തോഷമാണനുഭവിക്കുന്നതെന്ന് സിസ്റ്റർ സവിത പറയുന്നു. വേദനിക്കുന്നവർക്ക് സന്തോഷവും ആനന്ദവും പകർന്നുകൊടുക്കാൻ കഴിയുന്നതിൽ കവിഞ്ഞ് ജീവിതത്തിൽ മറ്റെന്ത് സന്തോഷമാണുള്ളതെന്നാണ് സിസ്റ്റർ സവിതയുടെ മറുചോദ്യം. മനുഷ്യൻ ഇന്ന് അനുഭവിക്കുന്നത് സ്നേഹദാരിദ്ര്യമാണെന്ന് ഈ ആതുരപ്രേഷിത സംശയലേശമെന്യേ പറയുന്നു. വ്രണങ്ങൾ കഴുകി വൃത്തിയാക്കാനും മരുന്നു വച്ചുകെട്ടാനും മലമൂത്രവിസർജ്യങ്ങൾ നീക്കി ശുചിയാക്കാനും ആജ്ഞാപിച്ചു ചെയ്യിക്കാൻ ഇവിടെ പരിചാരകർ ആരുമില്ല. ഓഫീസ് നടത്തിപ്പിൽ സഹായികളായി അഞ്ച് അല്മായ സഹോദരങ്ങളുണ്ടെന്നുള്ളതൊഴികെ മറ്റെല്ലാ പ്രവർത്തനങ്ങളും സമൂഹാംഗങ്ങൾക്കൊപ്പം ചെയ്യുമ്പോൾ ഈ ജീവിതത്തോട് ഒരു മടുപ്പും വിരസതയും തോന്നുന്നില്ലെന്ന് മാത്രമല്ല ഇതൊരു ആത്മസംതൃപ്തിയാണ് പ്രദാനം ചെയ്യുന്നത്! "ഈ എളിയവർക്ക് നിങ്ങൾ ചെയ്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്" (മത്താ 25:40) എന്ന ഗുരുമൊഴിയാണ് തന്റെയും കൂടെയുള്ളവരുടെയും പ്രചോദനം എന്ന് സിസ്റ്റർ സവിത പറയുന്നു.

## ജ്യോതിർഭവനിലെ ജ്യോതിസ്

സാമൂഹിക പ്രതിബദ്ധതയും കുടുംബങ്ങളുടെ വിശുദ്ധിയും കാത്തുസംരക്ഷിക്കുന്നതിനായി 2004-ൽ സഭയുടെ റീജിയണൽ സുപ്പീരിയറായിരുന്ന സിസ്റ്റർ മെർസിന്റെ ആശയത്തിൽ രൂപംകൊണ്ട


www.malankaralibrary.com

താണ് കോട്ടയം ജില്ലയിലെ എയ്ഡ്സ് രോഗികൾക്കായുള്ള പുനരധിവാസകേന്ദ്രം ജ്യോതിർഭവൻ. എയ്ഡ്സ് ബാധിതരായ 12 സഹോദരിമാർ ഇപ്പോൾ ഇവിടത്തെ അന്തേവാസികളാണ്.

കോട്ടയം ജില്ലയിൽത്തന്നെ എയ്ഡ്സ് ബാധിതർക്കുള്ള ഏക ആശ്രയസങ്കേതമാണിത്. കോട്ടയം മെഡിക്കൽ കോളജിൽ ഒരു എയ്ഡ്സ് സെന്ററുണ്ടെങ്കിലും അവിടെ പുനരധിവാസമോ തുടർചികിത്സകളോ കൗൺസിലിംഗോ മറ്റൊന്നുമില്ല. ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെട്ട്, രോഗാതുരരായി വലിച്ചെറിയപ്പെട്ട സഹോദരങ്ങളെ മനുഷ്യരായിക്കണ്ട് സംരക്ഷണമേകുന്നതിനായി ആരംഭിച്ച ഈ പ്രകാശിത ഭവനത്തിലെ വിളക്കേന്തിയ വനിതയാണ് സിസ്റ്റർ സവിത. മൂന്നു വയസ് പ്രായമുള്ള കുഞ്ഞും മൂന്ന് ഇതര സംസ്ഥാന സഹോദരിമാരും ജ്യോതിർഭവനിലെ അന്തേവാസികളിലുൾപ്പെടുന്നു. സഭയുടെ കലവറയില്ലാത്ത സഹായത്താലും അഭ്യുദയകാംക്ഷികളായ നിരവധിസുമനസ്സരുടെ സഹകരണത്താലും നാളിതുവരെ മുട്ടൊന്നുമില്ലാതെ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. 'കുടത്തിലെ മാവ് കുറയാതെയും കുപ്പിയിലെ എണ്ണ വറ്റാതെയും' ജ്യോതിർഭവൻ നയിക്കപ്പെടുന്നു.



**ബഹുമാനത്തിനും ആദരത്തിനും വേണ്ടിയുള്ളതല്ല താൻ അണിഞ്ഞിരിക്കുന്ന കുപ്പായമെന്ന തിരിച്ചറിവും ബോധ്യവുമുള്ളതിനാൽ സിസ്റ്റർ സവിത പറയുന്നു: ഇത് ശുശ്രൂഷയുടെ മേലങ്കിയാണ്. ഇത് ധരിക്കാൻ ഭാഗ്യം ലഭിച്ച എനിക്ക് ജീവിതത്തിൽ ഇതിലും വലിയ സന്തോഷം അനുഭവിക്കാനില്ല.**

## ലൈഫ് ഈസ് ബ്യൂട്ടിഫുൾ

ജീവിതം ഹാപ്പിയാക്കാൻ സന്ന്യാസം പുൽകിയ സിസ്റ്റർ സവിതയ്ക്ക് ഇപ്പോൾ ജീവിതം ഹാപ്പി മാത്രമല്ല, മനോഹരംകൂടിയാണെന്ന് ഏറ്റുപറയാനാകുന്നു. കാരണം, രോഗാതുരരിലും ആലംബഹീനരിലും പകർന്നുകൊടുക്കാനാവുന്ന സന്തോഷം അതിന്റെ ഇരട്ടിയായി തന്റെ ജീവിതത്തിലും അനുഭവവേദ്യമാകുന്നുണ്ട്. അർബുദ രോഗികളെയും എച്ച്. ഐ.വി, എയ്ഡ്സ് ബാധിതരെയും ശാരീരിക- മാനസിക വ്രണിതരായവരെയും ശുശ്രൂഷയുടെ സാന്ത്വനലേപനം പുരട്ടി ആശ്വസിപ്പിക്കാൻ കഴിയുമ്പോൾ തന്റെ തിരഞ്ഞെടുപ്പ് ലവലേശം തെറ്റിയില്ലായെന്ന ഉത്തമബോധ്യത്തിലാണ് ഈ കന്യക. ബഹുമാനത്തിനും ആദരത്തിനും വേണ്ടിയുള്ളതല്ല താൻ അണിഞ്ഞിരിക്കുന്ന കുപ്പായമെന്ന തിരിച്ചറിവും ബോധ്യവുമുള്ളതിനാൽ സിസ്റ്റർ സവിത പറയുന്നു: ഇത് ശുശ്രൂഷയുടെ മേലങ്കിയാണ്. ഇത് ധരിക്കാൻ ഭാഗ്യംലഭിച്ച എനിക്ക് ജീവിത്തിൽ ഇതിലും വലിയ സന്തോഷം അനുഭവിക്കാനില്ല. പ്രാർത്ഥനയിലധിഷ്ഠിതമായ ഒരു സമർപ്പണ ജീവിതത്തിനുടമയായതിനാലാണ് ഇത്തരത്തിൽ മാനസാന്തരത്തിന്റെ വിത്തുകൾ വിതയ്ക്കാൻ ഈ വിതക്കാരിക്ക് കഴിയുന്നത്. ഈ സുകൃത ജീവിതത്തിന്റെ മുളപൊട്ടുന്നത് കോട്ടയം അതിരൂപതയിലെ പിറവം വെള്ളൂർ തിരുക്കുടുംബ ഇടവകയിൽ കാലായിൽപുത്തൻപുര കുടുംബത്തിലാണ്. മത്തായി- ഏലിക്കുട്ടി ദമ്പതികളുടെ എട്ടു സന്താനങ്ങളിൽ ആറാമത്തെ സൂനമായാണ് വിരിഞ്ഞത്. വെള്ളൂർ കുഞ്ഞിരാമൻ മെമ്മോറിയൽ സ്കൂളിൽനിന്ന് ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയാണ് ജീവിതത്തെ സന്തോഷഭരിതമാക്കിത്തീർക്കാനുള്ള യാത്രയ്ക്കായി സവിതയെന്ന ടീനേജുകാരി പുറപ്പെട്ടത്. ഇപ്പോൾ പൂർണ സംതൃപ്ത. കദനങ്ങളിൽ നിന്ന് കഥയും വേദനകളിൽനിന്ന് വേദങ്ങളും ഉണ്ടാകുന്നതുപോലെ എതിർപ്പുകളിൽനിന്ന് ആനന്ദത്തിലേക്കുള്ള പാത സവിത കണ്ടെത്തുകയായിരുന്നു. അത് നിത്യാനന്ദപൂർണന്റെ സവിധത്തിലെത്തി നിൽക്കുമ്പോൾ ശങ്കിക്കാതെ പറയാനാകും: ലൈഫ് ഈസ് ബ്യൂട്ടിഫുൾ. ■


www.malankaralibrary.com

# കവിതയുടെ വർണവസ്ത്രധാരി

## ജെറർഡ് മാൻലി ഹോപ്കിൻസ് (1844–1889)

**സൃഷ്ടപ്രപഞ്ചത്തിൽ നിറഞ്ഞുനില്ക്കുന്ന ദൈവിക മഹിമയെ ഈരടികളാക്കി കാല്പനിക കവിതയുടെ പൊതുവഴക്കങ്ങളെ പിൻചെല്ലാതെ സ്വകീയമായൊരു കാവ്യശൈലിക്ക് രൂപം നല്കിയ ഈശോസഭാ വൈദികനാണ് ഫാ. ജെറർഡ് മാൻലി ഹോപ്കിൻസ്. 'ബേലിയോളിന്റെ നക്ഷത്രം' എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഹോപ്കിൻസിന്റെ ജീവിതത്തെയും കവിത്വം തുളുമ്പുന്ന രചനകളെയുംകുറിച്ചുള്ള ആസ്വാദനം.**



ഫാ. ജെയിംസ് വയലിൽ CST
*ലിറ്റിൽ ഫ്ളവർ സെമിനാരി, ആലുവ*

"In a flash, at a trumpet crash,
I am all at once what Christ is,
since he was what I am....."

വിക്ടോറിയൻ കാലഘട്ടത്തിലെ ഏറ്റം പ്രതിഭാധനനായ കവി ജെറർഡ്മാൻലി ഹോപ്കിൻസ് എന്ന ജസ്യൂട്ട് പുരോഹിതന്റേതാണ് ക്രിസ്തുരഹസ്യത്തിന്റെ ദൈവശാസ്ത്രസൗന്ദര്യം തികഞ്ഞ ഈ വരികൾ. ശബ്ദസുഭഗവും ധ്വനിസാന്ദ്രവുമായ കവിതകളുടെ പേരിലറിയപ്പെടുന്ന ഇദ്ദേഹത്തിന്റെ ജനനം 1884 ജൂലൈ 28–ന് കിഴക്കൻ ലണ്ടനിൽ സ്ട്രാറ്റ്ഫോഡിലായിരുന്നു. പിൽക്കാലത്ത് ഹോപ്കിൻസ് എന്തായിതീർന്നോ അതിനെല്ലാം കുടുംബത്തിൽ മാതൃകകൾ ഉണ്ടായിരുന്നു. പിതാവിന്റെയും മാതാവിന്റെയും അടുത്ത ബന്ധുക്കളെല്ലാം ചിത്രരചനയിലും സാഹിത്യത്തിലും കഴിവുതെളിയിച്ചവരായിരുന്നു. കപ്പലുകളുടെ ഇൻഷുറൻസ് ബിസിനസ് നടത്തുകയായിരുന്ന പിതാവ് മാൻലി ഹോപ്കിൻസ് കുറെനാൾ ഹാവായയിൽ ബ്രിട്ടീഷ് കോൺസൽ ജനറലായി ജോലി ചെയ്തിരുന്നു. വേർഡ്സ്വർത്തിന്റെ കവിതകളെ ഏറെ ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം നല്ലൊരു കവിയുമായിരുന്നു. മാതാവ് കെയ്റ്റിന്റെ സംഗീതാഭിരുചിയും ബൗദ്ധിക ആഭിമുഖ്യവും ജെറർഡിന്റെ പ്രതിഭയെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു. സ്കൂൾ പഠനകാലത്തുതന്നെ കവിതാരചനയ്ക്കു സമ്മാനങ്ങൾ നേടിയ ഹോപ്കിൻസ് ഓക്സ്ഫോർഡിലെ ബേലിയോൾ കോളജിലെത്തിയപ്പോൾ അവിടുത്തെ സർഗാത്മകപരിസരങ്ങളിൽ ശ്രദ്ധിക്കപ്പെട്ടു. ക്ളാസിക് പണ്ഡിതനും കോളജിന്റെ മാസ്റ്ററുമായിരുന്ന ബെഞ്ചമിൻ ജോവിറ്റ്, ഹോപ്കിൻസിനെ 'ബേലിയോളിന്റെ നക്ഷത്ര'മെന്ന് വിശേഷിപ്പിച്ചു.

രാഷ്ട്രീയതാല്പര്യങ്ങൾക്കുപരി സുവിശേഷത്തിന്റെയും സഭാചരിത്രത്തിന്റെയും അടിസ്ഥാനങ്ങളിലേക്ക് മടങ്ങാൻ അംഗ്ലിക്കൻസഭയോട് അഹ്വാനം ചെയ്ത ഓക്സ്ഫോർഡ് പ്രസ്ഥാനം ചിന്താശീലനായ ഹോപ്കിൻസിനെ ആകർഷിച്ചു. 1866–ൽ ഓക്സ്ഫോർഡ് പ്രസ്ഥാനത്തിന്റെ നായകനായ വിശുദ്ധ ജോൺ ഹെൻറി ന്യൂമാൻതന്നെ അദ്ദേഹത്തെ കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചു. രണ്ടുവർഷത്തിനുശേഷം ന്യൂമാനെപ്പോലെ പൗരോഹിത്യവിളി തിരിച്ചറിഞ്ഞ ഹോപ്കിൻസ് ഈശോസഭയിൽ ചേർന്നു. ലൗകികനേട്ടങ്ങളുടെ പ്രലോഭനങ്ങളെ തിരസ്കരിക്കുന്നതിന്റെ ഭാഗമായി തന്റെ കവിതകളുടെ ശേഖരം അഗ്നിക്കിരയാക്കുകയും എഴുത്ത് ഉപേക്ഷിക്കുകയും ചെയ്തു. സുപ്പീരിയറുടെ നിർദ്ദേശപ്രകാരം, ഏഴുവർഷത്തെ ഇടവേളയ്ക്കുശേഷം 1875–ൽ *The Wreck of the Deutshland* എഴുതിയതോടെയാണ് ആ മൗനം



www.malankaralibrary.com

ഭഞ്ജിക്കപ്പെട്ടത്. ജർമ്മനിയിൽനിന്ന് അമേരിക്ക ലക്ഷ്യമാക്കിയുള്ള യാത്രയിൽ 'ഡോയ്ഷ്‌ലാൻഡ്' എന്ന കപ്പൽ തകർന്നു അഞ്ചു ഫ്രാൻസിസ്കൻ സന്ന്യാസിനികളടക്കം 80 പേർ മരിച്ചതിൽ ഹോപ്കിൻസിന്റെ ഹൃദയവേദനയാണ് അദ്ദേഹത്തിന്റെ ഏറ്റം മികച്ച കവിതയെന്നു നിരൂപകർ വാഴ്ത്തിയ ഈ രചനയ്ക്ക് പ്രേരകമായത്. പലപ്പോഴും ദുരന്തങ്ങൾ കവർന്നെടുക്കുന്നത് സ്വത്തും ജീവനും മാത്രമല്ല, വിശ്വാസംകൂടിയാണ്. ദുരന്തം സൃഷ്ടിക്കുന്ന ഇരുളിലും ക്രിസ്തുവിന്റെ രക്ഷാകരസഹനത്തിന്റെ വെളിച്ചം നിശബ്ദം ജ്വലിക്കുന്നതു ഈ കവിതയിൽ കാണാനാവും. 1877-ൽ പൗരോഹിത്യം സ്വീകരിച്ച ഹോപ്കിൻസ് ഇംഗ്ലണ്ടിലും അയർലണ്ടിലും അജപാലന ശുശ്രൂഷയും അധ്യാപനവും തീക്ഷ്ണതയോടെ നിർവഹിച്ചു. ഫാ. ഹോപ്കിൻസ് അസിസ്റ്റന്റ് വികാരിയായിരുന്ന പ്രെസ്റ്റണിലെ സെന്റ് ഇഗ്നേഷ്യസ് ദൈവാലയമാണ് ഇപ്പോൾ ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയുടെ സെന്റ് അൽഫോൻസാ കത്തീഡ്രലായി മാറിയിരിക്കുന്നത്.

ഇംഗ്ലീഷ് ഭാഷയുടെ സംഗീതാത്മകതയും അർത്ഥസാധ്യതകളും സമർത്ഥമായി ഉപയോഗിച്ചുകൊണ്ടുള്ള ഹോപ്കിൻസിന്റെ രചനാശൈലി കാല്പനികകവിതയുടെ പൊതുവഴക്കങ്ങൾ അനുസരിച്ചില്ല. ആശയപ്രകാശനത്തിനു പുതിയ വാക്കുകൾ സൃഷ്ടിച്ചും കവിതയുടെ ഒഴുക്കിനു യോജിച്ച വൃത്തങ്ങൾ സ്വീകരിച്ചും അദ്ദേഹം സ്വകീയമായൊരു കാവ്യാശൈലിക്ക് രൂപം നല്കി. എന്നിരിക്കിലും, ഹോപ്കിൻസിന്റെ ജീവിതകാലത്തൊന്നും അദ്ദേഹത്തിന്റെ കവിതകൾ വെളിച്ചം കണ്ടില്ല. സുഹൃത്തും പ്രസിദ്ധകവിയുമായ റോബർട്ട് ബ്രിഡ്ജസ് മുൻകൈയെടുത്ത്, ഹോപ്കിൻസ്



**ഇലച്ചാർത്തും കാറ്റും മരങ്ങളും പക്ഷികളുമെല്ലാം പ്രപഞ്ചം നിറഞ്ഞു നില്ക്കുന്ന ദൈവികമഹിമയുടെ സജീവബിംബങ്ങളായി ഹോപ്കിൻസിന്റെ കവിതയിൽ പ്രത്യക്ഷപ്പെടുന്നു.**

മരിച്ചു 29 വർഷത്തിനുശേഷം, 1918-ൽ മാത്രമാണ് അവ പ്രകാശിപ്പിക്കപ്പെട്ടത്. സൂക്ഷ്മതയുടെ ദാർശനികനായ ഡാൻസ്കോട്ടിന്റെ ചിന്ത ഹോപ്കിൻസിന്റെ ജീവിതവീക്ഷണത്തിന്റെയും എഴുത്തിന്റെയും വലിയൊരു സ്വാധീനമായി ഗവേഷകർ കണക്കിലെടുക്കുന്നു.

ഇലച്ചാർത്തും കാറ്റും മരങ്ങളും പക്ഷികളുമെല്ലാം പ്രപഞ്ചം നിറഞ്ഞു നില്ക്കുന്ന ദൈവികമഹിമയുടെ സജീവബിംബങ്ങളായി ഹോപ്കിൻസിന്റെ കവിതയിൽ പ്രത്യക്ഷപ്പെടുന്നു. പരിശുദ്ധ ദൈവമാതാവിനെ 'നാം ശ്വസിക്കുന്ന വായു' പോലെ സങ്കല്പിക്കുന്ന *Mary Compared to the air, we breath* എന്ന കവിത വചനത്തിന്റെ മാതാവിന് വാക്കുകൾ കൊണ്ടൊരുക്കപ്പെട്ട സ്തുതികളിൽ സവിശേഷസ്ഥാനം അർഹിക്കുന്നു. ഭാഷാസൗന്ദര്യത്തിൽ മരിയ ശാസ്ത്രത്തിന്റെ മാധുര്യംനിറച്ച ഈ കവിത ഹോപ്കിൻസിന്റെ ആത്മീയതയുടെ കണ്ണാടികൂടിയാണ്. കത്തോലിക്കാസഭാപ്രവേശനത്തെതുടർന്ന് കുടുംബങ്ങളുടെ അകൽച്ച, കുറഞ്ഞുവരുന്ന കാവ്യപ്രചോദനം, രാഷ്ട്രീയമായി എതിർചേരിയിലായിരുന്ന അയർലണ്ടിലെ വാസം എന്നിവ ഹോപ്കിൻസിന്റെ ജീവിതത്തിൽ വിഷാദഛായ പകർത്തി. ഇക്കാലത്തു എഴുതപ്പെട്ട *Terrible sonnets* ഈ മാനസികാവസ്ഥയെ പ്രത്യാശകൊണ്ടു നേരിടാനുള്ള ധീരശ്രമമായി മനസ്സിലാക്കാം. ടൈഫോയ്ഡ് ബാധയെത്തുടർന്ന് 44- ാം വയസ്സിൽ ഹോപ്കിൻസ് നിത്യതയിലേക്ക്, വാക്കുകൾകൊണ്ട് താൻ അർച്ചന ചെയ്ത ദൈവസന്നിധിയിലേക്ക് സ്വീകരിക്കപ്പെട്ടു. "എല്ലാം അസ്തമയത്തിനുമപ്പുറത്തു" ദിവ്യശോഭ തെളിയുമെന്ന പ്രത്യാശയുടെ വാക്കുകളോട് അവസാനിക്കുന്ന *God's grandeur* ഹോപ്കിൻസിന്റെ ജീവിതത്തിന്റെയും കവിത്വത്തിന്റെയും ഉചിതമായ സാക്ഷിമൊഴിയാണ്.

".... though the last lights off
the black West went
Oh, morning, at the brown
brink eastward, springs
Because the Holy Ghost over
the bent
World broods with warm breast
and with ah! bright wings." ■



www.malankaralibrary.com

# തലതൊടുന്നവരും ആത്മീയബന്ധവും വിവാഹവും

**?**

**മാമ്മോദീസയുടെ അവസരത്തിൽ തലതൊടുന്നവരും (godparents) മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയും തമ്മിൽ വിവാഹബന്ധം പാടില്ല എന്നു സഭാനിയമം പറയുന്നുന്നെറിഞ്ഞു. ഇങ്ങനെയൊരുനിയമത്തിന്റെപ്രസക്തിഎന്താണ്? വിശദീകരിക്കാമോ?**

*– ജോബി തുക്കുപാലം*



**റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ**
*വൈസ് ചാൻസലർ, മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ, മൗണ്ട് സെന്റ്തോമസ്, കാക്കനാട്*

മാമ്മോദീസ സ്വീകരിക്കുമ്പോൾ തലതൊടുന്നവർ ഉണ്ടായിരിക്കേണ്ടതാണെന്നു സഭാനിയമം വ്യക്തമാക്കുന്നുണ്ട് (CCEO c. 684 §1, CIC c. 872). മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയെ സഭയുടെ മുമ്പിൽ സമർപ്പിക്കുക, ക്രൈസ്തവ വിശ്വാസത്തിൽ വളരാൻ സഹായിക്കുക എന്നിവയാണു തലതൊടുന്ന വ്യക്തിയുടെ ഉത്തരവാദിത്വങ്ങൾ (CCEO c. 684 §2, CIC c. 872). മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയും തലതൊടുന്നവരും തമ്മിൽ രൂപപ്പെടുന്നത് ഒരു ആത്മീയബന്ധമാണെന്നു നിയമം വ്യക്തമാക്കുന്നു. മാമ്മോദീസയ്ക്കു യോജിച്ച ക്രിസ്തീയജീവിതം നയിക്കാൻ മാമ്മോദീസാർത്ഥിയെ സഹായിക്കുന്നത് ഒരു ആത്മീയ ഉത്തരവാദിത്വമാണ്.

ഈ ആത്മീയ ഉത്തരവാദിത്വം ഫലപ്രദമായി നിർവഹിക്കാൻ ആവശ്യമായ യോഗ്യതകളെക്കുറിച്ചു സഭാനിയമം കൃത്യമായി പറയുന്നുണ്ട് (CCEO c. 685 §2, CIC c. 874). തലതൊടുന്ന വ്യക്തിക്ക് ഉണ്ടായിരിക്കണമെന്നു സഭ നിഷ്കർഷിക്കുന്ന സവിശേഷതകളിൽനിന്ന് മാമ്മോദീസയിലൂടെ രൂപപ്പെടുന്ന ആത്മീയബന്ധത്തിന്റെ സ്വഭാവം കൂടുതൽ മനസ്സിലാക്കാൻ സാധിക്കുന്നു.

ഇനി ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന വിവാഹതടസത്തെക്കുറിച്ചു (impediment) പറയാം. മാമ്മോദീസായിലൂടെ രൂപപ്പെടുന്ന ആത്മീയബന്ധം വിവാഹത്തിന് ഒരു തടസമാണെന്നു പൗരസ്ത്യ സഭകൾക്കായുള്ള നിയമം വ്യക്തമാക്കുന്നു. അതേസമയം, ഇത്തരമൊരു വിവാഹതടസം ലത്തീൻ സഭാനിയമത്തിൽ ഇല്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

എന്താണ് പൗരസ്ത്യസഭാനിയമം പറയുന്നത് എന്നതു പരിശോധിക്കാം. "മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയും അതുപോലെതന്നെ അയാളുടെ മാതാപിതാക്കളും തലതൊടുന്ന വ്യക്തിയുമായി വിവാഹബന്ധത്തിലേർപ്പെടുന്നത് അസാധുവാക്കുന്ന ഒരു ആത്മീയബന്ധം മാമ്മോദീസായിൽ നിന്നുളവാകുന്നു'' (CCEO c. 811 §1). ഇവിടെ ഏതാനും കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. മാമ്മോദീസയിലൂടെ രൂപപ്പെടുന്ന ആത്മീയബന്ധം വിവാഹത്തെ അസാധുവാക്കുന്ന ഒരു തടസമാണ്. ആരൊക്കെ തമ്മിലാണു വിവാഹതടസം രൂപപ്പെടുന്നത് എന്നതും പ്രധാനപ്പെട്ടതാണ്. ഒരു ഉദാഹരണത്തിലൂടെ നമുക്ക് ഇതു മനസ്സിലാക്കാൻ പരിശ്രമിക്കാം. മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയെ നമുക്കു ജോസുകുട്ടി എന്നു വിളിക്കാം. ജോസുകുട്ടിയുടെ മാതാപിതാക്കളാണ് തോമാച്ചനും മേരിക്കുട്ടിയും. മാമ്മോദീസയിൽ ജോസുകുട്ടിയുടെ തലതൊടുന്നവർ തോമാച്ചന്റെ സുഹൃത്തായ മാത്യുവും മേരിയുടെ സുഹൃത്തായ ട്രീസയുമാണ്. മേൽപ്പറഞ്ഞ നിയമമനുസരിച്ച്, ജോസുകുട്ടിയുടെ അപ്പനായ തോമച്ചനു (ഭാര്യ മേരിയുമായുള്ള വിവാഹം ഇല്ലാതാകുന്ന സാഹചര്യത്തിൽ) ജോസുകുട്ടിയുടെ തലതൊട്ട ട്രീ


www.malankaralibrary.com



സയെ വിവാഹം ചെയ്യാൻ നിയമപരമായ തടസമുണ്ട്. അതേപോലെ മേരിക്കുട്ടിയും മാത്യുവും തമ്മിലും വിവാഹം നടത്താൻ അനുവാദമില്ല. അതുപോലെ, മാമ്മോദീസ സ്വീകരിച്ച ജോസുകുട്ടിക്കു തന്റെ തലതൊട്ട ട്രീസയുമായി വിവാഹത്തിലേർപ്പെടാൻ നിയമം അനുവദിക്കുന്നില്ല.

ഉടൻ ഒരു ചോദ്യം മനസ്സിൽ ഉയർന്നുവരുന്നുണ്ട്. മാമ്മോദീസ സ്വീകരിക്കുന്ന ശിശു പ്രായത്തിലുള്ള ജോസുകുട്ടിയും തലതൊടുന്ന ട്രീസയും തമ്മിൽ വിവാഹം നടക്കാൻ യാതൊരു സാധ്യതയുമില്ല. അവർ തമ്മിൽ പ്രായത്തിന്റെ വലിയ വ്യത്യാസമുണ്ട്. പിന്നെ എന്തിനാണു നിയമം ഇങ്ങനെ പറയുന്നത്? നമ്മൾ സാധാരണ ചിന്തിക്കുന്നത് ശിശുമാമ്മോദീസയുടെ പശ്ചാത്തലത്തിലാണ്. ജോസുകുട്ടി തന്റെ കോളജു പഠനശേഷമാണു മാമ്മോദീസ സ്വീകരിക്കുന്നതെന്നു വിചാരിക്കുക. പലകാരണങ്ങളാൽ നേരത്തെ മാമ്മോദീസ സ്വീകരിക്കാതിരുന്ന ജോസുകുട്ടിയുടെ തലതൊടുന്ന ട്രീസ ജോസു കുട്ടിയുടെ സഹപാഠിയാണെന്നും കരുതുക. ജോസുകുട്ടിയുടെ മാമ്മോദീസാകാര്യത്തിൽ ട്രീസ വളരെ താൽപര്യമെടുത്തത്, മാമ്മോദീസയ്ക്കുശേഷം ജോസുകുട്ടിയുമായി വിവാഹം നടത്താനുള്ള ആഗ്രഹം ഉള്ളിൽ വച്ചുകൊണ്ടാണെന്നും കരുതുക. സഭാനിയമത്തെപ്പറ്റി ഒന്നും അറിയില്ലാത്ത ട്രീസ തീക്ഷ്ണതകൊണ്ടു തലതൊട്ടമ്മയുടെ സ്ഥാനം ഏറ്റെടുത്താൽ ജോസുകുട്ടിയും ട്രീസയും തമ്മിൽ വിവാഹതടസം രൂപപ്പെടും. ഇതാണു നിയമ സാഹചര്യം. ശിശു മാമ്മോദീസായിലൂടെ ആത്മീയബന്ധത്തിലേർപ്പെടുന്നവർ പിന്നീടു വിവാഹിതരാകാനുള്ള സാധ്യതയും ചില സംസ്കാരങ്ങളിലും സാഹചര്യങ്ങളിലും (പ്രായവ്യത്യാസം പരിഗണിക്കാത്ത സാഹചര്യത്തിൽ) തള്ളിക്കളയാനാവില്ലല്ലോ.

ലത്തീൻ സഭയിൽ ഇല്ലാത്ത ഈ വിവാഹതടസം പൗരസ്ത്യസഭകളുടെ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് പൗരസ്ത്യ പാരമ്പര്യങ്ങളോടു യോജിച്ചുപോകുന്നതിനുവേണ്ടിയാണ്. 1983-ൽ നിലവിൽവന്ന ലത്തീൻ സഭാനിയമം ഈ വിവാഹതടസം ഉപേക്ഷിച്ചപ്പോൾ 1990-ൽ നടപ്പിലാക്കിയ പൗരസ്ത്യ സഭാനിയമം ഈ നിയമം നിലനിർത്തിയത് ഇക്കാരണത്താലാണ്. ലത്തീൻ സഭയുടെ 1917-ലെ നിയമസംഹിതയിൽ c. 1079 അനുസരിച്ച് ഈ വിവാഹതടസം മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയും തലതൊടുന്നവരും തമ്മിൽ മാത്രമായിരുന്നു. മാമ്മോദീസ സ്വീകരിക്കുന്ന വ്യക്തിയുടെ മാതാപിതാക്കളും തലതൊടുന്നവരും തമ്മിൽ ഈ നിയമമനുസരിച്ച് വിവാഹതടസം ഉണ്ടായിരുന്നില്ല.

ആത്മീയബന്ധത്തിൽനിന്നു രൂപപ്പെടുന്ന ഈ വിവാഹ തടസത്തിൽ നിന്ന് ഒഴിവുകിട്ടുമോ എന്നതാണ് അടുത്ത കാര്യം. ഒഴിവു (dispensation) കിട്ടും എന്നതാണ് അതിന്റെ ഉത്തരം. തക്കതായ കാരണങ്ങൾ ഉള്ളപ്പോൾ ബന്ധപ്പെട്ടവർ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ രൂപതാദ്ധ്യക്ഷന് ഈ വിവാഹതടസത്തിൽ നിന്നു വിടുതൽ/ഒഴിവു നൽകാവുന്നതാണ്. മാമ്മോദീസ എന്ന കൂദാശയുടെ പ്രാധാന്യവും കൂദാശസ്വീകരണത്തിൽ അവസാനിക്കാത്ത ബന്ധങ്ങളും വിശ്വാസജീവിതയാത്രയിൽ രൂപപ്പെടുന്ന ആത്മീയബന്ധവും അതിന്റെ പ്രാധാന്യവും ഉത്തരവാദിത്വവും ഈ നിയമത്തിന്റെ പിന്നിലെ പ്രേരകഘടകങ്ങളാണ്. ■



# സാമൂഹികം

വേരുകൾ ആഴപ്പെടുമ്പോഴേ ശാഖകൾ ബലവത്താകൂ. മാധ്യമലോകത്തിന്റെ നൂതനാഭിമുഖ്യങ്ങൾ, ആനുകാലിക കഥകൾ, കവിതകൾ, സിനിമകൾ, പുസ്തകങ്ങൾ എന്നിവ പരിചയപ്പെടുത്തിക്കൊ് സമൂഹജീവിതത്തിന്റെ സമഗ്രതയിലേക്കും സുസ്ഥിതിയിലേക്കും പറന്നുയരാൻ...

# ഒരു തുള്ളിജീവിതം

- വർഗീയ രാഷ്ട്രീയവും മതരാഷ്ട്രവാദവും
- ആർക്കറിയാം
- അക്ഷരരവം

ഫാ. വർഗീസ് വള്ളിക്കാട്ട്
ഫാ. സുനിൽ ofm cap.
റവ. ഡോ. ബെന്നി ബനഡിക്റ്റ് cmi
ജെ.സി. ബുക്ക്മാൻ


www.malankaralibrary.com

# വർഗീയ രാഷ്ട്രീയവും മതരാഷ്ട്രവാദവും

**ന്യൂനപക്ഷ സ്കോളർഷിപ്പിന്റെ പേരിൽ കേരളസമൂഹത്തിൽ വർഗീയ വിദ്വേഷം പടർത്താൻ ചിലർ ബോധപൂർവം ശ്രമം നടത്തുന്നുവെന്നും ആർഎസ്എസ് ക്രൈസ്തവരിൽ മുസ്ലീം വിരോധം കുത്തിവയ്ക്കുന്നുവെന്നുമുള്ള പ്രചാരണങ്ങൾ കുറച്ചുനാളായി ശക്തിപ്പെട്ടുവരികയാണ്. ഉത്തരവാദിത്വപ്പെട്ട ചില മത-രാഷ്ട്രീയ നേതാക്കൾ തന്നെയാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നതും. ഈ ആരോപണങ്ങളുടെ നിജസ്ഥിതി വിശകലനം ചെയ്യുന്നു.**



ഫാ. വർഗീസ് വള്ളിക്കാട്ട്
*vallikkatt@gmail.com*

കേരളത്തിലെ ക്രൈസ്തവരുടെയിടയിൽ മുസ്ലീം വിരോധം വളരുന്നു എന്ന പ്രചാരണം ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും അതിനു മുൻപു നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു വേളയിലും ചില രാഷ്ട്രീയ പാർട്ടികൾ ഉന്നയിക്കുകയുണ്ടായി. ക്രൈസ്തവരിൽ ഒരു വിഭാഗം ആർഎസ്എസ് ഒരുക്കിയ വർഗീയ രാഷ്ട്രീയത്തിന്റെ കെണിയിൽ വീണിരിക്കുന്നു എന്നായിരുന്നു പ്രചാരണം. എന്നാൽ, രണ്ടു തെരഞ്ഞെടുപ്പുകളിലും പരമ്പരാഗത രീതിയിൽ കണ്ടുവരുന്ന തിലധികമായി ക്രൈസ്തവരുടെ കൂടി വോട്ടു നേടി വിജയിച്ചത്, ബിജെപി ആയിരുന്നില്ല മറിച്ച്, സിപിഎം ആയിരുന്നു. ബിജെപിക്കാവട്ടെ നിയമസഭാ തെരഞ്ഞെടുപ്പിൽ, ഉണ്ടായിരുന്ന ഒരു സീറ്റുകൂടി നഷ്ടമാവുകയും ചെയ്തു. സിപിഎം വർഗീയ മുതലെടുപ്പു നടത്തുന്നു എന്ന ശക്തമായ ആരോപണം ഉന്നയിച്ച യുഡിഎഫിനും നേട്ടമുണ്ടാക്കാൻ കഴിഞ്ഞില്ല.

യഥാർഥത്തിൽ രാഷ്ട്രീയ പാർട്ടികൾ ഉന്നയിക്കുന്ന വിധം വർഗീയ വിദ്വേഷം മുസ്ലീങ്ങളും ക്രിസ്ത്യാനികളും തമ്മിലുണ്ടോ? ഇല്ല എന്നതാണ് വാസ്തവം. കേരളത്തിൽ ആർഎസ്എസ് ശക്തമാണ് എന്നതിന്റെ പേരിൽ ക്രിസ്ത്യാനികളും ഹിന്ദുക്കളും തമ്മിൽ യാതൊരു വിദ്വേഷവും ഇല്ലാത്തതുപോലെ, കേരളത്തിൽ പൊളിറ്റിക്കൽ ഇസ്ലാം ശക്തമാണ് എന്നതിന്റെ പേരിൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളും തമ്മിൽ വർഗീയവിദ്വേഷം അശേഷമില്ല. അപ്പോൾ, പിന്നെ എന്താണ് പ്രശ്നം?

## കേരളം ജാഗ്രത പുലർത്തുന്ന വർഗീയ രാഷ്ട്രീയം

ഏകദേശം ഒരു നൂറ്റാണ്ടായി കേരളത്തിൽ ആർഎസ്എസ് പ്രവർത്തിക്കുന്നുണ്ട്. ആർഎസ്എസ് എന്തിനുവേണ്ടി നിലകൊള്ളുന്നു എന്നും അതിന്റെ രാഷ്ട്രീയ വിഭാഗമായ ബിജെപി ഉയർത്തിപ്പിടിക്കുന്ന ഹിന്ദു സ്വത്വ (ഹിന്ദുത്വ) രാഷ്ട്രീയത്തിന്റെ സ്വഭാവമെന്തെന്നും കേരളത്തിലെ ക്രിസ്ത്യാനികൾക്കു മാത്രമല്ല, ഹിന്ദുവിനും മുസ്ലീമിനും പൊതുസമൂഹത്തിനും നന്നായി അറിയാം. ഒരുപക്ഷേ, കേരളത്തിലെ ഹിന്ദുക്കൾക്കു മറ്റുള്ളവരെക്കാൾ നന്നായി അതറിയാവുന്നതുകൊണ്ടുതന്നെയാണ് ബിജെപി ഉയർത്തിപ്പിടിക്കുന്ന തീവ്ര സാംസ്കാരിക ദേശീയതയുടെ സവർണ ഹിന്ദു സ്വത്വരാഷ്ട്രീയത്തെ അവർ പടിക്കു പുറത്തു നിർത്തിയിരിക്കുന്നത്.

ബഹുസ്വരതയുടെയും സഹവർത്തിത്വത്തിന്റെയും മതേതര ജനാധിപത്യത്തിന്റെയും നവോത്ഥാന മൂല്യങ്ങളുമായാണ് കേരളത്തിലെ ഹിന്ദു സമൂഹം പൊതുവേ തങ്ങളുടെ സ്വത്വബോധത്തെ സമന്വയിപ്പിച്ചു സ്വാംശീകരിച്ചിട്ടുള്ളത്. ബിജെപിയുടെയോ ആർഎസ്എസിന്റെയോ വർഗീയ രാഷ്ട്രീയത്തിന് അതിനെ



www.malankaralibrary.com



മറികടക്കുക എളുപ്പമല്ല. ഹൈന്ദവ സമൂഹത്തിനു മാത്രമല്ല, ആർഎസ്എസിന്റെയും ബിജെപിയുടെയും സംഘപരിവാർ രാഷ്ട്രീയത്തെ പ്രത്യേകിച്ച് ആരും തുറന്നു കാട്ടാതെതന്നെ, കേരള സമൂഹത്തിനു നന്നായി അറിയാം. മറ്റെല്ലാ സാധ്യതകളും അടയുന്നതുവരെയെങ്കിലും കേരളത്തിന്റെ ജനാധിപത്യ മനസ് ഒരിക്കലും അതിനെ നെഞ്ചേറ്റുകയില്ല.

എന്നാൽ ഒരു കാര്യം ചൂണ്ടിക്കാട്ടാതെ വയ്യ. മുസ്‌ലീംലീഗിന്റെ സ്വത്വ രാഷ്ട്രീയം മതേതരമാണെങ്കിൽ, ബിജെപിയുടേത് അങ്ങനെയല്ല എന്നു പറയുന്നതിൽ കഴമ്പുണ്ടെന്നു തോന്നുന്നില്ല. മതഗ്രന്ഥങ്ങളുടെ വ്യാഖ്യാനത്തിൽനിന്നു രൂപപ്പെടുത്തിയ ഒരു സമഗ്രാധിപത്യ മതരാഷ്ട്ര സിദ്ധാന്തമല്ലാത്തിടത്തോളം ബിജെപിയുടേത് ഒരു മതരാഷ്ട്ര പ്രത്യയശാസ്ത്രമാണെന്നു പറയാനുമാവില്ല. സവർണ മേധാവിത്വത്തിന്റെയും തീവ്രസാംസ്കാരിക ദേശീയതയുടെയും കോർപൊറേറ്റിസത്തിന്റെയും ഒരു സമ്മിശ്ര രാഷ്ട്രീയം എന്നതിലുപരി അതിനു പ്രസക്തമായ ഒരു പ്രത്യയശാസ്ത്ര അടിത്തറയില്ല എന്നതാണ് വാസ്തവം. അധികം വൈകാതെതന്നെ അതിനുള്ളിലെ വൈരുദ്ധ്യങ്ങളെ അതു സ്വയം പുറത്തു കൊണ്ടുവരുകയും ചെയ്യും.

## കേരളം കണ്ടില്ലെന്നു നടിക്കുന്ന മതരാഷ്ട്രവാദം

എന്നാൽ, കേരള സമൂഹത്തിൽ വലിയൊരളവുവരെ മറഞ്ഞിരിക്കുന്ന അപകടമാണ് തീവ്ര ഇസ്‌ലാമിക രാഷ്ട്രീയം. വേഷപ്രച്ഛന്നതയാണ് അതിന്റെ മുഖമുദ്ര. സമൂഹത്തിൽ മറഞ്ഞിരിക്കുകയും നിർണായക സമയങ്ങളിൽ പല വേഷങ്ങളിൽ വെളിപ്പെടുകയും ചെയ്യുന്ന അതിനെ ഇനിയും നമ്മൾ വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ല.

മതരാഷ്ട്രവാദം തീവ്രദേശീയതയെക്കാളും സാംസ്കാരിക ഫാസിസത്തെക്കാളും കമ്യൂണിസത്തെക്കാളും അപകടകാരിയാണ്. ഇസ്‌ലാമിക മതരാഷ്ട്രവാദം ലോകം കണ്ടിട്ടുള്ള മറ്റേതൊരു ഫാസിസ്റ്റ് പ്രത്യയശാസ്ത്രത്തെക്കാളും പ്രതിലോമകരവുമാണ്. അത് മനുഷ്യന്റെ സ്വാതന്ത്ര്യമോ സ്വയം നിർണയാവകാശമോ അംഗീകരിക്കുന്നില്ല. ജനാധിപത്യം, മതേതരത്വം, ദേശീയത തുടങ്ങി അവരുടെ കണ്ണിൽ ഇസ്‌ലാമികമല്ലാത്തതൊക്കെയും കീഴടക്കപ്പെടേണ്ടതും നശിപ്പിക്കപ്പെടേണ്ടതുമാണത്രെ.

കേരളത്തിലെ മുസ്‌ലീങ്ങളിൽ ഒരു നിശ്ചിത ശതമാനം തീവ്ര ഇസ്‌ലാമിക പ്രത്യയശാസ്ത്രം പിൻപറ്റുന്നവരും അതിനായി പ്രവർത്തിക്കുന്നവരുമാണെങ്കിലും കേരളത്തിന്റെ പൊതുസമൂഹത്തിൽ അവർ ഇസ്‌ലാമിക മതരാഷ്ട്രവാദികളായി കാണപ്പെടുകയോ തിരിച്ചറിയപ്പെടുകയോ ചെയ്യുന്നില്ല. കാരണം പൊതുസമൂഹത്തിനു സ്വീകാര്യമായി തോ


www.malankaralibrary.com

ന്നാവുന്ന മേഖലകളിൽ വേഷപ്രച്ഛന്നരായാണ് അവർ പ്രവർത്തിക്കുന്നത്! പ്രത്യക്ഷത്തിൽ നിരുപദ്രവകാരികളെങ്കിലും ഇസ്‌ലാമിക് ബ്രദർഹുഡ്, താലിബാൻ, ഇസ്‌ലാമിക് സ്റ്റേറ്റ്, അൽ ക്വയ്ദ, ബോക്കോ ഹറാം തുടങ്ങിയ പൂർവസൂരികളുടെ പാതയിലാണ് ഇത്തരം പ്രസ്ഥാനങ്ങളിൽ പലതും സഞ്ചരിക്കുന്നത് എന്നത് പരസ്യമായ രഹസ്യമാണ്.

## മുസ്‌ലീം വിരോധമോ യാഥാർഥ്യ ബോധമോ?

ഇത്തരം ഒരു പശ്ചാത്തലത്തിൽ, കേരളത്തിൽ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമിക തീവ്രവാദത്തെപ്പറ്റിയുള്ള ആശങ്ക പങ്കുവയ്ക്കുന്നത്, മുസ്‌ലീം വിരോധമായി വ്യാഖ്യാനിക്കേണ്ടതുണ്ടോ? അത്തരം ആശങ്കകൾ അസ്ഥാനത്താണ് എന്ന് ഉറപ്പിച്ചു പറയാൻ, ഭരിക്കുന്ന സർക്കാരിനോ കേരളത്തിന്റെ പൊതുസമൂഹത്തിനോ സാധിക്കുമോ? 1940 കളിൽത്തന്നെ സലഫിസം, ജമാഅത്തെ ഇസ്‌ലാമി ഹിന്ദിലൂടെ കേരളത്തിന്റെ വടക്കൻ മേഖലയിൽ അതിന്റെ സാന്നിധ്യം അറിയിച്ചിരുന്നു എന്ന് പ്രഫ. ഹമീദ് ചേന്നമംഗലൂരിന്റെ 'ദൈവത്തിന്റെ രാഷ്ട്രീയം' എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ സലഫി പ്രസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ സമഗ്രമായ ഒരു ചിത്രം അദ്ദേഹം ഈ ഗ്രന്ഥത്തിൽ വരച്ചു കാട്ടുന്നുണ്ട്. ഇതരകൃതികളിലൂടെയും ആനുകാലികങ്ങളിലൂടെയും അദ്ദേഹം പങ്കുവയ്ക്കുന്ന നിരീക്ഷണങ്ങളും കേരളത്തിന്റെ സാമൂഹികജീവിതത്തിലെ മാറ്റങ്ങൾ നിരീക്ഷിക്കുന്നവർക്ക് ദിശാബോധം പകരുന്നവയാണ്.

ക്രൈസ്തവരിൽ വളരെപ്പേർ ഇത്തരം ഗൗരവമായ വായനകളിലേക്കും പഠനങ്ങളിലേക്കും തിരിയാനുള്ള കാരണം, കേരളത്തിലെ ചില സലഫി പണ്ഡിതന്മാരും പ്രസ്ഥാനങ്ങളും അവർ ഒരു ബഹുസ്വര സമൂഹത്തിലാണ് ജീവിക്കുന്നതെന്ന യാഥാർഥ്യം മറന്ന്, ഇന്ത്യൻ ഭരണഘടനയും മതേതര ജനാധിപത്യവും നൽകുന്ന സ്വാതന്ത്ര്യവും സംരക്ഷണവും ഉപയോഗിച്ച്, പ്രത്യക്ഷമായും പ്രച്ഛന്ന വേഷങ്ങളിലൂടെയും ഒരു മതേതര ജനാധിപത്യ സമൂഹത്തിന്റെ അരൂപിക്കു നിരക്കാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുകൊണ്ടാണ്. അതിനെ ആശങ്കയോടെ നോക്കിക്കാണുന്നതും ചിലപ്പോൾ ഉറക്കെ പറയേണ്ടിവരുന്നതും സംഘപരിവാറിന്റെ കെണിയിൽ പെടുന്നതുകൊണ്ടല്ല. അതു സംഘപരിവാറിൽനിന്നു പഠിക്കേണ്ട ആവശ്യവുമില്ല.

## തുറന്നു പറയുന്നത് ജാഗ്രത പാലിക്കാൻ

നമ്മോടൊപ്പം സ്നേഹത്തിലും സഹകരണത്തിലും സൗഹൃദത്തിലും കഴിയുന്ന മുസ്‌ലീം സഹോദരങ്ങളുടെ മതം എന്ന നിലയിൽ, ബഹുമാനത്തോടെ മാത്രമാണ് ക്രൈസ്തവർ ഇസ്‌ലാമിക ജീവിതത്തെ നോക്കിക്കണ്ടിരുന്നത്.

എന്നാൽ അടുത്തകാലത്തായി, സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിലും വിദ്യാഭ്യാസ-ആതുര ശുശ്രൂഷാ സ്ഥാപനങ്ങളിലും സാംസ്കാരിക ഇടങ്ങളിലുമെല്ലാം സലഫി ദാവാ പ്രവർത്തകർ ക്രിസ്തീയ വിശ്വാസങ്ങളെയും ജീവിതാദർശങ്ങളെയും മതാനുഷ്ഠാനങ്ങളെയുമെല്ലാം പരസ്യമായി അവഹേളിക്കുകയും അത്തരം ആക്രമണങ്ങൾ വ്യക്തികൾക്കും സമൂഹങ്ങൾക്കും സമുദായത്തിനും നേരേയുള്ള ആസൂത്രിത നീക്കത്തിന്റെ തലത്തിലേക്ക് എത്തുകയും ചെയ്തപ്പോഴാണ് ഈ വിഷയത്തിൽ പ്രത്യേക ജാഗ്രത ആവശ്യമായി വന്നതും ചില കാര്യങ്ങൾ പറിച്ച്, പറയേണ്ടി വരുന്നതും. അത് സംഘപരിവാർ അജണ്ടയിൽ വീണ ക്രിസ്ത്യാനിയുടെ കരച്ചിലാണെന്നു വ്യാഖ്യാനിക്കുന്നത് തികഞ്ഞ ഉത്തരവാദിത്വമില്ലായ്മയാണ് എന്നു പറയാതിരിക്കാൻ കഴിയില്ല.

ലോകത്താകെയുള്ള ക്രൈസ്തവ സമൂഹത്തിന് 'ഇസ്‌ലാമോഫോബിയ' ബാധിച്ചിരിക്കുകയാണ് എന്ന ചിലരുടെ വായ്ത്താരിയിൽ രാഷ്ട്രീയ പാർട്ടികൾ വീണുപോകരുത്. പൊളിറ്റിക്കൽ ഇസ്‌ലാമിന്റെ പിടിയിൽ ഇനിയും അമർന്നിട്ടില്ലാത്ത കേരളത്തിലെ മുസ്‌ലീംലീഗും മുസ്‌ലീംസമൂഹവും ഈ കാര്യങ്ങൾ വിലയിരുത്തണം. ഗൗരവതരമായ ആ പ്രക്രിയ നിങ്ങൾ നിർവഹിക്കുകതന്നെ വേണം.

സ്കോളർഷിപ്പ് വിഷയത്തിൽ, എൽ.ഡി.എഫ്. സർക്കാർ, കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് സമുചിതമായ പരിഹാരമുണ്ടാക്കുമെന്ന സിപിഎം നേതാക്കളുടെ ഉറപ്പിൽ ഞങ്ങൾക്കു വിശ്വാസമുണ്ട്. മുഖ്യമന്ത്രിതന്നെ ഇക്കാര്യം ഇതിനോടകം വ്യക്തമാക്കിയിട്ടുമുണ്ട്. ന്യൂനപക്ഷ സമൂഹങ്ങൾക്ക് തുല്യനീതി ഉറപ്പുവരുത്തുന്നതിൽ മതനിരപേക്ഷതയിൽ വിശ്വസിക്കുന്ന മുസ്‌ലീം സമുദായം എതിരു നിൽക്കുമെന്നും കരുതുന്നില്ല.

ആർഎസ്എസ്കാരുടെ സ്നേഹത്തിലല്ല ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. കേരളത്തിൽ ജീവിക്കുന്ന ഹിന്ദു, മുസ്‌ലീം, ക്രിസ്ത്യൻ ജനവിഭാഗങ്ങളുടെ പരസ്പരസ്നേഹത്തിലും സൗഹൃദത്തിലും കരുതലിലും ക്രൈസ്തവർക്ക് ഉത്തമ വിശ്വാസവും ബോധ്യവുമുണ്ട്. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടാകാതിരിക്കാൻ ഞങ്ങൾ സദാ ജാഗ്രത പുലർത്തുന്നതുമാണ്. ■


www.malankaralibrary.com

# ഒരു തുള്ളിജീവിതം

**പി.കെ പാറക്കടവിന്റെ 'മിന്നൽക്കഥകൾ' വിശകലനം ചെയ്യുന്നു**

*( മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 മെയ് 30 )*




ഫാ. സുനിൽ ofm cap.
*ഡയറക്ടർ, അസ്സീസി ആർട്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കൊല്ലം*

പാറക്കടവിന്റെ കഥകളെ അടുക്കിവച്ചു പരിശോധിച്ചാൽ ജീവിതം തുള്ളിതുള്ളിയായി വാർന്നുവീഴുന്നതു കാണാം. നാം ജീവിക്കുന്ന കാലത്തിന്റെ നേരുകൾക്ക് ഇളക്കം തട്ടുമ്പോൾ പൊക്കിൾക്കൊടി പൊട്ടിയിട്ടില്ലാത്ത ബിംബങ്ങൾകൊണ്ട് അതിനെ അടയാളപ്പെടുത്താനാണ് പാറക്കടവ് ശ്രമിക്കുന്നത്. പ്രകൃതി അപ്പോൾ ഈ കഥാകാരന് ഒരു കഥപ്പെട്ടിയായി തീരുന്നു. അപസ്വരങ്ങൾ കലമ്പൽ കൂട്ടുന്ന ഒരു പാരിസ്ഥിതിക പരിസരമാണ് പാറക്കടവിന്റെ കഥകളെ ശ്രദ്ധിപ്പിക്കുന്നത്. കുരുന്നിൽത്തന്നെ മുരടിച്ചുപോകുന്ന നിരവധി സാധ്യതകളുണ്ട് ഇന്ന്. ആ സാധ്യതകളുടെ അടിത്തറയിൽ വിള്ളൽ വീഴുന്നതിനെ സസൂക്ഷ്മം എതിർക്കുകയും തിന്മയുമായുള്ള മനുഷ്യരുടെ സമ്പർക്കത്തെ വിച്ഛേദിക്കുകയും ചെയ്യാൻ ഈ കഥകൾ വഴിയൊരുക്കുന്നു. മനുഷ്യരും പ്രകൃതിയും എപ്പോൾ വേണമെങ്കിലും ഭാഗികമായോ പൂർണമായോ നശിപ്പിക്കപ്പെട്ടേക്കാമെന്ന പ്രവചനധ്വനി ഓരോ മൈക്രോ ആഖ്യാനങ്ങളിലും പ്രകടമാണ്. വായിക്കുന്നവരെയൊക്കെയും കഥാപാത്രങ്ങളാക്കി പരിഭാഷപ്പെടുത്തുന്ന ഈ കുറക്കുവിദ്യയെ ജീവിതത്തിന്റെ പിരിച്ചുവായനയാക്കുമ്പോൾ ഒരു ധ്യാനപന്തലിലെന്നവണ്ണം നാം ഭാരം കുറഞ്ഞവരായിത്തീരും. നാം ജീവിക്കുന്ന കാലത്തിൽ പച്ചയായ ക്രൂരതയുടെ അംശം പടർന്നുനിൽപ്പുണ്ടെന്ന് ഓരോ കഥയും ഉച്ചത്തിൽ വിളിച്ചുപറയുന്നു. നമ്മുടെ ജീവിതാവസ്ഥകൾ കൂമ്പടഞ്ഞുപോകുന്നതിന്റെ അന്തിച്ചോപ്പ് കലർന്ന സാമൂഹികാന്തരീക്ഷം ഈ കഥകളുടെ പശ്ചാത്തലത്തിൽ അങ്ങിങ്ങ് തല നീട്ടുന്നതു കാണാം. ജീവിതം എന്ന ഒറ്റത്തുള്ളിയുടെ ലോലമായ അതിർവരമ്പിലൂടെ നമ്മെ കൈപിടിച്ചു നടത്തുന്ന അജ്ഞാതമായ ചില മാജിക്കുകളാൽ ചുറ്റിവരിഞ്ഞെടുക്കുകയാണ് പാറക്കടവ്. സംഗീതഭംഗി കലർന്ന കഥകൾ എന്ന് ഒറ്റവാക്കിൽ പൂരിപ്പിക്കാവുന്ന ഈ കഥകൾ ഒരു മനുഷ്യന്റെ എല്ലാ ഭാവമേഖലകളെയും ഒരേപോലെ സ്പർശിക്കുന്നവയാണ്. കഥയെഴുത്ത് ഭാഷയിലൂടെയുള്ള ഒരു സാഹസിക പര്യടനമാണെന്ന് ഓരോ കഥയ്ക്കുശേഷവും തെളിയിച്ചുകൊണ്ടിരിക്കുന്ന പാറക്കടവിന്റെ ഈ കഥകളും പ്രതിരോധാനന്തര പൊട്ടിത്തെറികളാണെന്നതുകൊണ്ട് ഒരു സൂക്ഷ്മവായന നമ്മിൽനിന്നും ആവശ്യപ്പെടുന്നു.

## യാഥാർത്ഥ്യത്തെ നേർപ്പിക്കുന്ന ഭാവനകൾ

ഇനി കഥയെ ഭാവനമാത്രമാക്കി നാമ്പിട്ടു നിർത്താനാവില്ല. അതു യാഥാർത്ഥ്യമാകാൻ തിടുക്കം കൂട്ടുന്നതിന്റെ വിചിത്രരഹസ്യങ്ങൾ വാക്കുകളുടെ ഓരോ വക്കിലും ദുരൂഹമായി നിലനിൽക്കുന്നതുകാണാം. ഈ നിഗൂഢസൗന്ദര്യമാണ് കഥയുടെ ശരീരം ധരിച്ച കൊച്ചുകിറുക്കുകളായി പാറക്കടവിൽനിന്നും ഒഴുകി പരക്കുന്നത്. കഥയിൽനിന്നും ചുരുളഴിഞ്ഞുവീഴുന്ന ഈ ജൈവപ്രതിഭാസത്തെ ഒരു തുള്ളി ജീവിതം എന്നല്ലാതെ മറ്റെന്തു വിളിക്കാനാവും? മനുഷ്യശരീരം എന്ന ജൈവരൂപത്തിന്റെ നാളം മങ്ങുകയും അണയുകയും ചെയ്യുന്നതിനെച്ചൊല്ലിയുള്ള സന്ദേഹങ്ങളാണ് ഓരോ കഥകളും. ജീവിതം എന്ന ദീപനാളത്തിന്റെ പിടച്ചിലും ആളിപ്പടരലും ഉലഞ്ഞുനിൽപ്പും ഒക്കെ കഥകൾ പുറത്തെടുത്തു കാണിക്കുമ്പോൾ നാം


www.malankaralibrary.com



വിസ്മയത്തോടെ നോക്കി നിൽക്കും. ജീവിതം എന്ന മഹാസമസ്യയുടെ വരണ്ട പുറംതോടിനെ പിളർത്തി അകക്കാമ്പിലുള്ള യാഥാർത്ഥ്യത്തെ പദാർത്ഥരൂപങ്ങളിൽ തൊട്ടുകാണിക്കുന്ന ഈ കഥകൾ ഓരോന്നും വിശദമായ ചില നിരീക്ഷണങ്ങൾക്ക് നിന്നുതരികയാണ്.

എല്ലാറ്റിനും കൃത്രിമജീവൻ നൽകുന്നതിന്റെ രഹസ്യം തിരയുന്ന ഒരു കഥയാണ് 'ഒരു പുഴ നാട് കാണുന്നു' എന്നത്. ഇത് മനുഷ്യൻ എല്ലാറ്റിനെയും ഒരു മാർക്കറ്റ് ഉല്പന്നം മാത്രമായി കാണുന്നതിനെതിരെയുള്ള പ്രതിരോധമാണ്. വൈകാരികമായ ഇഴുക്കത്തോടെയും അതിഭാവുകത്വസ്പർശം കൂടാതെയും തനിക്ക് സ്ഥിരപരിചിതമായ ഒരു കാഴ്ചയെ ഭാവനയിലൂടെ യാഥാർത്ഥ്യമാക്കി തീർക്കാനാണ് പാറക്കടവ് ഈ കഥയിൽ ശ്രമിക്കുന്നത്. ഭയം കൊളുത്തി വലിക്കുന്ന ഒരു പരിസ്ഥിതി/മനുഷ്യകാഴ്ചയെ ഏറ്റവും ചുരുങ്ങിയ വാക്കുകൾ കൊണ്ടാണ് പാറക്കടവ് രേഖീകരിക്കുന്നത്.

*ഒരു പുഴ*
*സൂപ്പർമാർക്കറ്റിൽ വന്ന്*
*നിൽക്കുന്നു;*
*ഒരു കുപ്പി വെള്ളം വാങ്ങാൻ.*
*കടൽ*
*മീൻ ചാപ്പയിൽനിന്ന് തിരയുന്നത്*
*കുട്ടത്തിൽ ജീവനുള്ള മീൻ*
*ഉണ്ടോ എന്നാണ്.*

പ്രകൃതിയുടെ ജീവിതവാസന ഏതാണ്ടസ്തമിച്ചു കഴിഞ്ഞുവെന്നുതന്നെയാണ് കഥ വാദിക്കുന്നത്. പുഴയെ കുടിച്ചു വറ്റിച്ച കുപ്പികളാണ് സൂപ്പർമാർക്കറ്റിലെ റാക്കിലിരിക്കുന്നതെന്നും വെള്ളത്തിൽ വലയിട്ടാലല്ല ഐസു പൊട്ടിച്ചാലാണിപ്പോൾ മീൻ കിട്ടുന്നതെന്നു പറയുന്ന പുതിയ തലമുറയെയും രണ്ടു വാക്യങ്ങളിലുള്ള ഈ കഥ ഏറ്റവും സൂക്ഷ്മമായി അവതരിപ്പിക്കുന്നു. ഇവിടെ ഭാവനയുടെ അടിയിൽ യാഥാർത്ഥ്യത്തിന്റെ ഒട്ടും നേർക്കാത്ത യാഥാർത്ഥ്യത്തിന്റെ ഒരടിയൊഴുക്കുകാണാം.

മരണം എന്ന യാഥാർത്ഥ്യത്തെ ആവിഷ്ക്കരിക്കാത്ത എഴുത്തുകാരുണ്ടാവില്ല. പക്ഷെ മരണം എന്ന പദത്തെ വിനിയോഗിക്കാതെ, അതു നീണ്ടനാവുള്ള ഒരു സ്നേഹമാണെന്ന് ഏറ്റവും കുഞ്ഞു വാക്യങ്ങളിൽ പൂരിപ്പിക്കാൻ പാറക്കടവിനു മാത്രമേ സാധിക്കുകയുള്ളൂ. ഹൃദയം കൊണ്ടുണ്ടാക്കിയ ഒരു സ്നേഹമില്ലിൽ കിടന്ന് മരണപ്പെടുന്നൊരാളെ ചന്തത്തോടും കരുതലോടും കൂടെ യാത്രയാക്കുമ്പോൾ നാം അഭ്യസിച്ച സ്നേഹത്തിന്റെ വ്യാകരണത്തെ പ്രഘോഷിക്കലാണെന്നു സ്ഥാപിക്കുന്ന കഥയാണ് 'അത്ര


www.malankaralibrary.com

മേൽ സ്നേഹിക്കയാൽ.' സ്നേഹം എന്ന വികാരത്തിന്റെ വേലിയേറ്റത്തെ മരണമുഹൂർത്തങ്ങളിലും കെട്ടി നിർത്തി ജീവന്റെ കരുക്കളാക്കി തീർക്കേണ്ടതെങ്ങനെയെന്ന അനുഗൃഹീത വെളിപാടാണ് ഈ കഥയും. സ്നേഹത്തിന്റെ വിനിമയത്തകർച്ച നേരിടുന്ന ഈ പുതിയ കാലത്തിൽ ജീവിതത്തിന്റെ (വെറും) മാദകഭംഗികളെ അരിഞ്ഞിറക്കാൻ ഈ കഥ വിറകൊള്ളിക്കുന്ന ഒരു യാഥാർത്ഥ്യ മുഹൂർത്തം സൃഷ്ടിച്ചെടുക്കുന്നു.

*സുരക്ഷിതമായി ഒരു പെട്ടിയിൽ*
*കിടത്താം.*
*പൂക്കൾകൊണ്ട് മൂടാം*
*ചുമന്നുകൊണ്ടുപോകാം*
*ഒടുവിൽ ജ്വാലയുടെ*
*വസ്ത്രമിടുവിച്ച്*
*ചുറ്റും വെളിച്ചം വിതറാം.*
*സ്നേഹം എന്ന് പറയുന്നത്*
*ഇതൊക്കെയാണ്.*

*(അത്രമേൽ സ്നേഹിക്കയാൽ)*

ഗന്ധ/സ്പർശന ബിംബങ്ങളുടെ ആവർത്തിച്ചുള്ള പ്രയോഗംവഴി മരണത്തെ എന്നതിനേക്കാൾ ജീവിച്ചിരിക്കുന്നവരുടെ സ്നേഹത്തെ തളിർപ്പിച്ചെടുക്കാൻ ഈ കഥയുടെ പശ്ചാത്തലഭംഗി ഒരാളെ നിർബന്ധിച്ചുകൊണ്ടേയിരിക്കും.സ്നേഹം ഉലഞ്ഞുപോകുന്നിടങ്ങളിലെല്ലാം ഇരുട്ട് ഇഴഞ്ഞെത്തുമെന്നും മനുഷ്യത്വം നിർവികാരതയുടെ പുലമ്പൽ മാത്രമാകുമെന്നും താത്വികമായി പറയാൻ പാറക്കടവിന്റെ ഈ കുഞ്ഞുവരികൾക്കാവുന്നു.

## പ്രകൃതി എന്ന വിഷ്വൽ സിസ്റ്റം

പ്രകൃതിയെ എപ്പോഴും കഥ പെയ്യുന്ന സ്ക്രീനായി കാണാനാണ് പാറക്കടവ് ശ്രമിക്കുന്നത്. അങ്ങനെ ഒരു മിഡിൽ പീസ് വണ്ണത്തിലുള്ള സ്ക്രീൻ പ്ലേകളാണ് കഥയുടെ രൂപത്തിൽ പാറക്കടവ് എഴുതി മുഴുമിപ്പിക്കുന്നത്. അപ്പോഴും അവയിൽ സിനിമയിലെന്നവണ്ണമുള്ള സ്റ്റാറ്റിക് ഷോട്ടുകൾ ധാരാളമുണ്ടാകും. പ്രകൃതിയിലെ എല്ലാ വലിയ ഗ്രഹങ്ങളും പാറക്കടവിന്റെ കൈകളിൽ ഉറങ്ങുന്ന കുഞ്ഞുങ്ങളായി രൂപമെടുക്കും. എന്നിട്ട് ആ കുഞ്ഞുങ്ങൾ വലിയ ആശയങ്ങളുടെ പേടകങ്ങൾ തുറന്നുവയ്ക്കും. അനന്തമായി ഒഴുകുന്ന ജീവിതാർത്ഥങ്ങളുടെ സംഗമസ്ഥാനങ്ങൾ നമ്മുടെ ആധിപൂണ്ട തിരിഞ്ഞുനോട്ടങ്ങൾക്കായി ചിതറിയിടും. അത്തരം കുറേ ഇക്കോ–പൊളിറ്റിക്കൽ (eco-political) കഥകളും ഈ ഗണത്തിലുണ്ട്.

*ഇത്തിരി തീ കടം ചോദിക്കാൻ*
*ചെന്നതായിരുന്നു;*
*സൂര്യൻ വാതിലടച്ചു.*
*പുറത്ത് മിന്നാമിനുങ്ങ്.*

*(വാതിലടയുമ്പോൾ)*

*പുൽക്കൊടിയിലെ*
*മഞ്ഞുതുള്ളിയിൽ*
*ഒരു സൂര്യൻ;*
*ഉദിക്കുകയും അസ്തമിക്കുകയും*
*ചെയ്യാതെ.* *(സൂര്യൻ)*

പാരിസ്ഥിതിക സത്യപ്രചാരണത്തിന്റെ സമകാലിക വാർത്തകൾ ഇത്തരം അപകടങ്ങൾകൊണ്ട് നിറഞ്ഞതാണ്. പ്രകൃതി ഒരു സത്യാന്വേഷക സംഘമാണ്. പക്ഷെ അവയ്ക്കെതിരെയുള്ള ആയുധസേനയാണ് പുതിയ മനുഷ്യൻ. ധനത്താലും ബുദ്ധിയാലും പ്രബലനായി തീർന്ന മനുഷ്യൻ ഇരുട്ടുകുത്തിയ ഒരു ബിംബമാണ്. അവിടെ ഉദിച്ച് വെളിച്ചം വിതറാനോ അസ്തമിച്ച് ചന്ദ്രപ്രഭ ചൊരിയാനോ ഒന്നും സൂര്യൻപോലും ഒരുക്കമല്ല. 'മുള്ളും പൂവും' എന്ന കഥയിൽ മുള്ളിന്റെ ഉള്ളാണ് അതിന്റെ കൂർപ്പെന്നും പൂവുകൾ വീണാണ് ചോരയൊലിക്കുന്നതെന്നും എഴുതുമ്പോൾ തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്ന ഒരു ഇക്കോ സിസ്റ്റത്തെയാണ് പാറക്കടവ് തൊട്ടുകാണിക്കുന്നത്.

## അനുബന്ധം

*ബാഷോവിന്റെ കുടിൽ കത്തി*
*എല്ലാം നശിച്ചു; വാക്കുകളൊഴിച്ച്.*
*നശിക്കാത്ത*
*വാക്കുകളെടുത്താണ്*
*ഞാനെഴുതുന്നത്.*
*ഇപ്പോൾ ഞാൻ*
*കത്തിക്കൊണ്ടിരിക്കുന്നു.*

*(ഞാനെഴുതുമ്പോൾ)*

എഴുത്തുകാരൻ ആളിക്കത്താൻ വിധിക്കപ്പെട്ടവനാണ്. ഏറെ ഒതുക്കമുള്ള വറ്റിയ ഒരു ജലധാരയായി അപ്പോൾ എഴുത്തുകാരൻ മാറാൻ നിർബന്ധിതനാകും. അതിനെയും ഖണ്ഡിച്ചാലേ ചെറിയ മീറ്ററുകൾകൊണ്ട് അർത്ഥങ്ങളുടെ വലിയ ആകാശം തീർക്കാനാകുകയുള്ളൂവെന്നാണ് ആത്മകഥാംശമുള്ള ഈ കഥയും സൂചിപ്പിക്കുന്നത്. കഥാകാരന്റെ കണ്ണെത്തുന്ന ഇടങ്ങളൊക്കെയും മനുഷ്യരാൽ മലിനമാക്കപ്പെട്ടതായതിനാൽ അയാൾ അഗ്നിബലിയാൽ ശുദ്ധീകരിക്കാൻ നിർബന്ധിതനാകുന്നു. ആന്തരസംഭാഷണത്തിന്റെ ശ്രുതിഭേദങ്ങൾക്കൊപ്പം നീങ്ങുന്ന ഈ കഥയുടെ തുടർച്ചയായിവേണം 'സമാധാന ചർച്ച', 'ജീവിതം വാതിലടയ്ക്കുന്നു,' 'ജ്ഞാനത്തിന്റെ ചിറകുകൾ,' 'ഉന്മാദത്തിന്റെ പൂവിതളുകൾ' എന്നീ കഥകളെയും വായിക്കാൻ. ജീവിതം എന്ന ഉപയോഗശൂന്യതയെക്കുറിച്ചുള്ള വെളിപ്പെടുത്തലിൽ നിന്നുണ്ടാവുന്ന കൊടും നൈരാശ്യങ്ങളെയാണ് പാറക്കടവ് കുഞ്ഞുവാക്യങ്ങളിൽ, കൗതുകരൂപത്തിൽ അടക്കം ചെയ്ത്, പാനം ചെയ്യാൻ നമ്മെ ഏൽപ്പിക്കുന്നത്. പക്ഷെ അവയിൽനിന്നൊക്കെ ഇറ്റിറങ്ങി വരുന്നത് തുള്ളിതുള്ളിയായിട്ടുള്ള നമ്മുടെ ജീവിതങ്ങൾതന്നെയാണ്. ■



www.malankaralibrary.com

# ആർക്കറിയാം

**പ്രശസ്ത ഛായാഗ്രാഹകൻ സനു ജോൺ വർഗീസ് സംവിധാനം ചെയ്ത ആദ്യചിത്രം 'ആർക്കറിയാം' വിശകലനം ചെയ്യുന്നു. ബിജു മേനോൻ, പാർവതി തിരുവോത്ത്, ഷറഫുദ്ദീൻ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.**



റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

സമീപകാലത്ത് മലയാളസിനിമ കൂടുതലായി ശ്രദ്ധിച്ചിരുന്നത് 'മർഡർ മിസ്റ്ററി' കഥകളിൽ അഭിരമിച്ച്, മാറി മാറിവരുന്ന ട്വിസ്റ്റുകളിലൂടെ കാണികളെ എങ്ങനെ ഉദ്വേഗഭരിതരാക്കാം, തിയേറ്ററിൽ എങ്ങനെ കൈയടി നേടാം എന്നതായിരുന്നു. 'ആർക്കറിയാം' എന്ന സിനിമയിലും ഒരു 'മർഡർ മിസ്റ്ററി' ഉണ്ട്; പക്ഷെ അതിന്റെ പുറകെയല്ല ഈ സിനിമ പോകുന്നത്. മനുഷ്യജീവിതത്തിന്റെ ആർക്കും പിടികിട്ടാത്ത രഹസ്യമാകാം ഈ സിനിമ അന്വേഷിക്കുന്നത്. പ്രത്യക്ഷത്തിൽ വലിയ നാടകീയസംഭവങ്ങളൊന്നുമില്ലാതെ, പതിവ് 'ബഹളങ്ങൾ' കുത്തിനിറക്കാത്ത ഒരു ചിത്രമാണിത്. 'ആർക്കറിയാം' ചിത്രത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ആഴത്തിലേക്കു കടന്നുചിന്തിക്കേണ്ടതും വിശകലനമാക്കേണ്ടതുമാണ്.

പ്രത്യക്ഷത്തിൽ ശാന്തനൗകകളായി ഒഴുകുന്ന മനുഷ്യജീവിതത്തിന്റെയും ചെയ്തികളുടെയും പിന്നാമ്പുറ രഹസ്യങ്ങൾ ആർക്കാണ് അറിയാൻ കഴിയുക? ഒരു മനുഷ്യനെ പൂർണമായി അറിയാൻ കഴിയും എന്നാർക്കെങ്കിലും അവകാശപ്പെടാൻ കഴിയുമോ? മനുഷ്യർ കൂട്ടിക്കിഴിച്ചുണ്ടാക്കുന്ന കണക്കുകളെ മാറ്റിമറിച്ച് ദൈവം വരയ്ക്കുന്ന വരകളിലൂടെ നടന്നെത്തി ഒടുവിൽ തിരിഞ്ഞുനോക്കുമ്പോൾ ഈ ചിത്രത്തിലെ മുഖ്യകഥാപാത്രം ഇട്ടിയവിര മാഷിനെപ്പോലെ നമ്മളും ഒരു നിശ്വാസത്തോടെ പറഞ്ഞുപോകും: ആർക്കറിയാം!

കോവിഡ് മഹാമാരി ലോകത്തെ മുഴുവൻ ഗ്രസിച്ച് എല്ലായിടങ്ങളും പൂട്ടിയടക്കപ്പെട്ടപ്പോൾ, കാലവും സമയവും നിശ്ചലമായി നിന്നുപോയ ദിനങ്ങളിലാണ് ചിത്രത്തിന്റെ കഥ നടക്കുന്നത്. അതിനാൽ കോവിഡ് പശ്ചാത്തലം ഈ ചിത്രം ഉയർത്തുന്ന അനിശ്ചിതത്വത്തിന്റെ ആഴവും തീവ്രതയും വർധിപ്പിക്കുന്നു.

മികച്ച ഛായാഗ്രഹകനായ സനു ജോൺ തന്റെ ആദ്യചിത്രത്തിനു തിരഞ്ഞെടുത്ത ലാളിത്യത്തിന്റെയും കൈയൊതുക്കത്തിന്റെയും ശൈലി കണ്ടാൽ കൗതുകം തോന്നും. മെഗാഹിറ്റ് കൊമേർഷ്യൽ ചിത്രങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള സനു ജോൺ ഈ ചിത്രം തിയേറ്ററിൽ ഓടുമെന്നുറപ്പാക്കാൻവേണ്ടിയുള്ള തത്രപ്പാടുകളൊന്നും കാണിക്കുന്നില്ല. സിനിമയുടെ തുടക്കത്തിൽ അദ്ദേഹം ചിത്രം സമർപ്പിക്കുന്നത് അളവുകോലുകൾകൊണ്ടുജീവിതം അളക്കാതിരിക്കാൻ പഠിപ്പിച്ച പ്രിയപ്പെട്ടവർക്ക് വേണ്ടിയാണ്. വാക്കുകളുടെ ഈ തിരഞ്ഞെടുപ്പിൽതന്നെയുണ്ട് 'ആർക്കറിയാം' എന്ന ചിത്രത്തിലൂടെ സനു ജോൺ ജീവിതത്തോടു പുലർത്തുന്ന നിലപാട്.

റോയ്(ഷറഫുദ്ദീൻ), ഷേർലി (പാർവതി) എന്നിവരുടെ മുംബൈജീവിതത്തിലെ തിരക്കേറിയ ഒരു ദിവസത്തിന്റെ അവസാനത്തിലാണ് കഥ തുടങ്ങുന്നത്. മുംബൈ തുറമുഖത്തുനിന്ന് അയാളുടെ കമ്പനിയുടെ ഒരു ചരക്കുനീങ്ങാൻ വലിയ കൈക്കൂലി കൊടുത്താലേ നടക്കൂ, എങ്ങനെ അത് കൈകാര്യം ചെയ്യും എന്നറിയാതെ കമ്പ്യൂട്ടറിന്റെ മുന്നിൽ പകച്ചിരിക്കുകയാണ് റോയ്. അപ്പുറത്തു ശാന്തമായി ഉറങ്ങുന്ന ഭാര്യ ഷേർളിയെ നോക്കി അയാളുടെ ആത്മഗതം: അവളെപ്പോലെ എല്ലാം ശരിയാവും എന്ന് വിശ്വസിച്ച് എല്ലാം വിട്ടുകൊടുക്കാൻ തനിക്കും കഴിഞ്ഞെങ്കിൽ!

ഷേർളിക്കാകട്ടെ എല്ലാം ശരിയാവും എന്ന കാഴ്ചപ്പാട് കിട്ടിയിരിക്കുന്നത് അവളുടെ ചാച്ചൻ ഇട്ടിയവിര മാഷ് (ബിജു മേനോൻ) വഴിയാ



www.malankaralibrary.com

ണ്. അദ്ദേഹം മുകളിലേക്കുനോക്കി എപ്പോഴും പറയുന്നത് 'അങ്ങേർക്ക് അറിയാം, അങ്ങേർക്ക് ഒരു പ്ലാൻ ഉണ്ട്' എന്നാണ്. ഏതായാലും റോയിയെ ഈ പ്രതിസന്ധിഘട്ടത്തിൽ വലിയൊരു തുക ജാമ്യം നൽകി ചരക്കുനീക്കത്തിന് സഹായിക്കാൻ ദൈവം തൊട്ടടുത്ത ഫ്ളാറ്റിൽ താമസിക്കുന്ന കൂട്ടുകാരന്റെ (സൈജു കുറുപ്പ്) രൂപത്തിൽ എത്തുന്നു.

ചാച്ചന്റെ നിർബന്ധപ്രകാരം ഷേർളിയും റോയിയും കുറച്ചുനാൾ അവധിയെടുത്ത് നാട്ടിൽ ചാച്ചന്റെ കൂടെ ചെലവഴിക്കാൻ തീരുമാനിക്കുമ്പോഴാണ് കോവിഡ് മഹാമാരിയുടെ വരവ്. തുടർന്നുള്ള കർഫ്യൂ, ലോക്ക് ഡൗൺ എല്ലാം അവരുടെ പദ്ധതികൾ തെറ്റിക്കുന്നു. നാട്ടിൽ അവർ എത്തുന്നതോടൊപ്പം തമിഴ് നാട്ടിൽ ബോർഡിങ്ങിൽ താമസിച്ചു പഠിക്കുന്ന ഷേർളിയുടെ മകളെ അവധിക്കുകൊണ്ടുവരാനുള്ള അവരുടെ പദ്ധതികളും താറുമാറായി.

ഫ്ളൈറ്റിൽ പോകേണ്ടതിനുപകരം നീണ്ട ദൂരം കാറോടിച്ചു കഷ്ടപ്പെട്ട് നാട്ടിലെത്തി, പിന്നെ അവിടെ ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയിൽപ്പെട്ട് പോകുകയാണ് അവർ. ഒന്നും സംഭവിക്കുന്നില്ല എന്ന് പുറമേ തോന്നുമെങ്കിലും, ഈ അനിശ്ചിതത്വത്തിന്റെ കാലം, ഈ മൂന്ന് കഥാപാത്രങ്ങളുടെയും ഉള്ളിലേക്കിറങ്ങി അറിയാൻ പ്രേക്ഷകർക്കു ലഭിക്കുന്ന അവസരമാണ്. പ്രണയിച്ച് വിവാഹം ചെയ്ത ഷേർളിയുടെ ആദ്യ ഭർത്താവ് ദുർനടപ്പുകളുമായി നാടുവിട്ടുപോകുകയും ദുർമരണം സംഭവിക്കുകയും ചെയ്തതോടെയാണ് റോയിയുമായി രണ്ടാം വിവാഹത്തിന് അവൾ തയ്യാറായത്. ലോക്ക് ഡൗൺ സമയത്തു ഒന്നുംചെയ്യാനില്ലാതെ ഇരിക്കുമ്പോൾ ഷേർളിയുടെ ആദ്യഭർത്താവിന് യഥാർത്ഥത്തിൽ സംഭവിച്ചതെന്തെന്നറിയാൻ റോയിക്ക് ജിജ്ഞാസ ഉണ്ടാകുന്നുണ്ട്.

ഒറ്റപ്പെട്ടുകിടക്കുന്ന ഒരുൾനാടൻ ഗ്രാമത്തിൽ മൂന്നു കഥാപാത്രങ്ങൾക്കുമിടയിൽ ഒന്നും സംഭവിക്കുന്നില്ല എന്ന് അവർക്കും പ്രേക്ഷകർക്കും തോന്നുംവിധമാണ് ചിത്രത്തിന്റെ എഡിറ്റിംഗ് നിർവഹിച്ചിരിക്കുന്നത്. ഇനി മുന്നോട്ട് എന്തെന്ന സസ്പെൻസ് ഉയർന്നുവരുന്ന മുഹൂർത്തങ്ങളിലും അക്കൗസ്റ്റിക് ഗിറ്റാർ മുഖ്യമായും ഉപയോഗിച്ച് 'സുഖത്തിലും ദുഃഖത്തിലും ഒരുപോലെ' എന്ന നിലപാടാണ് ചിത്രത്തിലെ സംഗീതം ആവിഷ്ക്കരിച്ചിരിക്കുന്നത്. അത് സംവിധായകൻ സനു ജോൺ എടുക്കുന്ന നിലപാടുകൂടിയാണ്.

റോയിക്കും ഷേർളിക്കും ജോലിസ്ഥലത്തേക്ക് എന്ന് തിരിച്ചുപോകാനാകും എന്നറിയില്ല, മകളെ ബോർഡിങ്ങിൽനിന്ന് വിട്ടുകിട്ടാൻ കോവിഡുകാലം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വേറെ. എല്ലാംചേർന്ന് *ഗോദോയെ കാത്ത്* എന്ന അസംബന്ധനാടകത്തിലേതുപോലെ ഒരർത്ഥവുമില്ലാത്ത കാത്തിരിപ്പാണ്. ഇതിനിടയിൽ മുംബൈയിൽ കോവിഡ് വ്യാപനം കൊണ്ട് റോയിയുടെ ചരക്കുനീക്കം നടക്കാത്തതിനാൽ ജാമ്യംനിന്ന കൂട്ടുകാരൻ പണത്തിനുവേണ്ടി നിരന്തരശല്യം ചെയ്യലായി. പണത്തിന്റെ കാര്യം വന്നപ്പോൾ ബന്ധുക്കളൊക്കെ കൈയൊഴിഞ്ഞു.

ഒടുവിൽ ചാച്ചൻതന്നെ പണംകൊണ്ടുവരാൻ ഒരു വഴി കണ്ടെത്തി. നാളുകളായി അദ്ദേഹം പൊന്നുപോലെ സൂക്ഷിക്കുന്ന വീടും പുരയിടവും വിറ്റിട്ട് വേറൊരു ചെറിയ





www.malankaralibrary.com

വീട്ടിലേക്കോ ഫ്ളാറ്റിലേക്കോ മാറുക. ആദ്യം നിഷേധിച്ചെങ്കിലും മറ്റൊരു വഴിയില്ലാത്തതുകൊണ്ട് ഒടുവിൽ റോയിയും ഷേർളിയും ചാച്ചന്റെ ഓഫർ സ്വീകരിക്കുന്നു. സ്ഥലം വാങ്ങാൻ ആര് വരും എന്ന ആശങ്കയോടെയുള്ള കാത്തിരിപ്പാണ് പിന്നീട്. മുംബൈയിൽനിന്ന് കൂട്ടുകാരന്റെ ഫോൺവിളിയിലെ സൗഹൃദം മാറി ശകാരവർഷമായി; അയാൾക്കു പണം ഉടനെ കിട്ടിയില്ലെങ്കിൽ അയാളും അപകടത്തിലാണ്. അപ്പോഴും ചാച്ചൻ അദ്ദേഹത്തിന്റെ പല്ലവി തന്നെ: 'മുകളിലൊരാളുണ്ട്; അങ്ങേർക്കറിയാം, അങ്ങേരു നടത്തും.'

ദൈവവിശ്വാസിയും അധ്യാപകനുമെന്നനിലയിൽ നിരവധിപേർക്ക് വഴികാട്ടിയായിരുന്ന ചാച്ചനും മറ്റാരേയും അറിയിക്കാതെ ഉള്ളിൽ ചുമക്കുന്ന ഏതോ പേടികളുണ്ട്. അക്കാര്യം ഷേർളിപോലും അറിയാതെ റോയിയോടാണ് അദ്ദേഹം തുറന്നുപറയുന്നത്. വീടിനുള്ളിൽ ആരുമറിയാതെ മറവ് ചെയ്തിരിക്കുന്ന ഒരു മൃതദേഹത്തിന്റെ അസ്ഥികൂടം മാന്തിയെടുത്ത് വീടും പുരയിടവും വിൽക്കുംമുമ്പ് ആരുടെയും ദൃഷ്ടിയിൽപെടാതെ കത്തിച്ചുകളയണം; ഇക്കാര്യത്തിന് റോയിയുടെ സഹായം വേണമെന്നാണ് നിസ്സാരമായൊരു കാര്യം പറയും പോലെ റോയിയുടെ ചെവിയിൽ ചാച്ചൻ പറയുന്നത്. ചാച്ചന്റെ ആ ഏറ്റുപറച്ചിൽ കുറെ ദിവസത്തേക്ക് റോയിയുടെ ഉറക്കം കെടുത്തി.

മുംബൈയിൽ കൂട്ടുകാരന് കൊടുക്കാനുള്ള കടം വീട്ടണമെങ്കിൽ വലിയൊരു തുക വേണം; മറ്റെല്ലാ വഴികളും അടഞ്ഞതുകൊണ്ട് വീടും പുരയിടവും വിൽപ്പന നടത്തി ലഭിക്കുന്ന തുക കൈയോടെ മുംബൈയിലെത്തിക്കുക മാത്രമാണ് ഇപ്പോൾ ഏകമാർഗം. പക്ഷെ തന്റെ കാര്യം നടക്കാൻവേണ്ടി താനൊരു അധാർമികപ്രവൃത്തിക്ക് കൂട്ടുനിൽക്കണോ എന്ന മാനസികസംഘർഷം റോയിയെ ഉലയ്ക്കുന്നു. ഷേർളിപോലും അറിയാതെ ചാച്ചനും റോയിയുംകൂടി വളരെ രഹസ്യമായി ഇക്കാര്യം ചെയ്തൊപ്പിക്കണം. ഈ പ്രതിസന്ധിഘട്ടംമുതൽ കഥയ്ക്ക് പിരിമുറുക്കമേറുന്നു. ചാച്ചൻ ആരെയാണ് കൊലചെയ്തത്, എന്തിനുവേണ്ടി ചെയ്തു തുടങ്ങിയ ചോദ്യങ്ങൾക്ക് റോയിക്ക് ഉത്തരം കിട്ടേണ്ടതുണ്ട്.

ഉറക്കം നഷ്ടപ്പെട്ട രാത്രികൾക്കൊടുവിൽ ആ കൈയബദ്ധം എങ്ങനെ സംഭവിച്ചു എന്ന് ചാച്ചനിൽനിന്നു തന്നെ റോയ് മനസ്സിലാക്കുന്നു. പ്രസവത്തിനായി ഷേർളിയെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത് വീട്ടിൽ തിരിച്ചുവന്നു കയറിയപ്പോഴാണ് ഷേർളിയുടെ കാണാതായി എന്ന് വിശ്വസിച്ചിരുന്ന ആദ്യഭർത്താവ് അവിടെ എത്തിയിരിക്കുന്നത് കാണുന്നത്. അയാൾ ചാച്ചനെ അധിക്ഷേപിക്കാൻ ശ്രമിക്കുന്നതിനിടയിലുണ്ടായ കശപിശകൾക്കിടയിലുണ്ടായ ഉന്തിലും തള്ളിലും അബദ്ധത്തിൽ അയാളുടെ ജീവനറ്റുപോകുന്നു; ചാച്ചൻ അയാളെ അടുക്കളയുടെ അടുത്തുതന്നെ ആഴത്തിൽ കുഴിയെടുത്തു മറവുചെയ്യുന്നു.

ഈ സിനിമ വളരെ ഹൃദ്യമായി അനുഭവപ്പെട്ടു എന്ന അഭിപ്രായങ്ങളും അതോടൊപ്പം ചിത്രത്തിന്റെ ക്ലൈമാക്സ് വേണ്ടവിധം പൊലിപ്പിക്കാത്തതുകൊണ്ട് കൈവിട്ടുപോയി എന്നുതുടങ്ങിയ നിരൂപണങ്ങളും പുറത്തുവരികയുണ്ടായി. 'ആർക്കറിയാം' എന്ന ചിത്രം 'ദൃശ്യം2' പോലെയുള്ള മറ്റു ആക്ഷൻ ത്രില്ലെർ സിനിമകളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് കുറ്റകൃത്യത്തിന്റെ ചുരുളഴിക്കാനോ വിധി പ്രസ്താവിക്കാനോ ശ്രമിക്കുന്നില്ല എന്ന വസ്തുതയാണ്. കുറ്റം ചെയ്ത ആരേയും ചിത്രം ന്യായീകരിക്കുകയോ കുറ്റകൃത്യം ഉദാത്തവൽക്കരിക്കുകയോ ചെയ്യുന്നില്ല.


താൻ വലിയ വിശ്വാസിയല്ല, ചാച്ചനും മകൾ ഷേർളിയും പ്രകടിപ്പിക്കുന്ന 'എല്ലാം നേരെയാവും' എന്ന വിശ്വാസത്തിന്റെ ഉറപ്പുകൊണ്ട് ജീവിക്കുന്ന ആളല്ല താൻ എന്ന് റോയി തുടക്കത്തിലേ വ്യക്തമാക്കുന്നുണ്ട്. അയാൾ കാര്യകാരണബന്ധങ്ങളുടെ പുറകേപോകുന്ന ആളാണ്. നാട്ടുകാർ വിശ്വസിച്ചിരുന്നതുപോലെ ഷേർളിയുടെ ആദ്യഭർത്താവ് അപകടത്തിൽ കൊല്ലപ്പെട്ടതാണോ അല്ലയോ എന്ന അന്വേഷണം, ചിത്രത്തിന്റെ മധ്യത്തിൽ റോയ് നടത്തുന്നുണ്ട്. ചാച്ചൻ തന്നോടുപറഞ്ഞ രഹസ്യങ്ങളുടെ സത്യാവസ്ഥ കണ്ടെത്താൻ വേണ്ടി റോയ് ഏറെസമയം ചെലവഴിക്കുന്നു. പക്ഷെ മെല്ലെമെല്ലെ റോയിക്കു ബോധ്യമാവുന്ന സത്യം ഒരു മനുഷ്യന്റെ ചെയ്തികളെ, അയാളുടെ ഉദ്ദേശശുദ്ധികളെ മറ്റുമനുഷ്യർക്കു മനസ്സിലാക്കാൻ കഴിയുന്നതിനൊരു പരിധിയുണ്ട്; ദൈവത്തിനു മാത്രമേ ആരെയും പൂർണമായി അറിയാൻ കഴിയൂ. ദൈവത്തിന്റെ അളവുകോലുകൾ, അവിടുത്തെ വിധികൾ പൂർണമായി ആർക്കാണറിയാൻ കഴിയുക?

ആരെയും അവരുടെ ചെയ്തികളുടെ പേരിൽ കുറ്റവും ശിക്ഷയും വിധിക്കാൻ നമുക്കാവില്ല. ക്ഷമിക്കുന്ന ദൈവത്തിന്റെ മക്കളാണ് എല്ലാവരും എന്ന ക്രൈസ്തവദർശനത്തിലാണ് ചിത്രത്തിന്റെ പര്യവസാനം. കമേഴ്സ്യൽ സിനിമാവൃത്തങ്ങളിൽ അത്രയധികം ഇഷ്ടമോ സ്വീകാര്യതയോ ലഭിക്കാനിടയില്ലാത്ത ഈ ഒരു നിലപാടെടുത്ത് സൗന്ദര്യശാസ്ത്രത്തെ ദൈവത്തിന്റെ നീതിശാസ്ത്രവുമായി കോർത്തിണക്കിക്കൊണ്ടാണ് സനു ജോൺ വർഗീസ് 'ആർക്കറിയാം' പ്രേക്ഷകർക്ക് സമർപ്പിക്കുന്നത്. ■



www.malankaralibrary.com

# അക്ഷരരവം

ജെ.സി. ബുക്ക്മാൻ




സാമൂഹ്യ-സാഹിത്യ-സാംസ്കാരിക-ആധ്യാത്മികമേഖലകളിലെ പുത്തൻ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന വേദിയാണ് വായനാപംക്തി.




## ഒരു കവിളരുവി

**സജി കപ്പുച്ചിൻ**

ഒഴുക്കുപോലെ അനർഗളവും ബൃഹത്തുമായ 27 ചിന്തകളുടെ നീരൊഴുക്കാണ് ഒരു കവിളരുവി. മനുഷ്യനും ജന്തുജീവജാലങ്ങൾക്കും ദാഹമുണ്ട്. എന്നാൽ അരുവികൾക്ക് ദാഹമുണ്ടോ? അരുവിയുടെ ദാഹമകറ്റാനുള്ള ദാഹത്തിന്റെ നല്ല എഴുത്താണ് കപ്പുച്ചിൻ സന്ന്യാസവൈദികനായ സജിയച്ചന്റെ ഈ പ്രൗഢഗ്രന്ഥം. ദാഹങ്ങളുടെ കൂടിക്കാഴ്ചയെ ഗ്രന്ഥകാരൻ സ്നേഹം എന്ന് വിളിക്കുമ്പോൾ കൂടിക്കാഴ്ചകൾകൊണ്ട് മുഖരിതമായ മനുഷ്യന് സ്നേഹിക്കാതിരിക്കാനാവുമോ? ഇദൃശചിന്തകളുടെ ഒരക്ഷരഹാരമാണ് ഈ ലഘുഗ്രന്ഥം. സ്നേഹംതന്നെയായ യേശുവിന്റെ കരുണാർദ്രമുഖമാണ് ഒരോ താളുകളിലും നിറഞ്ഞുനില്ക്കുന്നത്.

പ്രഭാഷകനും രചയിതാവുമായ ധ്യാനഗുരു അവതാരികയിൽ സൂചിപ്പിക്കുന്നതുപോലെ അലസ നിമിഷങ്ങളെയല്ല, സദാ ജാഗ്രതയാവശ്യപ്പെടുന്ന മൂർച്ചയുള്ള ഒരു വായനയെയാണ് ഈ കവിളരുവി അഭിസംബോധന ചെയ്യുന്നത്. ഗ്രന്ഥശീർഷകമായി ഉപയോഗിച്ചിരിക്കുന്ന വാക്കിൽതന്നെ വായനക്കായുള്ള ഒരു ജാലകം തുറന്നിട്ടിരിക്കുകയാണ്. ജാലകം കടന്നെത്തുമ്പോൾ കണ്ണിൽ തറയ്ക്കപ്പെടുന്ന ചിത്രഭാഷ്യം വായനക്കാരനെ വായനയുടെ അനന്തമായ ഹരിതവീഥി നടന്നുതീർക്കാൻ പ്രേരിപ്പിക്കുന്നു.

*പേജ് 134, വില – ₹ 150/– , തിയോ ബുക്സ് , കൊച്ചി,*
*കോപ്പികൾക്ക്: 8113099444, 9020556881*

## ധർമ്മരവം

**ഫാ. ജോയി ചെഞ്ചേരിൽ MCBS**

വൈവിധ്യമേറിയ വിഷയങ്ങളുടെ അക്ഷരനിറക്കൂട്ടാണ് ധർമരവം. സാമൂഹികപ്രതിബദ്ധതയുടെ മുനമ്പിൽ നിന്ന് വീക്ഷിക്കുമ്പോൾ കണ്ടെത്തുന്ന അരുതുകളും അരുതായ്മകളും ധർമത്തിന്റെ വീക്ഷണകോണിലൂടെ കണ്ടെത്തുമ്പോൾ ഉണരുന്ന അത്മാവിന്റെ പ്രതിപ്രകരണജ്വാലയാണ് ഈ പുസ്തകത്തിന്റെ തെളിച്ചം. പ്രവാചകശബ്ദത്തോടെ അവയ്ക്കു അക്ഷരഭാഷ്യം നല്കിയപ്പോൾ അത് ധാർമികശബ്ദമായി മാറ്റൊലികൊണ്ടു. അവ കാരുണികൻ മാസികയുടെ മുഖക്കുറികളായി അനേകായിരങ്ങളിലേക്ക് ഇറങ്ങി ചെന്നപ്പോൾ ചർച്ചകളുടെ സംവാദമേശകളൊരുക്കാൻ പലപ്പോഴും പ്രേരകമായിത്തീർന്നിട്ടുണ്ട്.

സമൂഹമനഃസാക്ഷിയുടെ ശബ്ദമാകാൻ ഈ കുറുമൊഴികൾക്ക് സാധ്യമായതുകൊണ്ടാണ് അടരടരുകളായി കിടന്നിരുന്ന അവയെല്ലാം പെറുക്കിയെടുത്ത് ഒരക്ഷരപേടകത്തിൽ സന്നിവേശിപ്പിച്ചപ്പോൾ 'ധർമരവം' എന്ന മാറ്റൊലിയുയർന്നു.

സാമൂഹികപ്രശ്നങ്ങളെ ധാർമികതയോടെയും ആത്മീയതയോടെയും വീക്ഷിച്ചുകൊണ്ട് അവയ്ക്ക് മനഃസാക്ഷിയുടെ സ്വരം പകർന്ന് വിശകലനം ചെയ്തിരിക്കുന്ന ഓരോരോ ചിന്തകൾക്കും ചന്ദനമണവും സുഗന്ധപശിമയുമുണ്ട്.

*പേജ് 138, വില – ₹ 100/–, എമ്മാവൂസ് പബ്ലിക്കേഷൻസ്,*
*കോപ്പികൾക്ക്: 8281773551, 0484 – 2664733*



www.malankaralibrary.com

## ദൈവത്തിന്റെ കാറ്റ്
### റവ. ഡോ. വിൻസെന്റ് വാരിയത്ത്




ചുഴലികാറ്റുകളുടെ കുടെക്കൂടെയുള്ള സംഹാരതാണ്ഡവത്തിൽ കാറ്റ് എന്നുകേൾക്കുന്നത് ഒരു ഭീകരമുഖം മുന്നിൽ തെളിയുന്ന ഒരു കാലഘട്ടത്തിൽ ഈ ഗ്രന്ഥശീർഷകം 'ദൈവത്തിന്റെ കാറ്റ്' ഒരു അനുഭൂതി പരത്തുന്നു. ഇതൊരു കൊടുങ്കാറ്റാണോ മന്ദമാരുതനാണോ എന്ന് അടുത്തറിയാൻ ഏതൊരു വായനക്കാരനും തീക്ഷ്ണതയുണ്ടാകും. ഗ്രന്ഥകാരന്റെ നാമംകൂടെ ദൃഷ്ടിയിൽപ്പെടുമ്പോൾ ഈ തീക്ഷ്ണതയ്ക്ക് ഒരു കാറ്റിന്റെ വേഗതയുണ്ടാകും. ചെറുചിന്തകളിലൂടെ, വലിയ ആശയങ്ങൾകൊണ്ട് തഴുകിതലോടുന്ന, ഉള്ളറകളെ നിർമലമാക്കുന്ന ഒരു രചയിതാവാണ് വാരിയത്തച്ചൻ.

കേരള കത്തോലിക്കാമെത്രാൻമാരുടെ വാർഷികധ്യാനത്തിൽ പങ്കുവച്ച പ്രഭാഷണങ്ങളുടെ ഒരു സമാഹാരമാണ് 'ദൈവത്തിന്റെ കാറ്റ്'. കാണുന്നതിനപ്പുറം കാണാനും ആ കാഴ്ചക്ക് നിറവും നിനവും പകർന്ന് പൗരോഹിത്യശുശ്രൂഷയെ ദിശാബോധമുള്ള കാറ്റാക്കിമാറ്റാൻ കഴിയുമോയെന്ന ചിന്തകളുടെ തഴുകിത്തലോടലാണ് ഈ ഗ്രന്ഥം പങ്കുവയ്ക്കുന്നത്.

---

*പേജ് 186, വില – ₹ 200/–, പ്രണതാ ബുക്സ്, കൊച്ചി*
*കോപ്പികൾക്ക്: 0484-2390049, 98956 25529*

## ചെമ്പൻപരുന്തും ഉണ്ണിക്കുട്ടനും
### മാക്സിമിൻ നെട്ടൂർ




നവമാധ്യമങ്ങളിൽ അഭിരമിക്കുന്ന ഒരു തലമുറയുടെ വളർച്ചയിൽ, കഥകളും നുറുങ്ങുചിന്തകളുമൊക്കെ വായിക്കുന്ന ശീലം അപ്രത്യക്ഷമായിരിക്കുകയാണ്. കഥ പറഞ്ഞുകൊടുക്കാൻ മാതാപിതാക്കൾക്കോ അധ്യാപകർക്കോ സമയമില്ല. മുത്തച്ഛൻമാരും മുത്തശ്ശിമാരുമൊക്കെയായിരുന്നു പഴയതലമുറയുടെ കഥ പറച്ചിലുകാർ. ഇന്ന് സായന്തനത്തിലെത്തുമ്പോൾതന്നെ അവരെ വയോജനകേന്ദ്രങ്ങളുടെ അകത്തളങ്ങളിലാക്കികഴിഞ്ഞിരിക്കും. ഈയൊരു പശ്ചാത്തലത്തിൽ സ്മാർട്ട് ഇലക്ട്രോണിക് ഉപകരണങ്ങളിൽനിന്നും ശ്രദ്ധ തിരിപ്പിച്ച് കുട്ടികളുടെ ചിന്താദിശയെ നേർവഴിക്ക് നടത്താൻ കഥാപുസ്തകങ്ങൾക്ക് അനിവാര്യമായ സ്ഥാനമുണ്ട്.

ഇത്തരമൊരു സദുദ്ദേശ്യത്തോടെ രചിക്കപ്പെട്ടിരിക്കുന്ന കുട്ടിനോവലാണ് ചെമ്പൻപരുന്തും ഉണ്ണിക്കുട്ടനും. ഉണ്ണിക്കുട്ടൻ എന്ന കേന്ദ്രകഥാപാത്രത്തോടൊപ്പം മൃഗങ്ങളും പക്ഷികളും ഇതിൽ കഥാപാത്രങ്ങളായി എത്തുമ്പോൾ കുട്ടിമനസ്സുകളെ ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും ഉതകുന്നവിധത്തിലാണ് രചന നിർവഹിച്ചിരിക്കുന്നത്. വളർച്ചയോടൊപ്പം പാരിസ്ഥിതികബന്ധങ്ങളും സ്നേഹവും രൂഢമൂലമാകുന്നതിനും ഈ ചെറുനോവൽ പ്രേരകമാവും. ഒൻപത് ലഘു അധ്യായങ്ങളിലായി സന്നിവേശിപ്പിച്ചിരിക്കുന്ന കഥയും കാര്യത്തിനുമൊപ്പം വായനയുടെ ആകർഷകത്വത്തിനായി മനോഹരചിത്രങ്ങളും ഉൾപ്പെടുത്തിരിയിരിക്കുന്നു.

---

*പേജ് 66, വില – ₹ 70/–, എച്ച് അൻഡ് സി ബുക്സ്, കൊച്ചി*
*കോപ്പികൾക്ക്: 90727 33335*


www.malankaralibrary.com

# SISTERS OF THE HOLY CROSS



കാലത്തിന്റെ ആവശ്യങ്ങളറിഞ്ഞ് ദൈവഹിതം കണ്ടെത്തി യേശുവിന്റെ അനുകമ്പാർദ്ര സ്നേഹം പങ്കുവയ്ക്കുന്നതിനായി 1844 – ൽ വിശുദ്ധ കുരിശിന്റെ ആദ്ധ്യാത്മികതയിൽ സ്ഥാപിതമായ സഭാസമൂഹമാണ് **സിസ്റ്റേഴ്സ് ഓഫ് ഹോളിക്രോസ്,** കൊട്ടിയം, കൊല്ലം

സമർപ്പണജീവിതത്തിനെതിരെ വെല്ലുവിളികൾ ഉയരുമ്പോഴും ആത്മീയ കരുത്തോടെ ക്രിസ്തു സ്നേഹത്തെപ്രതി ജീവിതം സ്വയം സമർപ്പിക്കുന്ന ഈ സന്ന്യാസസമൂഹാംഗമായി ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ പ്രേഷിതശുശ്രൂഷ ചെയ്യാൻ ആഗ്രഹിക്കുന്ന സഹോദരിമാർ ബന്ധപ്പെടുക.



**Vocation Promoter,**
**Provincialate, SISTERS OF THE HOLY CROSS**
**Hospital Rd, Kollam - 691 001, Ph: 0474-2742050, 9497294238**

---

Ad Majorem Dei Gloriam
" ദൈവത്തിന്റെ ഉപരിമഹത്വത്തിന് വേണ്ടി "

# ഈശോസഭ THE JESUITS

വി. ഇഗ്നേഷ്യസ് ലയോളയുടെയും വി. ഫ്രാൻസിസ് സേവ്യറിന്റെയും ആദ്ധ്യാത്മിക ചൈതന്യവും പ്രേഷിത തീക്ഷ്ണതയുമുൾക്കൊണ്ട് ഈശോസഭയിൽ ചേർന്ന് പ്രവർത്തിക്കാൻ നിങ്ങൾക്കിഷ്ടമാണോ?

വില നോക്കാതെ കൊടുക്കാൻ, മുറിവു മറന്നു പോരാടാൻ, വിശ്രമം തേടാതെ പ്രയത്നിക്കാൻ, പ്രതിഫലം നോക്കാതെ അദ്ധ്വാനിക്കാൻ നിങ്ങൾ തയ്യാറാണോ? എങ്കിൽ... **ഈശോസഭ നിങ്ങളെ ക്ഷണിക്കുന്നു.**

Finding
New Frontiers
With Fire And
In Companionship

**വിദ്യാഭ്യാസ യോഗ്യത: SSLC/+2/ Degree/ PG/ Above**

കൂടുതൽ അറിയാൻ താൽപര്യമുള്ള പ്രോവിൻസുകളുമായി ബന്ധപ്പെടുക.

**KERALA PROVINCE**
**Fr. Xavier Tharamel S.J**
**Vocation Director**
Sameeksha Jesuit House
Kalady- 683 574, EKM.Dt.
Mobile & W/app: 8606528394
E-mail:xaviertsj@gmail.com

**Fr. Dominic Madathaniyil S.J**
Mobile & W/app: 9496922046

**Fr. Deepak Edathu S.J.,**
Mobile & W/app: 9747950322

**Fr. Prince Clarence S.J.,**
Mobile & W/app: 8281093954

**GUJARAT PROVINCE**
**Fr. Jobin Kaniyarakath S.J.,**
Mobile & W/app: 8758884359

**DARJEELING PROVINCE**
**Fr. Santy Mathew S.J,**
Mobile & W/app: 7407407979

**DELHI PROVINCE**
**Fr. Jijimon S.J.,**
Mobile & W/app: 9944292560

**PUNE PROVINCE**
**Fr. Thomas Kozhamthadam S.J.,**
Mobile & W/app: 08483023859, 9881081245

**CULCUTTA PROVINCE**
**Fr. Sunny George Kunnel S.J.,**
Mobile & W/app: 8697126461

**NEPAL REGION**
**Fr. Boby Joseph Thadathil S.J.**
Mobile & W/app: 00977-9841509432,
e-mail: bobthadathil@yahoo.co.in

**PATNA PROVINCE**
**Fr. Cebin Thumbamattathil S.J,**
Mobile & W/app: 7760364405




www.keralajesuits.org
vocationpromoterkerala@gmail.com

www.malankaralibrary.com

NEW ARRIVAL

## കോവിഡിന്റെ അസ്വസ്ഥതകളിലും വിശ്വാസദീപ്തി തെളിക്കുന്ന മഹനീയ ഗ്രന്ഥം






ഫാ. കുര്യാക്കോസ് മുഞ്ഞേലി MCBS

## മഹാരഹസ്യത്തിന്റെ വിഹായസ്സിലേക്ക്

സഭയെ സ്നേഹിക്കാനും
സഭയുടെ
ആരാധനക്രമജീവിതത്തിലും
ആധ്യാത്മികതയിലും
ശരിയായ
ബോധ്യത്തോടെ വളരാൻ
ദൈവജനത്തെ സഹായിക്കുന്ന
ഈടുറ്റ ഗ്രന്ഥം.
പുരോഹിതരും
ദൈവാലയ ശുശ്രൂഷകരും
ദൈവജനവും
പൂർണമായി ഉൾക്കൊള്ളേണ്ട
മഹാരഹസ്യം.

വില
₹ 100/-


കോപ്പികൾക്ക് :
+91 8281773551

EMMAUS PUBLICATIONS
Perumanoor P.O., Kochi - 15
Ph: 0484-2663933, 2664733
e-mail : emmauspublications9634@gmail.com


www.malankaralibrary.com

Date of Publication: 13.06.2021 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
**Total Pages 55**


# ഇപ്പോൾ വിപണിയിൽ




പ്രവാചകശബ്ദം
ഇന്നും നിലച്ചിട്ടില്ല.
കാലഘട്ടം സർവാശ്ലേഷിത
മാക്കിവച്ചിരിക്കുന്ന
ചതുർമുഖങ്ങളെ
ഏകതാനതയിൽ
ദർശിക്കാതെ
നേരിന്റെ ശബ്ദമായി
നിരീക്ഷിച്ചും പ്രതികരിച്ചും
പ്രാർത്ഥിച്ചും മുഴക്കുന്ന
നേരറിവുകളുടെ
അക്ഷരക്കൂട്

## ധർമ്മരവം

വില
₹100/-

കാരുണികൻ ചീഫ് എഡിറ്റർ
**ഫാ. ജോയി ചെഞ്ചേരിൽ MCBS** ന്റെ
സാമൂഹികപ്രതിബദ്ധത
ഉൾക്കൊണ്ട
ഈടുറ്റഗ്രന്ഥം.

**EMMAUS PUBLICATIONS**
Perumanoor P.O., Kochi - 15
Ph: 0484-2663933, 2664733
e-mail : emmauspublications9634@gmail.com

കോപ്പികൾക്ക് :
**+91 8281773551**


Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682015, Ernakulam Dt.
www.malankaralibrary.com